Amendments Nos. 6 to 8 are the same. Also amendment No. 13 is the same as No. 12. I would therefore suggest that amendments Nos. 1 to 5, 8 to 12 and 16 to 18 and 20 be moved formally by the respective Members who have given notice of these amendments. Then the motion as well as the amendments will be before the House and all Members can take part in the discussion.

It will be convenient for the Chair, with a view to regulating the discussion if Leaders of Parties would furnish the Chair with a list of speakers from their Parties.

I now call upon Mr. C. A. Mathew to move the motion of thanks.

Motion expressing thanks to His Highness the Rajpramukh for his address.

SHRI C. A. MATHEW: Sir, I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"May it please Your Highness,

We, the members of the Legislative Assembly beg leave to thank your Highness for the Address delivered to this Assembly".

സർ, രാജപ്രമുഖൻ തിരുമേനി രണ്ടു ദിവസത്തിനു മുമ്പ്, അതായതു് 27–ാംതീയതി ഈ നിയമസഭാസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു ചെയ്ത ആ നയപ്രഖ്യാപനപ്രസംഗത്തെ ആസ്പദമാക്കി ഈ കൃതജ്ഞതാപ്രമേയം ഞാൻ ബഹുമാനപ്പെട്ട സഭയുടെ പരിഗണനയ്ക്കും അനുമതിക്കും വേണ്ടി അവതരിപ്പിക്കുമ്പോൾ ഇതിനിടയിൽതന്നെ ഈ പ്രസംഗത്തെപ്പറ്റി ഉന്നയിക്കപ്പെട്ടിട്ടുള്ള വിമർശനങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല. പുരോഗമനപരങ്ങളായ യാതൊരു പരിപാടികളും ഉൾപ്പെടാത്ത ഒരു ഒഴുക്കൻ പ്രസംഗമായിരുന്നു രാജപ്രമുഖൻ തിരുമേനി ഇവിടെ ചെയ്തതെന്നു ഈ സഭയിലെ സമുന്നതന്മാരായ ചില മെമ്പറന്മാർപോലും പറയുകയുണ്ടായി. രാജപ്രമുഖൻ തിരുമേനി നയപ്രഖ്യാപനം ചെയ്ത അവസരത്തിൽ ഗവണ്മെൻറിന്റെ കഴിഞ്ഞ ഒരു ചെല്ലത്തെ ചെയ്തികൾ എന്തെല്ലാമായിരുന്നു എന്നും, അടുത്ത ഒരു കൊല്ലം ഈ ഗവണ്മെൻറ് എന്തുചെയ്യാനുദ്ദേശിക്കുന്നു എന്നും ഉള്ളതിനെപ്പറ്റി ചില സൂചനകൾ മാത്രം നൽകുകയാണുണ്ടായതു്. ഒരു നയപ്രഖ്യാപനവേളയിൽ, ഇന്നത്തെ പ്രത്യേക സാഹചര്യം വച്ചുനോക്കുമ്പോൾ, ഇതിൽ കൂടുതലായി എന്തു പറയാൻ കഴിയുമെന്നു ഞാൻ ചോദിക്കുന്നു. എന്തെങ്കിലും പോരായ്മകൾ ആ പ്രസംഗത്തിലുണ്ടെങ്കിൽ, നയപ്രഖ്യാപനത്തിന്റെ പോരായ്മയല്ല, പ്രത്യുത, പാർലമെൻറിറി സംപ്രദായത്തിനു നമ്മുടെയിടയിൽ കടന്നുകൂടിയിട്ടുള്ള ചില വൈകല്യങ്ങളാണ് അതിനു കാരണം. പാർട്ടി താൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പുര്യങ്ങൾക്കപ്പുറത്തു രാജ്യത്തിന്റെ താൽപ്പര്യങ്ങൾ കാണുവാനുള്ള കഴിവു് നമ്മുടെ പാർട്ടി നേതാക്കന്മാരുടെ ഇടയിൽ വളരെ വിരളമായിട്ടേ അനുഭവപ്പെട്ടുന്നുള്ളൂ. നാടിന്റെ നന്മയും നാട്ടുകാരുടെ ക്ഷേമവും വൈരുദ്ധ്യത്തിനുവേണ്ടിയായിരിക്കണം പാർട്ടി പ്രവർത്തനത്തിന്റെ ലക്ഷ്യം കേന്ദ്രീകരിക്കേണ്ടതെന്നുള്ള തത്വം പലരും വിസ്മരിച്ചുപോകുന്നു്, പാർട്ടിക്കുവേണ്ടിയാണു് സകലതും, പാർട്ടിയാണു സർവ്വസ്വവും എന്ന ഒരു വീക്ഷണഗതി കൈക്കൊള്ളുന്നതാണു് ഇതിനു കാരണമെന്നു പറയേണ്ടിരിക്കുന്നു. എതിർപക്ഷങ്ങൾ എതിർപ്പിനുവേണ്ടി എന്തിനേയും എതിർക്കുന്ന ഒരു മനോഭാവമാണു് നാളതുവരെ കാണിക്കുന്നതു്. ഇപ്രകാരമുള്ള ഒരു രാഷ്ട്രീയ പാപ്പരത്വമാണു് രാജപ്രമുഖൻ തിരുമേനിയുടെ നയപ്രഖ്യാപനത്തെ സംബന്ധിച്ചുള്ള ഞാൻ മുമ്പു പറഞ്ഞ വിമർശനങ്ങളിൽ പ്രകടമായിക്കണ്ടതു്.

കഴിഞ്ഞ 22–ാംതീയതി രാജപ്രമുഖൻ തിരുമേനി ഇവിടെ ചെയ്ത നയപ്രഖ്യാപനപ്രസംഗത്തിൽ കഴിഞ്ഞ ഒരു വർഷമായി ഈ ഗവണ്മെൻറു് എന്തെല്ലാം നല്ല കാര്യങ്ങളാണു് ഈ നാടിനുവേണ്ടി ചെയ്തതു് എന്നുള്ളതിനെ സംബന്ധിച്ചു് ഒരു സൂചനയുണ്ടു്. 1955 ജനുവരി 22-ാംതീയതി രാജപ്രമുഖൻതിരുമേനി ഇതുപോലെ ഒരു പ്രസംഗം ഈ സഭയിൽ ചെയ്തിട്ടുണ്ടായിരുന്നു. അന്നു് ഇവിടെ അധികാരത്തിൽ ഇരുന്നതു്, ഇന്നധികാരത്തിലിരിക്കുന്ന ഗവണ്മെൻറായിരുന്നില്ല, ഇതിനു മുമ്പു ഭരിച്ചിരുന്ന പി. എസ്. പി. ഗവണ്മെൻറായിരുന്നു. ആ പ്രസംഗത്തിൽ ഉടനടിയിരുന്ന എല്ലാ നല്ല കാര്യങ്ങളും നടപ്പിലാക്കുന്നതിനു് ഈ ഗവണ്മെൻറു് അക്ഷീണം പരിശ്രമിച്ചിട്ടുണ്ടെന്നുള്ള ഇപ്പോഴത്തെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതാണു്. എതെല്ലാം നല്ല കാര്യങ്ങളാണു് ആ പ്രസംഗത്തിലുൾപ്പെടുത്തിയിരുന്നതു് എന്നു ആ പ്രസംഗം വായിച്ചുനോക്കി മനസ്സിലാക്കുകയും ഈ ഗവണ്മെൻറിന്റെ കഴിഞ്ഞ ഒരു കൊല്ലത്തെ നടപടികളും നല്ലപോലെ പരിശോധിക്കുകയും ചെയ്യുകയാണെങ്കിൽ എല്ലാ നല്ല കാര്യങ്ങളും നടപ്പിലാക്കുകയോ, നടപ്പിലാക്കിക്കൊണ്ടിരിക്കുകയോ ചെയ്യുന്നതായി കാണാൻ കഴിയും. ഇതു് തികച്ചും ആശാവഹമായ ഒരു കാര്യമാണെന്നും, ഇങ്ങനെ നല്ല കാര്യങ്ങൾ നടപ്പിലാക്കുവാൻ വ്യഗ്രതയോടുകൂടി കഴിഞ്ഞുകൂടുന്ന ഈ ഗവണ്മെൻറു് ഇത്തവണയും രാജപ്രമുഖൻ തിരുമേനി ചെയ്ത നയപ്രഖ്യാപനത്തിലടങ്ങിയിട്ടുള്ള പരിപാടികൾ നടപ്പിലാക്കുമെന്നും വിശ്വസിക്കാവുന്നതാണു്.

രാജപ്രമുഖൻ തിരുമേനി ചെയ്ത നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ ഭാഗങ്ങളേയും പറ്റി വിസ്തരിച്ചു പ്രതിപാദിക്കുവാൻ ഞാനിവിടെ ഒരുങ്ങുന്നില്ല. പ്രസക്തങ്ങളായ ചില ഭാഗങ്ങൾ മാത്രം ഉദ്ധരിച്ചുകൊണ്ടു് ഈ സഭയിലെ എല്ലാ കക്ഷികളുടേയും താൽപ്പര്യങ്ങൾ ആ നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുവാൻ എനിക്കു സാധിക്കും. ആ പ്രസംഗത്തിൽ ഏറ്റവും പ്രധാനമായ ഭാഗം ഭൂനയസംബന്ധമായ കാര്യങ്ങളാണു്. ഇവിടത്തെ ഭൂനയപ്രശ്നം ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതി നടപ്പിലാക്കുന്നതിനു അനുകൂലമായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിനുവേണ്ടി തന്റെ ഗവണ്മെൻറു് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു രാജപ്രമുഖൻ തിരുമേനി അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഭൂനയം സംബന്ധിച്ചു് കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊല്ലമായി ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികൾ പരിശോധിച്ചാൽ, തീച്ചയായും രാജപ്രമുഖൻ തിരുമേനിയുടെ നയപ്രഖ്യാപനത്തിനടിസ്ഥാനമായ പരിപാടികൾ ഗവണ്മെൻറ് സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു എന്നു് കാണാവുന്നതാണു്. കഴിഞ്ഞ അസംബ്ലിയിൽ, അന്നിരുന്ന പി. എസ്. പി. ഗവണ്മെൻറ് ഭൂനയ സംബന്ധമായി ആറേഴു ബില്ലുകൾ അവതരിപ്പിക്കുകയുണ്ടായി. ആ ബില്ലുകൾ നിയമമാക്കുന്നതിനു അതിനുശേഷം വന്ന ഗവണ്മെൻറ് അങ്ങേയറ്റം പരിശ്രമിച്ചിട്ടുണ്ടു്. അതിൽ പ്രധാനമായ രണ്ടുമൂന്നു ബില്ലുകൾ വേണ്ടത്ര പുരോഗമനാത്മകമായ വ്യതിയാനങ്ങളോടുകൂടി ഈ സഭയിൽ പാസ്സാക്കി എടുക്കുന്നതിനു ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ടു്. നാട്ടിലെ അനേകം ചെറുതരം കൃഷിക്കാർക്കു് അവർ കൃഷിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്ന ഇടവക ബില്ലു് നിയമമാക്കിത്തീർത്തതു്, ഭൂനയ ബില്ലുകൾ കഴിയുന്നതും വേഗം നിയമമാക്കിത്തീർക്കുന്നതിനുള്ള ഗവണ്മെൻറിൻെറ അഭിനിവേശത്തിൻെറ പരിണതഫലമായി ഭാവി തലമുറപോലും ഉൽഘോഷിക്കുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ഇടവക ഉടമസ്ഥന്മാർക്കു് ഇതിലേക്കു് ഒരു പ്രതിഫലം നൽകുവാൻ ആ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അതും ചില പ്പോൾ കടമായി നിറുത്തിക്കൊണ്ടു് ഇടവക അധിപന്മാരുടെ അവകാശം കർഷകർക്കു വിട്ടുകൊടുക്കുന്നതിൽ ഗവണ്മെൻറ് പ്രദർശിപ്പിച്ച ഔൽസുക്യവും തൻേറടവും എല്ലാ രാജ്യസ്നേഹികളേയും എല്ലാ കർഷകസ്നേഹികളേയും പുളകംകൊള്ളിക്കുന്നതിനു പര്യാപ്തമാണു്.

മറ്റൊന്നു, കുടികിടപ്പുകാർക്കു് കുടിക്കിടപ്പിനു പരിപൂർണ്ണമായ സ്ഥിരാവകാശം നൽകിക്കൊണ്ടു് ഈ ഗവണ്മെൻറ് പാസ്സാക്കി എടുത്ത ആ ബില്ലു് ഗവണ്മെൻറിൻെറ ഭൂനയപരമായ നയത്തെ സവിശേഷം പ്രത്യക്ഷമാക്കുന്നു എന്നുള്ളതാണു്. ഈ വിഷയത്തിൽ ഗവണ്മെൻറ് എന്തെല്ലാം ചെയ്തു, എന്തെല്ലാം ചെയ്യും, എന്തെല്ലാം ചെയ്യാൻ പോകുന്നു എന്നുള്ളതിൻെറ ഒരു ചൂണ്ടുപലകയായിട്ടു ഇതിനെ കണക്കാക്കാം. വേറെയും ബില്ലുകൾ ഗവണ്മെൻറിൻെറ ആലോചനയിലുണ്ടു്. പഴയ ബില്ലുകളുടെ അനുഭവത്തിൽ നോക്കുമ്പോൾ ഇനി പാസ്സാക്കിയെടുക്കുവാനുള്ള ബില്ലുകളും കഴിയുന്നതും വേഗത്തിൽ പാസ്സാക്കിയെടുക്കുവാൻ ഗവണ്മെൻറ് പരിശ്രമിക്കുമെന്നു വിശ്വസിക്കാവുന്നതാണു്. സെലക്ട് കമ്മിറ്റികളിൽപ്പെട്ട ചില ആളുകൾക്കു് അതിൽ പരിപൂർണ്ണ ബോദ്ധ്യമുണ്ടെന്നു എനിക്കറിയാം. ഗവണ്മെൻറിനു് ഈ സെലക്ട് കമ്മിറ്റികളിൽ വേണ്ടത്ര ഭൂരിപക്ഷമില്ലെങ്കിലും ആ കമ്മിറ്റികളിൽ ഈ ബില്ലുകൾ പാസ്സാക്കിയെടുക്കുന്നതിനു വളരെ അധികം വ്യഗ്രത കാണിക്കുന്നുണ്ടെന്നു ആരെന്തൊക്കെ പറഞ്ഞാലും പലർക്കും അറിവുള്ളതാണു്. അതുകൊണ്ടു് ചില മാറ്റങ്ങളോടും പരിഷ്കാരങ്ങളോടുംകൂടി ഭൂനയ ബില്ലുകളെല്ലാം തന്നെ പാസ്സാക്കിയെടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് മുമ്പോട്ടു പോവുകതന്നെ ചെയ്യുമെന്നാണു് രാജപ്രമുഖൻ തിരുമേനിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്. ഗവണ്മെൻറിൻെറ കഴിഞ്ഞ ഒരു കൊല്ലത്തെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നപക്ഷം, അതിൽ ആക്ഷേപത്തിനു അവകാശമില്ലെന്നും കാണാവുന്നതാണു്. ആ നിലയ്ക്കു് അങ്ങനെ ഒരു പ്രസംഗം ചെയ്തതിൽ രാജപ്രമുഖൻ തിരുമേനിയോടുള്ള നമ്മുടെ കൃതജ്ഞതാരേഖ ഉറപ്പിക്കേണ്ടതു് ആത്യാവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം ലാൻഡ് കമ്മീഷനെ സംബന്ധിച്ചുള്ള ആ നിർദ്ദേശമാണ്. ശ്രീ. മഞ്ഞനാഥപ്പിള്ള ഇവിടെ അഭിപ്രായപ്പെട്ടതുപോലെ അതിന്റെ മലയാളം തർജ്ജിമയിൽ ആ ഭാഗം എങ്ങിനയോ വിട്ടുകളഞ്ഞതുകൊണ്ട്, ആ ഭാഗത്തിനു എല്ലായിടത്തും വേണ്ടത്ര പ്രചരണം ലഭിച്ചിട്ടില്ലായിരിക്കാം. അതിനെപ്പറ്റി പ്രസംഗത്തിൽ ഒരു ചെറിയ പാരഗ്രാഫ് മാത്രമെയുള്ളുവെങ്കിലും വളരെ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന ഒരേർപ്പാടാണ് അത് എന്നുള്ളതു് തർക്കമറ്റ സംഗതിയാണ്. ഈ നാട്ടിലെ ഭൂമിയില്ലാത്ത അനേകം കർഷകർക്ക് ഭൂമി നൽകത്തക്ക സൗകര്യം ലഭിക്കുവാൻ പര്യാപ്തമായ ഒരു പ്രധാന കാര്യമാണ് ലാൻഡ് കമ്മീഷന്റെ നിയമനം എന്നു പറയാം. പല കാരണങ്ങളാൽ നമ്മുടെ ഭൂവുടമ സംപ്രദായത്തിനു പലവിധത്തിലുള്ള വൈകല്യങ്ങൾ വന്നുചേർന്നിട്ടുണ്ട്. ഏതെല്ലാം ഭൂമി, ആരുടെയെല്ലാം കൈവശത്തിലിരിക്കുന്നു, ഈ സംസ്ഥാനത്തുള്ള ഭൂമിയിൽ എത്ര ഏക്കർ വനവിഭാഗം ഉണ്ട്, എത്ര ഏക്കർ തരിശുഭൂമിയായി കിടക്കുന്നു എന്നൊന്നും അറിയുവാൻ നിർവാഹമില്ലാതെ ഇവിടത്തെ ഭൂപ്രശ്നം ഇന്നും ഒരു സങ്കീർണ്ണപ്രശ്നമായി അവശേഷിച്ചിരിക്കുകയാണ്. നമ്മുടെ വനങ്ങളിൽനിന്നു അനേകം ഏക്കർ സ്ഥലം ഗ്രോ മോർ ഫുഡ്സിനുവേണ്ടി പാട്ടത്തിനു കൊടുത്തിട്ടുണ്ട്. അന്നത്തെ അടിയന്തിരമായ ആവശ്യത്തെ തരണം ചെയ്യുന്നതിനുവേണ്ടിയാണ് ഇങ്ങനെ സ്ഥലങ്ങൾ പാട്ടത്തിനു കൊടുത്തത്. പ്രത്യേക പരിഗണനകളൊന്നും നോക്കാതെ അനേകം സ്ഥലങ്ങൾ അന്നത്തെ ആവശ്യംകൊണ്ടു കൊടുക്കയുണ്ടായി. ഇതുകൊണ്ടു് വളരെയധികം പ്രയാസങ്ങൾ ഇന്നു നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ ഏക്കറിനു് ഏഴു രൂപ വച്ചു് പാട്ടം കൊടുക്കേണ്ടതുണ്ടെങ്കിൽ മറ്റു ചില സ്ഥലങ്ങളിൽ ഏക്കറിനു് 150.- 200.- രൂപയാണു് പാട്ടം കൊടുക്കേണ്ടതു്. ഇപ്പോൾ ഭക്ഷ്യസാധനങ്ങൾക്കുള്ള വിലക്കുറവുകൊണ്ടു് നിർണ്ണയിക്കപ്പെട്ട പാട്ടം കൊടുക്കുന്നതിനുള്ള കഴിവു് ഇന്നു് പല കർഷകർക്കും ഇല്ല. അതിനാൽ പലർക്കും ആ സ്ഥലങ്ങളിൽനിന്നും ഇറങ്ങിപ്പോകേണ്ടയാവശ്യം വന്നിരിക്കുകയാണ്. കൊടുപുഴ താലൂക്കിൽ അനേകം കർഷകർ ഇങ്ങനെ സ്ഥലം വീട്ടവരായിട്ടും സ്ഥലം വിടാനുദ്ദേശിക്കുന്നവരായിട്ടും ഉണ്ട്. അവർക്കവിടെ യാതൊരു സൗകര്യവും കിട്ടാതെ അവരുടെ പണവും അവരുടെ പ്രയത്നവും ഒരുതരത്തിലും പ്രയോജനപ്പെടാതെ ഏറ്റവും നിരാശയോടുകൂടി ആ സ്ഥലത്തിൽനിന്നും ഇറങ്ങിപ്പോകുന്നതിനു പല കൃഷിക്കാരും നിർബന്ധിതരായിത്തീർന്നിട്ടുണ്ട്. ഈ ഗ്രോ മോർ ഫുഡ്സിന്റെ പേരിൽ അനധികൃതമായ വസ്തു മേയ്റ്റവും നടന്നിട്ടുണ്ട്. എത്ര ഏക്കർ സ്ഥലങ്ങളാണ് ഇങ്ങനെ അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്നതു് എന്നുള്ളതിനെപ്പറ്റി ഗവണ്മെന്റിനു യാതൊരു എസ്റ്റിമേറ്റും പിടിയുമില്ല.

വളരെയധികം വിലയുള്ള തടികൾ മുറിയിട്ടു നശിപ്പിച്ചതുമൂലം ഗവണ്മെന്റിനു് ഭീമമായ ഒരു തുക നഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. ഗവണ്മെന്റ് പുറമ്പോക്കുകൾ ഏഴു ലക്ഷം ഏക്കറോളം ഉണ്ടെന്നു് ഗവണ്മെന്റ് കണക്കുകളിൽനിന്നും കാണാവുന്നതാണ്. ഇപ്രകാരമുള്ള ഭൂമിയിൽ ഒരിഞ്ചുപോലും വെറുതെയിടാതെ കൃഷിചെയ്യുന്നതിനു് ക്ഷേമവും, ഐശ്വര്യവും വർദ്ധിപ്പിക്കുക എന്നുള്ളതായിരിക്കണം നമ്മുടെ എല്ലാവരുടെ

ടേയും ഉദ്ദേശം. ഇന്ന് ചെറിയ ചെറിയ കൃഷിസ്ഥലങ്ങൾ സാധുക്കൾക്കു പതിച്ചുകൊടുത്തിട്ടുണ്ടെങ്കിൽത്തന്നെയും വലിയ ഭൂഉടമകൾ അവരെ ഭീഷണിപ്പെടുത്തിയും മറ്റും അവരിൽനിന്നും ഭൂമി കൈവശപ്പെടുത്തി വരുന്ന ഒരു സമ്പ്രദായം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് യഥാർത്ഥ കർഷകനു് ഭൂമി കൊടുക്കുന്നതിനുവേണ്ടം ഗവണ്മെൻറ് മുൻകൈയ്യെടുത്തു പ്രവർത്തിക്കേണ്ടതു്. ഭൂമിക്കു വളരെ ദാരിദ്ര്യവും അതേസമയം ജനസംഖ്യ കൂടുതലുമുള്ള നമ്മുടെ സംസ്ഥാനത്തു് ഭൂമിയില്ലാത്ത അനവധി ആളുകൾ, പ്രത്യേകിച്ചു് അദ്ധ്വാനശേഷിയുള്ള അനവധി ആളുകൾ ഭൂമി ഇല്ലാതെ വിഷമിക്കുകയാണ്. അങ്ങനെയുള്ളവർക്കു് തരിശുഭൂമികൾ അളന്നു തിരിച്ചു് കൃഷിക്കായി വിട്ടുകൊടുക്കേണ്ടതാണ് സംസ്ഥാനത്തു് ഒരു ഭൂസർവ്വേ നടത്തുന്നത് നോക്കി ഒരു ലാൻഡ് കമ്മിഷനെ നിയമിക്കാൻ പോകുന്നു എന്നു കേൾക്കുന്നതു് ഏതുകൊണ്ടും ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തിയാണെന്നു എനിക്കു പറയാൻ കഴിയും. മാത്രമല്ല, ഉൽപാദനത്തിനുവേണ്ടി ചെറുകിടക്കാർക്കു് പതിച്ചുകൊടുക്കുന്നതിനായി പതിനായിരം ഏക്കർ സ്ഥലം കൂടി ഗവണ്മെൻറിൽനിന്നും വിട്ടുകൊടുക്കാൻ പോകുന്നു എന്നു് കാണുന്നതും സന്തോഷാവഹമായ ഒരു കാര്യമാണ്. കൃഷിക്കു് അനുയോജ്യമായ ഭൂവിഭാഗങ്ങൾ ഏതെല്ലാമാണെന്നും എത്രത്തോളം ഭൂമികൾ സാധുക്കൾക്കു് കൃഷിക്കായി വിട്ടുകൊടുക്കാൻ സാധിക്കുമെന്നും തിട്ടപ്പെടുത്തുന്നതിനുവേണ്ടിയാണ് ഒരു ലാൻഡ് കമ്മിഷനെ നിയമിക്കുന്നതെങ്കിൽ യഥാർത്ഥത്തിൽ നമ്മുടെ പ്രതീക്ഷയിൽ കവിഞ്ഞു ഭൂവിതരണം നടത്താൻ ഈ കമ്മിഷനുടെ നിയമനം മുഖാന്തിരം സാധിക്കുമെന്നതതെയാണ് ഞാൻ വിചാരിക്കുന്നതു്. ഭൂമിയില്ലാത്തവർക്കു് കൃഷിഭൂമി നൽകുന്ന ഒരു നയം ഗവണ്മെൻറ് കൈയ്ക്കൊള്ളുന്നതു് സംസ്ഥാനത്തുള്ള സാധുക്കൾക്കു് ഒരനുഗ്രഹമായിരിക്കുമെന്നതിനു സംശയമില്ല. അതേയവസരത്തിൽ കൃഷിക്കായി കൊടുക്കുന്ന ചെറിയ ചെറിയ ഭൂമികൾ വലിയ ഭൂഉടമകളുടെ കയ്യിലകപ്പെട്ടു പോകാതിരിക്കാൻകൂടി ഗവണ്മെൻറ് ശ്രദ്ധിക്കുന്നതായാൽ ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളവും വിശേഷിച്ചും ഭൂമിയില്ലാത്ത സാധു കർഷകരെ സംബന്ധിച്ചിടത്തോളവും അവർക്ക് ഒരനുഗ്രഹമായിരിക്കുമെന്നു എനിക്കു പറയാൻ കഴിയും. അങ്ങനെ ലാൻഡ് കമ്മീഷനർ ശരിയായ വിധത്തിൽ സംസ്ഥാനത്തിന്റെ പുറമ്പോക്കു ഭൂമികളും മറ്റും തിട്ടപ്പെടുത്തി കർഷകർക്കു് ഒരു ഇക്വിറബിൾ ഡിസ്ട്രിബ്യൂഷൻ നടത്തുന്നതായാൽ സംസ്ഥാനത്തുള്ള ഭൂപ്രശ്നത്തിനു് സാരമായ പരിഹാരം ഉണ്ടാകുന്നതാണ്. രണ്ടു വർഷത്തിനുള്ളിൽ ഭൂസർവ്വേയുടെ ജോലി അവസാനിപ്പിക്കുന്നതോടുകൂടി ഭൂനിയന്ത്രിതമായി ഭൂമി കൈവശം വച്ചിട്ടുള്ളവർ ആരെല്ലാമാണെന്നും എത്ര വിസ്തീർണ്ണമുള്ള ഭൂമിയാണ് അങ്ങനെയുള്ളവരെന്നും മറ്റുള്ളവർക്കു മനസ്സിലാക്കാവുന്നതാണ്. മുഖ്യമന്ത്രിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഭൂമിയെ സംബന്ധിച്ചിടത്തോളം തികച്ചും അശാസ്ത്രീയമായ ഒരു പദ്ധതിയാണ് ഇതുവരെ നിലവിലുള്ളതു്. അങ്ങനെ അശാസ്ത്രീയമായ രീതിയെ മാറ്റിമറിച്ചിട്ടു ഭൂവിതരണത്തിനുവേണ്ടി ശാസ്ത്രീയമായ ഒരു പദ്ധതി ആവിഷ്കരിക്കുകയും, ആ ഭൂമിയിലെ ബേസിക് ടാക്സ് എടുപ്പിടുത്തുകയും ചെയ്യാനാണ് വിശേഷിച്ചും ലാൻഡ് കമ്മിഷനുടെ പ്രധാന ജോലി. അങ്ങനെയായിത്തീർന്നാൽ ചെറുകിടക്കാർക്കു വളരെ ആശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല. നമ്മുടെ സംസ്ഥാനത്തുള്ള തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുന്നതിനായി ഗവണ്മെൻറ് പലവഴികളിൽ കൂടി പ്രവർത്തിക്കുന്നുണ്ടെന്നു എനിക്കു പറയാൻ കഴിയും. അതിനാൽ ആണ്ടിൽ ഏകദേശം ഒരു ലക്ഷത്തോളം ജനങ്ങൾ കൂടിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തു തൊഴിലില്ലായ്മ പ്രശ്നത്തിനു് ഒന്നോ രണ്ടോ കൊല്ലംകൊണ്ടു് ശാശ്വതമായ പരിഹാരം കണ്ടെത്താമെന്നു് ഞാൻ പറയുന്നില്ല. എങ്കിലും പുതിയതായി ഉണ്ടാകാൻ പോകുന്ന ലാൻഡ് കമ്മീഷണറുടെ നിയമനംകൊണ്ടു് ഭൂമി സാധുക്കളായ കൃഷ്കരുടെ കൈയിൽ ചെന്നുചേരുന്നതോടുകൂടി കുറേയൊക്കെ പരിഹാരം കാംക്ഷികമായിട്ടുള്ള തൊഴിലില്ലായ്മയ്ക്കു ഉണ്ടാകുമെന്നു ന്യായമായി നമുക്കാശിക്കാവുന്നതാണു്. കൃഷ്കരംഗത്താണു് ഇന്നു തൊഴിലില്ലായ്മ ഏറ്റവും കൂടുതലായിട്ടുള്ളതു്. അതിലേയ്ക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതുമെങ്കിൽ ഇതുകൊണ്ടു മാത്രമായാകുമെന്നു തോന്നുന്നില്ല. എങ്കിലും കുറെയൊക്കെ നമുക്കു ഇതുകൊണ്ടു് പരിഹരിക്കാൻ സാധിക്കുമെന്നു് വിശ്വസിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

അതുപോലെതന്നെ പ്ലാനിംഗ് സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയാകുന്നതോടുകൂടി തൊഴിലില്ലായ്മപ്രശ്നം ഏതാണ്ടൊരുവിധം പരിഹരിക്കപ്പെടുന്നതാണു്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പ്ലാനിംഗിനുവേണ്ടി 30 കോടി രൂപകൊടുക്കുവാൻ നിശ്ചയിച്ചിരുന്നതു് രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ 71 കോടി രൂപയാക്കി ഉയർത്തിയിരിക്കുകയാണു്. ഇത്രയധികം രൂപ കൊള്ളിച്ചിട്ടുതന്നെ തൊഴിലില്ലായ്മ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാൻവേണ്ടിയാണു്. 71 കോടി രൂപ വേണ്ടവിധത്തിൽ വിനിയോഗിക്കുമ്പോൾ അതായതു് വളരെയധികം പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കുമ്പോൾ ഇന്നു് തൊഴിൽരഹിതരായ വളരെയധികം ആളുകൾക്കു് തൊഴിൽ കിട്ടുന്നതാണു്. കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കു് അനുവദിച്ചിട്ടുള്ള തുകയിൽ കുറേഭാഗം വിനിയോഗിക്കാതെ ലാപ്സാക്കികളഞ്ഞതു് ഗവണ്മെൻറിൻെറ അനാസ്ഥകൊണ്ടാണെന്നു ചില ബഹുമാനപ്പെട്ട മെംബർന്മാർ ഇവിടെ പറയുകയുണ്ടായി. എൻെറ അറിവു ശരിയാകുകിൽ, ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ചില പദ്ധതികൾക്കു് അനുവദിച്ചിട്ടുണ്ടായിരുന്നതിൽ കൂടുതൽ തുക ചെലവായിട്ടുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങനെ ചില പ്രോജക്ടുകൾക്കു കൂടുതൽ തുകയും മറ്റു പ്രോജക്ടുകൾക്കു കുറവുമായി ചെലവായിട്ടുണ്ടെങ്കിൽ അനാസ്ഥയുടെ പേരിൽ അവയെ കുറ്റപ്പെടുത്തുന്നതു് ശരിയാണെന്നു തോന്നുന്നില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ മരാമത്തു പണികൾക്കു വേണ്ടിയാണു് ധാരാളം തുക കൊടുത്തിട്ടുള്ളതു്. അതിൻെറ ഉദ്ദേശംതന്നെ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടിയാണു്. സർ, ഏതെങ്കിലും ഇനത്തിൽ കൊള്ളിച്ചിട്ടുള്ള തുക ആ ഇനത്തിനുതന്നെ ചെലവാക്കാതിരുന്നാൽ അതിൻെറ ഉത്തരവാദം ഗവണ്മെൻറിൻെറമേൽ മാത്രമാണു ചുമത്തുന്നതു്. എൻെറ അഭിപ്രായത്തിൽ അങ്ങനെ ഗവണ്മെൻറിനെ കുറ്റാരോപണം ചെയ്യുന്നതു് ശരിയല്ല. കാരണം ഇവിടെ ആണ്ടുതോറും ഗവണ്മെൻറ് മാറിക്കൊണ്ടിരിക്കുന്ന ഒരനുഭവമാണു നമുക്കുള്ളതു്. അങ്ങനെയൊരു പാരമ്പര്യം വച്ചുപുലർത്തുന്നതുകൊണ്ടു് ശരിയായ വിധത്തിൽ പ്രവർത്തനം നടത്തുന്നതിനോ, തൻമൂലം ജനങ്ങൾക്കു് അതിൻെറ ഗുണം അനുഭവിക്കുന്നതിനോ സാധിക്കാതാണിരിക്കുന്നതു്. അങ്ങനെയിരിക്കെ മാറിമാറി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്ന ഗവണ്മെൻറിനെ ഈ കാര്യത്തിൽ കുറ്റപ്പെടുത്തുന്നതു് ശരിയായിരിക്കുകയില്ല. യഥാർത്ഥത്തിൽ ഈ ഉത്തരവാദം ഏറ്റെടുക്കേണ്ടതു് ഇവിടത്തെ രാഷ്ട്രീയ പാർട്ടികളാണു്. സംസ്ഥാനത്തുള്ള വിവിധ പാർട്ടികൾ രാജ്യക്ഷേമത്തെ മുൻനിറുത്തി ഏകോപിച്ചു് പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനം നിമിഷംതോറും പുരോഗമിക്കുന്നതാണു്. മാത്രമല്ല വ്യാവസായികമായിട്ടും, കാർഷികമായിട്ടും തൻമൂലം സാമ്പത്തികമായിട്ടും നമുക്കു ഉയരാൻ സാധിക്കുന്നതാണു്. വ്യാവസായിക പുരോഗമനത്തിനും തൊഴിലില്ലായ്മയുടെ പരിഹാരത്തിനും രണ്ടാംപഞ്ചവത്സരപദ്ധതി മുഖാന്തിരം സാരമായ പരിഹാരം ഉണ്ടാകുമെന്നു രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. വ്യവസായത്തിന്റെ പുരോഗതിക്കും, വികസനത്തിനുമായി പ്രൈവറ്റ് സെക്ടറുകളും ഉൾപ്പെടെ ഒരു ഭീമമായ തുകയാണു് ഈ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതെന്നാണു് ഞാൻ അറിയുന്നതു്.

മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു് സെൻട്രൽ ഗവണ്മെൻറിന്റെ അനുമതിയോടുകൂടി ഇവിടെ ഒരു സ്റ്റോറ്റ് ട്രേഡിംഗ് കാർപ്പൊറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നു രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെയൊരു പദ്ധതി സംസ്ഥാനത്തു നടപ്പിലാകുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തുള്ള ഉൽപ്പന്നങ്ങൾ വർദ്ധിക്കുകയും അതിനനുസരണമായി കയറ്റുമതി വർദ്ധമാനമാകുകയും ചെയ്യുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ പദ്ധതിക്കു് ഇതിനകം ചെലവാക്കിയിട്ടുള്ളതു് ഒരു തുച്ഛമായ തുക മാത്രമാണു്. അതിനു കാരണം വ്യവസായവ്യവകുപ്പു കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള നിയമങ്ങളുടെ മുച്ചുറ്റുതൽകൊണ്ടാണു്. അങ്ങനെയുള്ള നിയമങ്ങളേയും, വ്യവസ്ഥകളേയും സംബന്ധിച്ചു് ഒരു ചെറിയ അയവു വരുത്തുകയാണെങ്കിൽ ഈ പദ്ധതി ക്രമാതീതമായി പുരോഗമിക്കുന്നതാണു്. സർ, ഇതിനിടയിൽ ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അതായതു്, നമ്മുടെ വ്യവസായരംഗങ്ങളിൽ പണിയെടുക്കുന്നതിനു് ആത്മാർത്ഥതയോടും, ത്യാഗബുദ്ധിയോടുംകൂടി ആളുകൾ സന്നദ്ധരാകുന്നില്ല എന്നുള്ളതു് ഖേദകരമായ ഒരു വസ്തുതയാണു്. ഒരു രാജ്യം വ്യാവസായികമായി പുരോഗമിക്കുമെങ്കിൽ മാത്രമേ സാമ്പത്തികമായ കഴിവുണ്ടാകയുള്ളൂ. അങ്ങനെ നോക്കിയാൽ സംസ്ഥാനത്തെ വ്യവസായരംഗം ഇനിയും വളരെ വിപുലമാകേണ്ടതുണ്ടു്. സ്റ്റോറ്റ് ട്രേഡിംഗ് കാർപ്പൊറേഷൻ മുഖാന്തിരം വായ്പ ലഭിക്കാനുള്ള ഏകദേശം 480 അപേക്ഷകൾ ഉണ്ടായിരുന്നിട്ടും അതിൽ 240 അപേക്ഷകൾ മാത്രമേ പൂരിപ്പിച്ചുകൊടുക്കാൻ സാധിച്ചിട്ടുള്ളൂ. അതായതു് ശരിയായ ഉറപ്പിന്മേൽ പണം വാങ്ങുന്നതിനു് അധികം അപേക്ഷകർക്കും കഴിഞ്ഞിട്ടില്ല എന്നുള്ളതാണു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഇതിലേയ്ക്കുള്ള വ്യവസ്ഥകൾക്കു അല്പം അയവു വരുത്തേണ്ടതാണെന്നു്. സർ, മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു് മാർക്കറ്റിംഗ് സൊസൈറ്റി, ഡിസ്ട്രിബ്യൂഷൻ സൊസൈറ്റി ഇങ്ങനെ പൊതുജനക്ഷേമത്തെ ആസ്പദമാക്കി വ്യവസായരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പരിപാടികൾ ആസൂത്രണം ചെയ്യുന്നുവെന്നു് രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. ഈവക കാര്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറ് ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നതാണെന്ന ഉറപ്പിച്ചു പറഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിൻറെ പ്രസംഗത്തെ പുരസ്കരിച്ച് നമ്മുടെ ഗവണ്മെൻറ് നിസ്സ്വാർത്ഥതയോടും, ആത്മാർത്ഥതയോടുംകൂടി പ്രവർത്തിക്കുമെന്നു വിശ്വസിക്കാവുന്നതാണ്. തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ ഫാക്ടറികളിൽ ഉണ്ടാകുന്ന തൊഴിൽക്കുഴപ്പങ്ങളെ മുതലാളിമാർ വളർത്തിക്കൊണ്ടുപോരാതെ നിയന്ത്രിക്കുന്നതിനും അവ സംബന്ധിച്ച് ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുംമറ്റും വ്യവസ്ഥകൾ ചെയ്തിട്ടുള്ളതിനും പുറമേ സംസ്ഥാനത്തു ഈ അടുത്തകാലത്തു് മൂന്നു തൊഴിൽക്കോടതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു തൊഴിൽക്കോടതി മാത്രമുണ്ടായിരുന്ന അവസരത്തിൽ തൊഴിൽത്തർക്കങ്ങൾക്കു് പെട്ടെന്നൊരു പരിഹാരം ഉണ്ടാക്കിക്കൊടുക്കാൻ സാദ്ധ്യമല്ലാതെ വന്നതുകൊണ്ടു തൊഴിലാളികളെ ഉദ്ദേശിച്ച് ഇപ്പോൾ മൂന്നു തൊഴിൽക്കോടതികളുണ്ടു് നിർമ്മിച്ചിട്ടുള്ളതു്. എറണാകുളത്തും, ആലപ്പുഴയും, തിരുവനന്തപുരത്തുമുള്ള തൊഴിൽക്കോടതികൾ അവയുടെ ത്വരിതമായ പ്രവർത്തനങ്ങൾമൂലം തൊഴിലാളികൾക്കു പ്രതീക്ഷയിൽ കവിഞ്ഞ ആശ്വാസമാണ് നൽകിയിട്ടുള്ളതു്. തൊഴിലാളികളെ സംബന്ധിച്ചുള്ള ഹൗസിംഗ് സ്കീമും വേണ്ട വിധത്തിൽ പുരോഗമിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടു് എന്നും തിരുമേനി പ്രസ്താവിക്കുകയുണ്ടായി. ഇന്നു് സംസ്ഥാനത്തു് ഏറ്റവും കൂടുതൽ അവശതയും, വിഷമവും അനുഭവിക്കുന്നവർ മലവണ്ടിക്കാരാണ്. മലവണ്ടിക്കാരുടെ അവശതയും വിഷമതയും ഒരു പരിഹാരമുണ്ടാക്കുന്നതിനും അവരെപ്പറ്റി കൂടുതൽ അറിവു ലഭിക്കുന്നതിനും മറ്റുമായി ഒരു കമ്മിറ്റിയെ ഗവണ്മെൻറിൽനിന്നും നിയമിക്കുകയും ആ കമ്മിറ്റി അതിൻറെ ഇൻറിം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആ സ്ഥിതിക്കു് മലവണ്ടിക്കാർക്കു് കൂടുതൽ ആശ്വാസം ലഭിക്കുമെന്ന നമുക്കു് ന്യായമായി വിശ്വസിക്കാവുന്നതാണ്.

അതുപോലെതന്നെ സംസ്ഥാനത്തുള്ള വിവിധതരത്തിലുള്ള വിദ്യാഭ്യാസരംഗങ്ങളിലും ഗവണ്മെൻറ് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ടെന്നു നമുക്കു കാണാവുന്നതാണ്.

കഴിഞ്ഞകൊല്ലം ഇവിടെ ഭരിച്ചിരുന്ന പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ ഗവണ്മെൻറ് നടപ്പിലാക്കിയ ഫീസ് ഇളവ് പദ്ധതി കൂടുതൽ പുരോഗമനപരമായി കൊണ്ടുപോകുന്നതിനു് ഈ ഗവണ്മെൻറ് പരിശ്രമിച്ചിട്ടുള്ളതിനു പുറമേ അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കുന്നതിനു് ഈ ഗവണ്മെൻറ് വളരെ തൃഷ്ണകാന്തി കാണിച്ചിട്ടുള്ളതായി കാണാൻ സാധിക്കുന്നതാണ്. ഈ സംസ്ഥാനത്തു് ഒരു ബേസിക്ക് ട്രെയിനിംഗ് കോളേജ് ആരംഭിക്കുവാനുള്ള ഒരു പദ്ധതി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ടെക്കിനിക്കൽ സ്റ്റഡീസിനു് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പദ്ധതി ഇതിനകം ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ട്. പബ്ലിക് സർവീസിൽ കാര്യക്ഷമതയില്ലെന്നുള്ള ശബ്ദം സഭയുടെ നാനാഭാഗത്തുനിന്നും ഉയർന്നുകേട്ടുകൊണ്ടിരുന്നതിനു ഒരു ശമനമെന്നുള്ള നിലയിൽ ആദ്യമായി ഈ ഗവണ്മെൻറിൻറെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, വർദ്ധിപ്പിച്ചിട്ടുണ്ട്. കാര്യക്ഷമത വർദ്ധിക്കുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നു് നാം ആലോചിക്കേണ്ടതാണ്. ശമ്പളം പരിഷ്കരിക്കുന്നതിനുവേണ്ടി ഒരു പേ കമ്മീഷനെ നിയമിച്ചു് ആവശ്യമുള്ള രീതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഒരു അടിസ്ഥാനത്തിൽ സക്കാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെയിടയിലുള്ള അഴിമതികളും അനാസ്ഥയും ഒഴിവാക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെൻറ് ആഫ് എൻകയറി എന്നു് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറുതന്നെ രൂപീകരിച്ചുകൊണ്ടു് ഏറ്റവും കാര്യശേഷിയുള്ള ഒരുദ്യോഗസ്ഥനെ അതിന്റെ അധിപനായി നിയമിച്ചിട്ടുണ്ടു്. വളരെ കേസുകൾ ഇതിനകം തെളിവെടുത്തു് അതിനു കാരണക്കാരായവരെ ശിക്ഷിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെയുള്ള നടപടികൾ കാര്യക്ഷമതയെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നു് പറയാതെ തരമില്ല. ഇവിടെ അവതരിപ്പിച്ചിട്ടുള്ള അമൻറുമെൻറിൽനിന്നും എനിക്കു് ഒരു കാര്യം കാണുവാൻ കഴിഞ്ഞിട്ടുണ്ടു്. രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ എസ്. ആർ. സി-യെ സംബന്ധിച്ചിടത്തോളം വേണ്ടത്ര പറഞ്ഞിട്ടില്ലെന്നുള്ള ശബ്ദം നാനാഭാഗത്തുനിന്നും ഉയർന്നിട്ടുണ്ടു്. വാസ്തവത്തിൽ സംസ്ഥാന പുനർവിഭജനത്തെ സംബന്ധിച്ചിടത്തോളം നാം അറിഞ്ഞിരിക്കേണ്ട ഏറ്റവും പ്രധാനമായ കാര്യം പ്രസംഗത്തിന്റെ ഒരു ഭാഗത്തു് കൊടുത്തിട്ടുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങളുടെ ദൃഷ്ടിയിൽപ്പെടേണ്ടതാണു്. ഈ രാജ്യത്തിന്റെ താൽപര്യങ്ങളെ മുൻനിറുത്തി വേണം ആ വക കാര്യങ്ങൾ പരിചിന്തിക്കേണ്ടതെന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗത്തു് വളരെ വ്യക്തമായ ഭാഷയിൽതന്നെ പറഞ്ഞിട്ടുണ്ടു്. തിരുമേനിയുടെ പ്രസംഗം വളരെ ചെറുതാണെങ്കിലും ഈ രാജ്യത്തിന്റെ പുരോഗമനത്തിനു ആവശ്യമായ പല നല്ല കാര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രസംഗമാണു് അതു് എന്നുള്ളതിൽ തർക്കമില്ല. പോരായ്മകളെ സംബന്ധിച്ചു് പല വിധത്തിലുള്ള വിമർശനങ്ങളും ഉണ്ടായേക്കാം. എന്നാൽ അങ്ങനെയുള്ള വിമർശനങ്ങളും സൃഷ്ടിപരമായ രീതിയിൽ നടത്തണമെന്നാണു് എനിക്കു ബഹുമാനപ്പെട്ട അംഗങ്ങളോടു് അപേക്ഷിക്കുവാനുള്ളതു്. കുട്ടികളും നല്ലവരായിത്തീരുന്നതിനുവേണ്ടി മാതാപിതാക്കൾ കുട്ടികളെ തല്ലുന്നതുപോലെയായിരിക്കണം ആ വിമർശനങ്ങളും എന്നും അല്ലാതെ അന്യർ തല്ലുന്ന രീതിയിൽ അടിച്ചുകൊല്ലുന്ന മാതിരി ആയിരിക്കരുതെന്നും എനിക്കു് അപേക്ഷിക്കുവാനുണ്ടു്. പല ദോഷങ്ങളും ഇതിൽ വന്നിട്ടുണ്ടെന്നു് പറയുന്നവരോടു എനിക്കു പറയുവാനുള്ളതു് ഇങ്ങനെയുള്ള ദോഷങ്ങളും സ്വാഭാവികമാണെന്നാണു്. മരത്തിൽ കയറുന്നവർ മാത്രമെ താഴെ വീഴുകയുള്ളൂ. അങ്ങനെ വീഴാതിരിക്കാൻവേണ്ട ഉപദേശങ്ങളും കൊടുക്കണമെന്നാണു് എനിക്കു് ബഹുമാനപ്പെട്ട അംഗങ്ങളോടു് അപേക്ഷിക്കുവാനുള്ളതു്. അതുകൊണ്ടു് വിട്ടുവീഴ്ച മനോഭാവത്തോടുകൂടി ഈവക കാര്യങ്ങളും കൈകാര്യം ചെയ്തുകൊണ്ടു് രാജപ്രമുഖൻതിരുമേനിയുടെ പ്രസംഗത്തിന്റെ ഉള്ളിൽ നോക്കിക്കൊണ്ടു് കക്ഷിഭേദമെന്യേ അതു് വേണ്ടവിധത്തിൽ പരിചിന്തനം ചെയ്തുകൊണ്ടു് ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു് ഒരിക്കൽകൂടി പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

SHRI K. C. GEORGE: Sir, are we to move the amendments formally?

10 A. M.

Mr. DEPUTY SPEAKER: Yes.

ശ്രീ. പി. ആർ. കുട്ടൻ: ഞാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. എ. മാത്യു അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അനുകൂലിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളതാണ്. രാജപ്രമുഖൻതിരുമേനിയുടെ പ്രസംഗത്തിൽ കഴിഞ്ഞകാലത്ത് ഈ ഗവണ്മെൻറ് ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് പൊതുവെ പറഞ്ഞ ശേഷം അടുത്തകൊല്ലത്തിൽ ഏതെല്ലാം കാര്യങ്ങളാണ് ചെയ്യാൻ പോകുന്നതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ വളരെ പ്രധാനമായി പറയുവാനുള്ളത് ഗവണ്മെൻറ് ഒരു ലാൻഡുകമ്മിഷനെ നിയമിക്കുവാൻ പോകുന്നു എന്ന കാര്യമാണ്. നമ്മുടെ നാട്ടിലെ ജനസംഖ്യ വളരെയധികം വർദ്ധിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾക്ക് അധിവസിക്കാനുള്ള ഭൂമി വളരെ കുറവായിട്ടുള്ള ഈ രാജ്യത്ത് അനേകലക്ഷം ഏക്കർ സ്ഥലങ്ങൾ വെറും വനഭൂമിയായിട്ടും തരിശുഭൂമിയായും കിടക്കുന്നുവെന്നുള്ളത് ഒരു വൈരുദ്ധ്യമുള്ള സംഗതിയാണ്. ഈ തരിശുഭൂമികൾ കൈവശംവച്ചുകൊണ്ട് ആ ഭൂമിയിൽ കൃഷിചെയ്തുകൊണ്ട് ജീവിച്ചുവന്നിരുന്ന അനേകലക്ഷം കർഷകരെ ആ ഭൂമികളിൽ നിന്നും ഇറക്കിവിടുന്ന ഒരു പരിതസ്ഥിതി സംജാതമായിട്ടുണ്ട്. അങ്ങനെയുള്ള ഇറക്കിവിടീലിനെ ഒരു നിയമം മൂലം നിരോധിക്കുന്നതിന് വേണ്ട നടപടി ഗവണ്മെൻറ് എടുത്തിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിൽ ഇങ്ങനെ വളരെ ആളുകളെ ഇറക്കിവിട്ടിട്ടുള്ളതുകൊണ്ട് ഗവണ്മെൻറിനു പുറംപോക്കുകളേയും തരിശുഭൂമികളേയും കുറിച്ചുള്ള ഒരു സർവ്വെ നടത്തി കർഷകർക്ക് ആ മാതിരി സ്ഥലങ്ങളിൽ ഉടമസ്ഥാവകാശംകൊടുത്ത് അവരുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിനു വേണ്ടി ഒരു ലാൻഡ് കമ്മീഷനെ നിയമിക്കുവാൻപോകുന്നുവെന്ന് പറയുന്നതു കർഷകരെ സംബന്ധിച്ചിടത്തോളം വളരെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണെന്നു ഉന്നി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഭൂമികളിൽ താമസിച്ചുകൊണ്ട് പലവിധത്തിലുള്ള ടാക്സുകളായി ആയിരക്കണക്കിനു രൂപ അവർ ഗവണ്മെൻറിലേക്ക് കെട്ടിവയ്ക്കേണ്ടതായി വന്നിട്ടുള്ള ഒരു പരിതസ്ഥിതി ഇപ്പോൾ സംജാതമായിട്ടുണ്ട്. ഇങ്ങനെ ലാൻഡ് സർവ്വെ ചെയ്തു സമഗ്രമായ ഒരു പരിശോധന നടത്തിയതിനുശേഷം കൂടുതൽ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ കൈയിൽനിന്നും ആ ഭൂമി എടുക്കുകയും അതു ഭൂമിയില്ലാത്തവർക്ക് സ്ഥിരതാമസത്തിനായി കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടികളും മറ്റും എടുക്കേണ്ടതാണ്. ഇതു കർഷകരെ സംബന്ധിച്ചിടത്തോളം വളരെ വളരെ പ്രാധാന്യമർഹിക്കുന്ന സംഗതികളാണ്. കാണക്കുടിയാന്മാരെ സംബന്ധിക്കുന്ന ബില്ല് ഗവണ്മെൻറ് പാസ്സാക്കിയിട്ടുണ്ട്. വെറംപാട്ടക്കുടിയാന്മാരെ സംബന്ധിക്കുന്ന ബില്ലും ലാൻഡിനു പാരമ്പര്യാധി പരിധി നിശ്ചയിക്കുന്ന ബില്ലും സെലക്ട് കമ്മറ്റിക്കു അയച്ചുകഴിഞ്ഞിട്ടുണ്ട്. സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടു വന്ന ഉടനെ അതും പാസാക്കുന്നതാണ്. ഇതെല്ലാം കർഷകനെ സംബന്ധിച്ചിടത്തോളം പുരോഗമനപരമായ കാര്യങ്ങളാണ്. രാജപ്രമുഖൻറെ പ്രസംഗത്തിൽതന്നെ ഇതിനെപ്പറ്റിയുള്ള സൂചനകളും ഉണ്ട്. വിദ്യാഭ്യാസപരമായി നോക്കിയാലും മറ്റു കാര്യങ്ങളും നോക്കിയാലും രാജപ്രമുഖൻതിരുമേനിയുടെ പ്രസംഗത്തിൽ ഈ കാര്യങ്ങളൊക്കെ സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ ശ്രീ. സി. എ. മാത്യുവിൻറെ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിക്ക് സന്തോഷമാണുള്ളതു.

SHRI P. R. MADHAVAN PILLAI: Sir, I move:

Add at the end of the motion the following:—

LIBRARY ARCHIVES Kerala Legislative Assembly

"But regret to emphasise the glaring disparity between the Socialistic professions and the precapitalistic practices in the various fields of activity and in the implementation of the main policies of the Government as evidenced by the fact that—

(a) due emphasis is not given to rapid industrialisation *i. e.*, augmenting and strengthening the organised industry in general and the heavy industry in particular;

(b) steps for the expansion of the home market by the raising of the purchasing power of the great masses especially of peasants and workers in the State *i. e.*, radical land reforms, enhancement of the wages, bonus, etc., for the workers and affording them security of jobs, are not yet taken which mean in actual practice a policy of support to the maintenance of un-employment and not of rapid industrialisation;

(c) the old feudal tenures like Sreepadam, Manian-karam, jenmikaram are untouched;

(d) steps are not taken to tackle the issue of the steep fall in the prices of agricultural crops and industrial raw materials and the high prices of manufactured articles both national as well as foreign;

(e) steps are not taken to absorb the tens of thousands of contingency - temporary - N. M. R. employees, private school teachers or to give them security of service or a moderate standard of living;

(f) proper machinery is not set up to prevent the violation of minimum wages, other benefits and T. U. rights guaranteed by the various T. U. legislations to the Estate, Cashew factory, Coir, Motor Transport, Toddy industry workers and that this Government building socialism in the country is actually doing everything to put down by force the various struggles waged by private motor transport workers at Vaikom, Muvattupuzha, Palai and Thodupuzha, the Museum contingency employees at Trivandrum and the F. A. C. T. workers at Alwaye or to split their unity in struggle."

LIBRARY ARCHIVES Kerala Legislative Assembly

SHRI P. NARAYANAN POTTI: Sir, I move: Add at the end of the motion of Thanks:

"but regret that some of the very important items of work included in the draft plan-frame had been eliminated when it was presented in its finalised form, which we, the members of this House, are afraid, is the result of your Government not having taken into confidence the Opposition Parties during the process of preparation and finalisation of the Second Five Year Plan".

SHRI A. A. D. LUIZ: Add at the end:

"but regret to note that the encouragement given to the backward communities is not adequte".

SHRI D. VIVEKANANDAN: Add at the end:

"but regret to note that His Highness' address is vague—

1. on the policy of Government towards the formation of a Kerala State;

2. on the extent to which the First Five Year Plan has been implemented till date;

3. on the steps proposed to be taken for solving unemployment".

SHRI K. C. GEORE: Sir, I move: add at the end:

"but regret,

1. that no mention is made in the address about the move to unite Karnataka with Kerala;

2. that the address overlooks the fact that corruption is still rampant in the administration;

3. that no mention is made about the present deteriorating condition of labour in the State and about the growing unemployment."

SHRI K. A. SIVARAMA BHARATHI: Sir, I move, add at the end:

"but regret to note the address gives no lead to the people and the country on the controversal question of State Reorganisation."

SHRI T. T. DANIEL: Sir, I move, add at the end of the motion:

"but regret,

LIBRARY ARCHIVES Kerala Legislative Assembly

1. that no mention is made about irrigational projects and water supply and drainage schemes in southern taluks of the State;

2. that no reference is made about the deteriorating conditions of labourers in the State."

SHRI P. K. KUNJACHAN: I move: add at the end of the motion—

"But regret

1. that the Government have failed to protect the rights and liberties of the working class people of our State;

2. that the Government have thoroughly failed to protect the interests of the scheduled castes and other backward community people of our State;

3. that the Government have neglected the improvement of medical and public health facilities of our State;

4. that the Government have failed to take active steps to get the due share to this State in the matter of Second Five Year Plan;

5. that the Government have showed partiality in maintaining law and order in the State."

SHRI V. P. PARAMESWARAN NAMBUDIRI: I move: add at the end of the motion—

"but regret to note that the speech does not contain any effective proposals for tackling the problems of unemployment, the inefficiency of the administration, or the need to better the condition of the people especially of the working class or any indication of the Government's attitude to the question of the States reorganisation".

SHRI C. K. RAMACHANDRAN NAIR: I move: add at the end of the motion—

"but regret to state that the address does not contain any serious measures to tackle the menacing problems of unemployment, settlement of the landless, the slackness and inefficiency in the civil service and the discriminatory and callous neglect of Central Travancore".

SHRI J. A. BHAT: I move: add at the end—

LIBRARY ARCHIVES Kerala Legislative Assembly

"But regret to note that the address is silent on the question of formation of bi-lingual or multi-lingual States in South India".

SHRI S. SESHADRINATHA SARMA: I move: add the following to the motion:—

"but regret that this Government is not extending to the Tamil Harijans of Devicolam and Peermade the same educational concessions as are extended to the other Harijans of the State".

SHRI K. MANJANATHA PRABHU: I move: add at the end of the motion the following:—

"but regret to point out that the following appropriate measures are not mentioned in the Rajpramukh's speech which are consistent with the 'declared policy of the Nation towards the achievement of a socialist order as mentioned in the 8th para of the speech:

1. Abolition of the huge disparity between high paid and low paid Government employees;

2. Taking steps to nationalise Estates of Tea, Rubber, Cardamom, etc. and Banking Companies in co-operation with the Government of India;

3. Starting Government primary schools in poor thickly populated villages;

4. Steps to improve the conditions of backward classes in all places of the State without discrimination to the localities;

5. Steps to make necessary changes in the Panchayat and Local Bodies Acts and Rules to make them effective democratic institutions".

ശ്രീ. വി. പി. പരമേശ്വരൻനമ്പൂതിരി: രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിനു നന്ദി പ്രദർശിപ്പിക്കുന്നതിനായി അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെപ്പറ്റി സംസാരിക്കുന്ന അവസരത്തിൽ ഞാൻ മുമ്പു് പ്രസ്താവിച്ച ഭേദഗതി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗം പരിശോധിച്ചാൽ കഴിഞ്ഞ ഒരു കൊല്ലത്തെ, ഇപ്പോൾ അധികാരത്തിലിരിക്കുന്ന സർക്കാരിന്റെ പ്രവർത്തനചരിത്രവും, അടുത്ത ഒരു കൊല്ലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഒരു വിവരണവും സാമാന്യേന കാണുന്നുണ്ടു്. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേയ്ക്കു മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണു് ഇപ്രകാരം ഒരു പ്രസംഗം ചെയ്യുന്നതു് എന്നുള്ള വസ്തുതയുടെ വെളിച്ചത്തിൽ ഈ പ്രസംഗം ഒന്നു പരിശോധിച്ചാൽ നമുക്കു തീർച്ചയായി നിരാശയ്ക്കു വകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഭൂനയപ്രശ്നത്തെപ്പറ്റി ഈ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഭാഗം പരിശോധിച്ചു നോക്കിയാൽ ഭൂനയബില്ലുകളെപ്പറ്റി വളരെ അധികം അഭിമാനത്തോടുകൂടിയാണ ഈ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. ഇന്നു് അധികാരത്തിലിരിക്കുന്ന കക്ഷി ഭൂനയം പരിഷ്കരിക്കുന്നതെപ്പറ്റി അതിൽ പറഞ്ഞിട്ടുള്ളതു്, അതിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു് ഇടവക ഭൂമികളെ സംബന്ധിച്ചു് ഈയിടെ പാസ്സാക്കിയ നിയമത്തെയാണു്. ആ നിയമമനുസരിച്ചു് കുടിയാന്മാക്കനുകൂലമായ തീരുമാനങ്ങൾ ഉണ്ടാക്കി എന്നുള്ളതാണു്. അതു വാസ്തവത്തിൽ അഭിനന്ദനാർഹമായ ഒരു കാര്യമാണു്. ചെകുത്താനും അവനു് അർഹതയുള്ളതു കൊടുക്കുക എന്നുള്ള തത്വം അനുസരിച്ചു ഞങ്ങൾ അതു സ്വീകരിക്കുന്നു. ഇതിൽ ഇന്നു അധികാരത്തിലിരിക്കുന്ന ഗവണ്മെൻറിനു് ഇത്രയധികം പറയുവാനെന്താണുള്ളതു്? ഇതിനുമുമ്പു് അധികാരത്തിലിരുന്ന ഗവണ്മെൻറു് ഭൂപരിഷ്കരണം സംബന്ധിച്ചു് ഏഴു നിയമങ്ങൾ ഇവിടെ ഹാജരാക്കുകയുണ്ടായി. അതിൽ ഒരു ഭാഗത്തിൻെറ ഭാഗം മാത്രമാണു് ഇതു്. ഇതിൽ ഇവർക്കു് ഇത്ര അഭിമാനിക്കാൻ എന്താണുള്ളതു്? ഭൂനയം സംബന്ധിച്ചും കുടിയിറക്കു നിരോധനനിയമം സംബന്ധിച്ചും ആവശ്യമായ നിയമങ്ങൾ പ്രജാസോഷ്യലിസ്റ്റ് പാർട്ടി അധികാരത്തിലിരുന്ന അവസരത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണെന്നു ഈ നിയമസഭയിലുള്ള അംഗങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണു്. അതിൻെറ അടിസ്ഥാനത്തിൽ ഇന്നു് അധികാരത്തിലിരിക്കുന്ന ഗവണ്മെൻറു് ചില മാറ്റങ്ങൾ വരുത്തി അവതരിപ്പിക്കാൻ പോവുകയാണു്. അതു മാത്രമല്ല ഇനിയും ഏതാനും നിയമങ്ങൾകൂടി നിയമമാക്കേണ്ടതായിട്ടുണ്ടു് എന്നു അവശേഷിക്കുന്നുമുണ്ടു്. അതു് അങ്ങേ അറ്റം ജാഗ്രതയോടുകൂടി നടപ്പിൽ വരുമെന്നും പറഞ്ഞിരിക്കുന്ന ഭാഗത്തേപ്പറ്റി ചോദ്യം ചെയ്യുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാൽതന്നെയും നിലവിലിരിക്കുന്ന മന്ത്രിസഭക്കായ്ത്തിൽ കാര്യമായി ഒന്നും ചെയ്തിട്ടില്ല എന്നു സൂചിപ്പിക്കുന്നതിനു് ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു.

ഇനി വിദ്യാഭ്യാസകാര്യത്തിലാണെങ്കിൽ പ്രജാസോഷ്യലിസ്റ്റ് പാർട്ടി ഇവിടെ ഭരണഭാരം വഹിച്ചിരുന്ന് അവസരത്തിൽ ഫസ്റ്റ് ഫാറത്തിലും സെക്കൻറ് ഫാറത്തിലും ഫീസ് സൌജന്യം അനുവദിച്ചിരുന്നു. അതു് അന്നു പ്രതിപക്ഷത്തിരുന്ന, ഇന്നധികാരത്തിലിരിക്കുന്നവർ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ടു്. എങ്കിലും അവർ തേഡ് ഫാറത്തിലും ആ സൌജന്യം തുടരുകയാണു് ചെയ്തതു്. ഭരണഘടനയിലെ 45-ാം വകുപ്പനുസരിച്ചു 14 വയസ്സുവരെ സൌജന്യവിദ്യാഭ്യാസം അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു ഫോർത്ത് ഫാറത്തിനും കൂടി ആ സൌജന്യം തുടരേണ്ടതായിരുന്നു. അതെപ്പറ്റി ഒന്നും തന്നെ ഈ പ്രസംഗത്തിൽ സൂചിപ്പിച്ചുകാണുന്നില്ല.

ഇനി എൻെറ ഭേദഗതിയിൽ പ്രത്യേകമായി വിവക്ഷിച്ചിട്ടുള്ളതു് തൊഴിലില്ലായ്മ പ്രശ്നത്തെപ്പറ്റി വളരെ ഫലപ്രദമായി കൈകാര്യംചെയ്യുന്നതിനുള്ള നടപടികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടുള്ളതായി പ്രസംഗത്തിൽ കാണുന്നില്ല എന്നതാണു്. തൊഴിലില്ലായ്മ പ്രശ്നം ഒരു ദേശീയ പ്രശ്നമാണെങ്കിലും നമ്മുടെ സംസ്ഥാനം അതിനു പ്രഥമസ്ഥാനം അർഹിക്കുന്നുണ്ടു്. അതിനു ഒരു പരിഹാരമാർഗ്ഗമായി ഏതാനും കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ഇവിടെ ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി]

ത്തുകൊണ്ടു മാത്രം തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കാം എന്നു തോന്നുന്നില്ല. പുതിയതായി വളരെ അധികം തൊഴിലാളികൾക്കു ജോലി കൊടുക്കത്തക്ക വ്യവസായത്തിനും ഒന്നുംതന്നെ ഇവിടെ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഈ പ്രസംഗത്തിൽ സൂചിപ്പിച്ചുകാണുന്നില്ല. ഇന്നു നിലവിലിരിക്കുന്ന ഗവണ്മെന്റിന്റെ ഭരത്തിലിരിക്കുന്ന വ്യവസായങ്ങളുടെ ഭരണം ഒരു ഡയറക്ടർബോർഡിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള നിർദ്ദേശം മാത്രമേ ഇതിൽ കാണുന്നുള്ളൂ. അതിനപ്പുറമേ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാവനകാലത്തു് ഈ രാജ്യത്തെ എണ്ണായിരം കുടുംബങ്ങൾക്കു് കുടിയേറി പാർക്കുന്നതിനു് സൌകര്യമുള്ള ഒരു കോളനൈസേഷൻ പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അന്നു് അതേപ്പറ്റി വളരെ അധികം ആക്ഷേപങ്ങൾ കേൾക്കാനുണ്ടായിരുന്നു ഇന്നു് ആ പദ്ധതി അവഗണിക്കപ്പെട്ട കിടക്കുകയാണു്. ഇതുവരെ 1200 കുടുംബങ്ങളോളം കുടിയേറിപ്പാർക്കുന്നതിനുള്ള നിർദ്ദേശമുള്ളതായി ഈ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. കൂടാതെ, നമ്മുടെ സംസ്ഥാനത്തെ പ്രത്യേകമായി ബാധിക്കുന്ന പ്രശ്നങ്ങളുമുണ്ടു് എന്നുള്ള വസ്തുത കൂടി മുഖ്യമന്ത്രിയും സമ്മതിക്കുമായിരിക്കും.

പിന്നീടു് പബ്ലിക് സർവ്വീസിനെപ്പറ്റി പറയുന്ന കൂട്ടത്തിൽ ഇവിടെ ഒരു പേക്കമ്മീഷനെ നിയമിച്ചിരുന്നു എന്നും ഉദ്യോഗസ്ഥന്മാർക്കു ശമ്പളം വർദ്ധിപ്പിക്കയുണ്ടായി എന്നുമാണു പറയുന്നതു്. പ്രജാസോഷ്യലിസ്റ്റ് പാർട്ടി ഇവിടെ ഭരണത്തിലിരുന്ന കാലത്തു് ഇവിടത്തെ ചെറിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ ഒരു സമൂല പരിഷ്കാരം വരുത്തുന്നതിനു വിജയപൂർവ്വമായ ഒരു ശ്രമം നടത്തിയിട്ടു് അതിനുശേഷം ആ മന്ത്രിസഭ തകരുകയും ചെയ്തു. എന്നാൽ അന്നു ചെയ്ത പരിഷ്കാരത്തെ പരിശോധിച്ചു തിട്ടപ്പെടുത്തുന്നതിനു ഒരു പേക്കമ്മീഷനെ നിയമിക്കുകയുണ്ടായി. അതു സ്തുത്യർഹമായ ഒരു നയമാണു്.

ഇങ്ങനെ നോക്കിയാൽ ഈ പ്രസംഗത്തിൽ ഇന്നു നിലവിലിരിക്കുന്ന ഗവണ്മെന്റ് പുതിയതായി ഒന്നും തന്നെ ചെയ്തിട്ടില്ലെന്നു് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്. അങ്ങനെ ഈ പ്രസംഗം നോക്കുകയാണെങ്കിൽ വാസ്തവത്തിൽ പുതിയ കുപ്പിയിൽ പഴയ വീഞ്ഞു നിറയ്ക്കുവാനുള്ള ശ്രമംപോലുമില്ല. ഇതു് ഒഴിഞ്ഞ പഴയ കുപ്പിയിൽ പഴയ വീഞ്ഞു നിറച്ചതുപോലെതന്നെയിരിക്കുന്നു, ഇതുമായും കായ്ക്കുമെന്നു സൂചിപ്പിച്ചുകൊണ്ടു് ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ടി. ടോണിയൽ: സർ, രാജപ്രമുഖർ പെരുമാറിൻ പേരുരയിൽ சில முக்கியமான விஷயங்கள் கூறப்பட்டிருக்கின்றன. கல்வி வசதிகள் மருத்துவம் முதலியவைகளில் இந்த வருஷத்தில் சென்ற வருஷத்தைக் காட்டிலும் அரசாங்கம் அதிகம் கவனம் எடுத்துக்கொண்டிருக்கிறது என்பதைப் பற்றி நாம் மகிழ்ச்சி அடையத்தான் வேண்டும். பூமி இல்லாதவர்களுக்கு பூமி கொடுக்க வேண்டுமென்று சில மசோதாக்கள் இந்த வருடத்திலேயே நிறை வேற்றப்படுமென்றும், வீடில்லாதவர்களுக்கு சுமார் 1200 வீடுகள் கட்டிக்கொடுக்கவேண்டுமென்றும், அதற்கு வேண்டிய திட்டங்களை

LIBRARY ARCHIVES Kerala Legislative Assembly

வகுத்து வேண்டிய நடவடிக்கைகளை அரசாங்கம் தீவிரமாக எடுத்துக் கொண்டிருக்கிறது என்பதை அறிந்து நாம் சந்தோஷப்படுகிறோம். இருந்தபோதிலும் ராஜப்பிரமுக்கின் திருவுரையில் சில முக்கியமான பிரச்னைகளைப் பற்றி ஒரு வார்த்தைகூட சொல்லாமல் இருப்பதே மிகவும் வருந்தத்தக்கதாகும். இந்த நாட்டைப் பொறுத்தளவில் தொழிலாளிகளுக்கு தொழில் இல்லாமலிருப்பது, படித்தவர்களுக்கு தொழிலில்லாமலிருப்பது இவைகள் முக்கியமான பிரச்னைகளாகும்; அவைகளை எந்த முறையிலாவது தீர்த்து வைக்க அரசாங்கம் வேண்டிய நடவடிக்கைகள் எடுக்கும்; அதற்கு வேண்டிய பணம் மத்திய அரசாங்கத்திலிருந்து நமக்குத் தரும்படி அரசாங்கத்திற்கு உதவியாக ஒரு தீர்மானம் நிறைவேற்ற வேண்டுமென்றும், அரசாங்கம் கேட்டுக்கொண்டது. அதற்கேற்ப கழிந்த சட்டசபையில் அத்தகைய ஒரு தீர்மானம் நிறைவேற்றப்பட்டது. ஆனால் இன்று திருவுரையில் அவைகளைப் பற்றி ஒன்றுகூட சொல்லாமல் இருப்பது மிகவும் வருந்தத்தக்க விஷயமாகும். இன்று நம் நாட்டைப் பொறுத்தளவில் ஆயிரக்கணக்கான தொழிலாளர்கள் தொழிலில்லாமல் இருக்கிறார்கள் என்பது உண்மை. எந்தக் கட்சியாய் இருந்தபோதிலும் சரி, தொழிலில்லாதவர்களுக்கு தொழில் அமைத்துக் கொடுப்பது அவர்களுடைய கடமையாகும். இன்று எந்தத் தொழிலாளியை எடுத்துப் பார்த்தாலும், அல்லும் பகலும் அவர்கள் உழைத்தபோதிலும் கூட அவர்களுக்கு கிடைக்கக்கூடிய வரும் படியைக் கொண்டு அவர்களுடைய குடும்பத்திற்கு வேண்டிய உணவுப் பொருள்கள், ஆகாரசாதனங்கள் முதலியவற்றை வாங்க முடியாமல் அவர்கள் கஷ்டப்படுகின்றனர். ஓயாது உழைத்தபோதிலும் அவர்களுக்கு இன்றைய வாழ்க்கைக்கு உரிய முக்கியமான விஷயங்கள், அவர்களுடைய வரும்படியைக்கொண்டு வசதிப்படுத்த முடியாத ஒரு சூழ்நிலையில் அவர்கள் வாழ்ந்துவருகிறார்கள். அவர்கள், இன்று நமக்கு அணைகளைக் கட்டித்தருகிறார்கள். வீடுகளைக் கட்டித்தருகிறார்கள். நாம் சுகமாகச் செல்ல ரஸ்தாக்கள் அமைத்துத் தருகிறார்கள். மலையோரங்களில் சென்று அங்கு தங்கள் உயிரைக் கொடுத்து அங்குள்ள நிலங்களைக் சாகுபடி செயது அவர்கள் உணவுப் பொருள்களை உற்பத்தி செய்கிறார்கள். ஆபரணங்களை செய்து தருகிறார்கள். நாம் சுகமாக இருக்க அத்தனை வசதிகளையும் செய்து தருகிற தொழிலாளிகள் இன்று எந்த நிலையில் இருக்கின்றார்கள் என்பதைப் பற்றி உரையில் ஒரு வார்த்தைகூட சொல்லாமல் இருப்பது வருந்தத்தக்கதாகும். அவர்கள் வாழ வழியற்றவர்களாக, நடைப்பிணங்களாக இருக்கிறார்கள். இன்றைய சமூகம் தொழிலாளர்களுடைய ரத்தத்தால் அமைக்கப்பட்டிருக்கிறது. இன்றைய சமூகம் அவர்கள் மடிந்து சென்ற பிரேதங்களின் மீதுதான் அமைந்து நிற்கிறது. நாம் இன்று காண்கிற காட்சிகளில், தொழிலாளிகளின் ரத்தம் புரண்ட காட்சிகளைத்தான் காணுகிறோம். இவ்விதமான ஒரு நிலையில் நாம் தொடர்ந்து கொண்டு போவதா அல்லது அவர்களுடைய உயிர் பிரச்னைகளுக்கு வேண்டிய திட்டங்களைப்

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. டி. டி. டானியல்]

புகுத்துவ்தா என்பதுதான் இந்த அரசாங்கம் கவனிக்கவேண்டிய முக்கியமான பிரச்னையாகும். நெசவுத்தொழிலாளிகளைப் பற்றி இங்கு குறிப்பிடப்பட்டிருக்கிறது. ஆனல் பனையேற்ற தொழிலாளிகளைப்பற்றியோ, பனை தும்பு தொழிலாளிகளைப்பற்றியோ, மீன் பிடி தொழிலாளிகளைப்பற்றியோ அல்லது ரோட்டுத் தொழிலாளிகளைப் பற்றியோ ஒன்றும் சொல்லப்படவில்லை. சுமார் ஐம்பதினயிரம் பனையேற்ற தொழிலாளிகள் திருவிதாங்கூரில் நான்கு தாலுகாக்களில் வாழ்ந்து வருகிறார்கள். அவர்களை நம்பி சுமார் இரண்டு லட்சம் நபர்கள் இன்று வாழ்ந்து கொண்டிருக்கின்றனர். அந்த விவசாயம் இன்று மிகவும் நெருக்கடியான கட்டத்தில் இருக்கிறது. அந்த விவசாயத்திற்கு வேண்டிய விறகுகள் இல்லாமல் அந்த விவசாயிகள் மிகவும் கஷ்டத்தில் ஆழ்ந்திருக்கிறார்கள். அனுதினமும் நூற்றுக்கணக்கான இந்தத் தொழிலாளிகளின் சிறிய குழந்தைகள் விளவங்கோடு தாலுகாவில் ஒரு பாகத்திலிருந்து, குழித்துறை வழியாக குலசேகரத்துக்கு உத்தேசம் 15 மைல்கள் நடந்தும் ஓடியும் சென்று அங்கு கீழே கிடக்கிற விறகுகளைப் பொறுக்கியெடுத்து, சுமார் பத்தல்லது பதினேரு மணிக்கு குலசேகரத்திலிருந்து திரும்பி குழித்துறை ஜங்ஷனுக்கு 5 மணிக்கு வருகிறார்கள். அங்கிருந்து அவர்களின் வீடுகளுக்குச் செல்லும்போது இரவு ஏழல்லது எட்டுமணியாகும். வீட்டில், சிறிதுநேரம் தூங்கிவிட்டு அடுத்தநாளும் அந்தச் சின்னஞ்சிறிய குழந்தைகள் பதினைந்து மைல்கள் ஓடியும் திரும்பி ஓடிக்கொண்டும் வந்துகொண்டிருக்கும் காட்சியை நாங்கள் அனுதினமும் காண்கிறோம். அவர்களின் மெலிந்த தேகம் எவருடைய மனதையும் உருக்கும். இப்படிப்பட்ட தொழிலாளிகளைப் பற்றி ஒரு வார்த்தைகூட அனுதாபமாக இந்த உரையில் கூறாமல் இருப்பது மிகவும் வருந்தத்தக்கதாகும். பனை தும்பு தொழிலாளிகளை எடுத்துக் கொண்டால், சுமார் நாலாயிரம் தொழிலாளிகள் இந்த விவசாயத்தில் ஈடுபட்டிருக்கிறார்கள். இன்று அந்த விவசாயத்திலும் ஒரு பெரிய நெருக்கடி ஏற்பட்டிருக்கிறது. இதுவரையிலும் இந்தியாவிலிருந்து இரண்டே இரண்டு இடங்களிலிருந்து மாத்திரம் தான் இந்த பனை தும்பு ஏற்றுமதி செய்யப்பட்டது. குளச்சல், தூத்துக்குடி இந்த இரண்டு இடங்களிலிருந்து மட்டுமே அது ஏற்றுமதி செய்யப்பட்டன. ஆனல் இன்று மெக்ஸிக்கோவில், பனை போன்ற ஒரு மரத்தை உற்பத்தி செய்து அதிலிருந்து தும்புகள் எடுக்கிற காரணத்தால் வெளியே பனை தும்புக்கு இருந்த கிராக்கி இப்பொழுது இல்லாமலிருக்கிறது. அதுகாரணமாக இங்கு பனை நொங்குத் தொழிலாளிகளுக்கு கிடைக்கக்கூடிய சரியான கூலி கிடைக்காமல் 12 அணு அல்லது ஒரு ரூபாய் கூலி மாத்திரமே கிடைக்கிறது. மீன்பிடி தொழிலாளிகளை எடுத்துக்கொண்டால், அவர்களுடைய வாழ்க்கைத் தரம் இதுவரையிலும் ஓரளவுகூட உயர்ந்த பாடில்லை. கடலோர வாசிகளாகிய இவர்கள் அல்லும் பகலும் உழைக்கிறார்கள். அவர்களுக்கோ அல்லது அவர்களது குடும்பங்களுக்கோ அவர்கள் உழைப்பின் பலன் கிடைக்காமலிருக்கிறது. ஓட்டைக் குடிசைகளில் அவர்

LIBRARY ARCHIVES Kerala Legislative Assembly

களின் குடும்பங்கள், மழைக்காலத்தில் தங்குவதற்குக் கூட இட மில்லாமல் வாழ்ந்து வருகிற காட்சி மிகவும் பரிதாபகரமானதாகும். இவ்விதமான நிலைமைதான் எல்லா தொழிலாளிகளைப் பொறுத்த அளவிலும் இருக்கிறது. தோட்டத் தொழிலாளிகளின் நிலை இப்படித் தான். ரேட்டுத்தொழிலாளிகளை குறிப்பிட்டு சொல்வோமேயானால் அவர்களுக்கு இன்றைய ஒரு நாளது சம்பளம் ஒரு ரூபாய் நாலணாவாகும். அந்த ஜோலிகள் கூட சில செக்ஷன்களில் தொடர்ந்து கொடுக்கப்படுவதில்லை. மத்தியானத்திற்கு ஆகாரம் இல்லாத முறையில் ரேட்டுத் தொழிலாளிகள் காலை எட்டு மணி முதல் மாலை ஐந்து மணிவரை வெயிலில் நின்று வேலை செய்து கொண்டிருக்கிறார்கள். அவர்களுக்கு பாதரட்சைகள் கூட கிடை யாது. இன்று அரசாங்கம், அவர்கள் ஜோலி செய்வதற்குக் கொடுக் கக்கூடிய கருவிகள் மிகவும் கீழ்த்தரமான கருவிகளாகும். அவர் களுக்கு கொடுக்கக்கூடிய "பிக்காக்ஸ்களும்", மம்மட்டிகளும் கூர்மை இல்லாத காரணத்தால், அவர்கள் அதை உபயோகித்து வேலை செய்வதால் அவர்களுடைய உடல் வலிமை நாளுக்குநாள் அதிகமாக பாதிக்கப்பட்டு வருகிறது. இன்று எந்த ரேட்டு தொழிலாளியை எடுத்துப்பார்த்தாலும் சரி, அவர்களுடைய வயதிற்குத் தக்கபடி உருவத்தோற்றம் அவர்களிடம் காணப்படுவதில்லை. தகப்பன் ரோட்டில் ஜோலி பார்த்து மடிந்திருக்கிறான். அவர்களுடைய குழந்தைகளும் அதே ஜோலியில் ஈடுபட்டு அவர்களும் மாளக்கூடிய நிலைமையில் இருக்கிறார்கள். அவர்களுடைய சகோதரர்களோ, சகோதரிகளோ யாராவது இரண்டாம் பாரம் வரை படித்தவர்கள் உண்டா என்று அறிய ஆசைப்பட்டுப் பார்த்ததில் அவர்களில் படித் தவர்கள் யாரும் காணப்படவில்லை. இவ்விதமான முக்கியமான பிரச் னைகளுக்கு அரசாங்கம் திட்டங்கள் வகுத்து அவர்களில் பொருளா தார நிலையை உயர்த்துவதற்காக பாடுபட முன்வரத் தயங்கினால் இந்த விதமான ஒரு நிலைமை நீடித்து கொண்டு போகுமேயானால் தொழிலாளிவர்க்கம் இன்றைய அரசாங்கத்தைப் பின்தாங்குமா என்று அரசாங்கம் சற்று சிந்தித்துப் பார்க்கவேண்டும்.

இன்று, சில முக்கியமான நீர்ப்பாச்ன திட்டங்களைப்பற்றி ராஜப் பிரமுகரின் பேருரையில் கூறப்பட்டிருக்கிறது. ஆனால் தென் பிராந் தியங்களில் முக்கியமான திட்டங்கள் ஒன்றைகூட அந்த உரையில் சொல்லப்படவில்லை. பட்டணங்கால் திட்டம், பொய்கை அணை த் திட்டம், மாம்பழத்தாறு அணைத்திட்டம் இவைகளெல்லாம் கோதை யார் ப்ராஜக்ட் இரிகேஷன் ஸ்கீமில் அந்தக் காலத்திலேயே உள்படுத் திய திட்டங்களாகும். இவைகளை எல்லாம் அமுலுக்கு கொண்டுவர வேண்டுமென்று அரசாங்கத்தினிடம் மன்றாடினோம். மகஜர்கள் பல சமர்ப்பித்துள்ளோம். தீர்மானங்கள் பல நிறைவேற்றி அனுப்பினோம். அவர்களின் கவனத்தை இந்தத் திட்டங்களில் செலுத்த வேண்டு மென்று பிரயத்தனம் செய்தபோதிலும்கூட ஒரு திட்டத்தையாவது இந்த அரசாங்கம் இந்த வருடத்தில் புகுத்தாமல் இருந்தது அங்குள்ள மக்களுக்கு அளவு கடந்த சங்கடத்தை கொடுத்திருக்கிறது என்பதை நான் அரசாங்கத்தின் கவனத்திற்கு கொண்டுவந்து கொள்கிறேன்.

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. டி. டி. டானியல்]

பட்டணங்கால் திட்டமானது விளவங்கோடு மக்களின் உயிர் பிரச்னையாகும். $1\frac{1}{2}$ கோடி ரூபாய் செலவுள்ள இந்த திட்டத்தை புகுத்துவதற்கு விளவங்கோடு தாலுகா மக்கள் மிகவும் ஆவலோடு இருக்கிறார்கள். இந்த திட்டம் நிறைவேற்றப்படுமானால் சுமார் 15000 ஏக்கர் நிலங்கள் சாகுபடி செய்ய முடியும். விளவங்கோடு தாலுகாவில் தண்ணீர் இல்லாத காரணத்தால் நூற்றுக்கணக்கான ஏக்கர் நிலங்கள் வருடந்தோறும் கரிந்துபோய்க் கொண்டிருக்கிறது. நூற்றுக்கணக்கான குடும்பங்கள் பணம் செலவுசெய்து நிலங்களை கிருஷிசெய்கிறார்கள். ஆனால் பருவமழை இல்லாத காரணத்தாலும் அணைத்திட்டங்கள் இல்லாத காரணத்தாலும் அங்குள்ள நிலங்கள் கரிந்து போகின்றன. ஆகவே நூற்றுக்கணக்கான ஏழை குடும்பங்கள் இன்று கஷ்டத்தில் ஆழ்ந்துகிடக்கிறார்கள். மாம்பழத்தாறு அணைத்திட்டத்தை நிறைவேற்றவேண்டுமென்று சென்ற ஏழு வருடகாலமாக இங்குள்ள அரசாங்கத்தினிடம் சொல்லிக்கொண்டிருக்கிறோம். மாம்பழத்தாறு அணைத்திட்டத்திற்கு 11 லட்சம் ரூபாய் மாத்திரம் தான் அவசியமாகும். பொய்கை திட்டத்திற்கு சுமார் $3\frac{1}{2}$ லட்சம் ரூபாய் தான் செலவாகும். மற்ற பல திட்டங்கள் இன்று அரசாங்கத்தின் முன் வந்துகொண்டிருக்கிறது. அவைகளை நாங்கள் ஆதரிக்கிறோம். ஆனால் தென் பிராந்தியங்களில் இருக்கிற அணைக்கட்டுகளை புகுத்த வேண்டுமென்று சொல்லும்போது இவ்வரசாங்கம் ஒரு மாற்றாந்தாய் கொள்கையை வைத்துக்கொண்டிருப்பது பொறுக்கக்கூடிய விஷயமல்ல. உரையில், குடி தண்ணீர் திட்டங்களைப் பற்றி எடுத்துக்கூறப்பட்டிருக்கிறது. ஆனால் நாகர்கோவில் வாட்டர் டிரெயினேஜ் ஸ்கீமைப் பற்றியோ, குளச்சல் குடி தண்ணீர் திட்டத்தைப்பற்றியோ அல்லது இரணியல் குடி தண்ணீர் திட்டத்தைப்பற்றியோ ஒரு வார்த்தை கூட கூறப்படவில்லை. இன்று கடலோர வாசிகள், குடி தண்ணீர் இல்லாத காரணத்தினால் வருடந்தோறும் நூற்றுக்கணக்கான மக்கள் பல வியாதிகளால் பீடிக்கப்பட்டு இறக்கின்றனர். இதைப்பற்றி மந்திரிகளிடம் ஆணித்தரமாக எடுத்துக்கூறிய போதிலும், அவர்களுடைய சங்கடங்களைத் தீர்ப்பதற்கு அரசாங்கம் இந்த சந்தர்ப்பத்திலாவது முன்வரும்என்று எதிர்பார்த்து நாங்கள் ஏமாற்றம் அடைந்திருக்கிறோம். இன்று நாகர்கோவில் பட்டணத்தில் விஸ்தரிக்கப்பட்ட இடங்களில் போதுமான தண்ணீர் இல்லாமல் அங்கிருக்கிற மக்கள் வாழ்ந்து வருகிறார்கள். அங்குள்ள மக்களிடமிருந்து வெள்ள வரி வசூலிக்கப்படுகிறது. ஆனால் குடி தண்ணீர் திட்டம் அங்கு அமுலில் கொண்டுவரப்படவில்லை. அங்கிருக்கிற எக்ஸிக்யூட்டிவ் என்ஜினியரும் கமிட்டியும் நாகர்கோவில் டிரெயினேஜ் ஸ்கீமை இந்த ஐந்தாண்டுத் திட்டத்தில் புகுத்தவேண்டுமென்று அவர்கள் பாஸாக்கி அனுப்பினர்கள். ஆனால் முதல் இஞ்சினியர் அவர்கள் தென் பிராந்தியங்களில் உள்ள திட்டங்களுக்கு போதுமான ஆதரவு அளிக்காத காரணத்தால் பல முக்கியமான திட்டங்கள் கைவிடப்பட்டிருக்கின்றன. இவ்விதமான ஒரு நெருக்கடி நாளுக்குநாள் தென் பிராந்தியங்களில் வந்துகொண்டே இருக்கிறது. ஸர், ஒருவேளை தமிழ்

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കാക്കൾ കൂടിയ ഫിക്കിരത്തിൽ മദ്രാസിൽ ചേർന്നുവിടും. ആകവേ അങ്ങു പണം ചെലവു ചെയ്യവേണ്ടിയ അവശ്യമില്ലെ എന നിങ്ങൾക്കി രുർക്കൾ എന്നു രാജപ്രമുക് അവർകളിൻ പേരുരയെ വായിച്ചുപ് പാർക്കുമ്പോൾ എങ്കളുക്കു ഒരുവിധമാന അഭിപ്രായം തോന്നു കിറതു. നിയായത്തിൻ പേരാലും, മനിത ഉണർച്ചിയിൻ പേരാലും, നാങ്കൾ ഇങ്കേ ഇരുക്കും നാൾവരെയിലും എങ്കളതു നിയായമാന ഉരിമൈകളെയും അവകാചങ്കളെയും തന്തു, അരചാങ്കം അൻപുടനും, ആതരവുടനും, മനിത ഉണർച്ചിയുടനും നടന്തുകൊൾളവേണ്ടു മെന്നു കേട്ടുക്കൊണ്ടു നാൻ എനതു പേച്ചൈ മുടിത്തുക്കൊൾ കിറേൻ.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ബഹുമാനപ്പെട്ട കുന്നത്തൂർ മെംബർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണു്. രാജപ്രമുഖന്റെ പ്രസംഗത്തെപ്പറ്റി ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറ്റൊരവസരത്തിൽ പറഞ്ഞിട്ടുള്ളതിനെ ആശ്രയിച്ചു ഞാനും പറയുകയാണെങ്കിൽ നിലവിലിരിക്കുന്ന ഗവണ്മെന്റിന്റെ ഒരു നാവെന്നുള്ള നിലയിൽ മാത്രമേ ആ പ്രസംഗത്തെ വീക്ഷിക്കേണ്ടതുള്ളു എന്നാണു്. പി. എസ്. പി. ഗവണ്മെന്റു് രാജപ്രമുഖനെക്കൊണ്ടു് സ്റ്റേറ്റുമെന്റു് ആഫ് പാളിസി അവതരിപ്പിച്ചു പ്രസംഗിച്ചപ്പോൾ ആ പ്രസംഗത്തെപ്പറ്റി ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞതു് അതെല്ലാം രാജപ്രമുഖനെക്കൊണ്ടു് പി. എസ്. പി. മന്ത്രിസഭ പറയിപ്പിക്കയായിരുന്നുവെന്നാണു്. അദ്ദേഹത്തിന്റെ ആ സിദ്ധാന്തം വച്ചുകൊണ്ടു് ഇന്നത്തെ മന്ത്രിസഭ രാജപ്രമുഖനെക്കൊണ്ടു് ഏതാനും കാര്യങ്ങൾ പറയിപ്പിച്ചതായിട്ടാണു് ഈ പ്രസംഗത്തെ മനസ്സിലാക്കേണ്ടതും വിമർശിക്കേണ്ടതും. ഒരു പാളിസി സ്റ്റേറ്റുമെന്റെന്ന നിലയിൽ ആ പ്രസംഗത്തിനു് യാതൊരു പ്രാധാന്യവും കൽപിക്കാൻ ഞങ്ങൾക്കു കഴിയുന്നില്ല. ഒന്നാമതു ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവണ്മെന്റു്, തുടർന്നു ഭരിക്കാൻ ആഗ്രഹിക്കുന്നതായി ഞങ്ങൾ മനസ്സിലാക്കുന്ന ഒരു ഗവണ്മെന്റു്, ഒരു പാളിസി സ്റ്റേറ്റുമെന്റു് അവതരിപ്പിക്കുമ്പോൾ പ്രധാനമായി ചെയ്യേണ്ടതു് അവരുടെ അതുവരെയുള്ള നേട്ടങ്ങളെ അപഗ്രഥിച്ചു് ഒരു സോഷ്യൽ സെറ്റപ്പിൽ തങ്ങളുടെ ഭരണംമൂലം എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്നു കാണിക്കുകയും വിമർശനബുദ്ധ്യാ തങ്ങളുടെതന്നെ ഭരണത്തെ പരിശോധിച്ചു് കുറവുകളും കുറവുകളും ഉണ്ടായിരുന്നുവെന്നും അതു നികത്താൻ ഇന്നതെല്ലാം ഞങ്ങൾ അടുത്തതായി ചെയ്യാൻ പോകുന്നുവെന്നു് പറയുകയും ചെയ്യേണ്ടതുണ്ടു്. ആതരത്തിലുള്ള ഒരു സമീപനം രാജപ്രമുഖന്റെ പ്രസംഗത്തിൽനിന്നും കിട്ടുന്നില്ലെന്നു മാത്രമല്ല, കഴിഞ്ഞ കാലത്തു സാധാരണ ഗതിയിൽ അവലംബിച്ചുപോന്നിരുന്ന നിലവാരംപോലും ഈ പ്രാവശ്യം പുലർത്തിക്കാണുന്നില്ലെന്നതു അത്യന്തം ഖേദകരമായ ഒരു വസ്തുതയാണു്. രാജപ്രമുഖന്റെ പ്രസംഗം ഇരുണ്ടു് നിർജ്ജീവമായിത്തീരാൻ കാരണം ഇല്ലാതില്ല. ഉണ്ടെന്നു ഞങ്ങൾ മനസ്സിലാക്കുന്നുണ്ടു്. ഇന്നു് ഭരിച്ചുകൊണ്ടിരിക്കുന്ന ഗവണ്മെന്റിന്റെ ഭരണവൈകല്യങ്ങളും ഭരണപരമായി വളരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതുമാണു് ഇതിന്റെ പിന്നിലുള്ളതായി ഞങ്ങൾ മനസ്സിലാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

സർ, മൗലികമായും നാം നിൽക്കുന്നതു് ഒരു ദേശീയ പുനഃസംവിധാനത്തിന്റെ ഘട്ടത്തിലാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നിയമസഭയ്ക്കു് വെളിയിലുള്ള പ്രസംഗങ്ങളിൽ പഞ്ചവത്സര പദ്ധതിയെപ്പറ്റിയും അതിന്റെ നേട്ടങ്ങളെപ്പറ്റിയും വളരെയേറെ പ്രകീർത്തിക്കുന്നതായി ഞങ്ങൾ കേട്ടിട്ടുണ്ടു്. എന്നാൽ ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ പഞ്ചവത്സരപദ്ധതി ഏതുമാത്രം പ്രവർത്തിച്ചു എന്നും അതുകൊണ്ടു് നാഷണൽ സെക്ടറിൽ സാമ്പത്തികമായും സാമുദായികമായും സാമൂഹ്യമായും ഇന്നയിന പ്രയോജനങ്ങൾ ഉണ്ടായി എന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് കഴിഞ്ഞതില്ലെന്നുള്ളതു വളരെ പ്രാധാന്യമേറിയ ഒരു സംഗതിയാണു്.

സർ, ഈ പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ വായിക്കാം:

"This year marks the close of the First Five Year Plan which leads into the Second. It is gratifying to note that my Government have accelerated the progress of the Schemes under the First Plan and that in many cases the targets have been achieved even ahead of schedule."

ഇതിനെ സപ്പോർട്ടു ചെയ്യത്തക്ക വിധം ഉള്ള-വസ്തുതകളും വാസ്തവങ്ങളും ഉണ്ടായിരുന്നെങ്കിൽ ഈ തരത്തിൽ വിശദാംശത്തിലേയ്ക്കു് കടക്കാത്ത ഒരു പ്രതിപാദനത്തെപ്പറ്റി ഞാൻ പഴിക്കുക ഇല്ലായിരുന്നു. 1-ാം പഞ്ചവത്സര പദ്ധതിയിലെ ടാർജറ്റ് ഫുൾഫിൽ ചെയ്തിട്ടില്ല എന്നുള്ള യഥാർത്ഥം നമുക്കെല്ലാവർക്കും അറിയാം. ഹൌസിംഗ് സ്കീമിനെ സംബന്ധിച്ചായാലും ശരി, ഇറിഗേഷൻ സംബന്ധിച്ചായാലും ശരി, പ്രൈവറ്റ് ഇൻഡസ്ട്രീസിനെ സംബന്ധിച്ചായാലും ശരി, ഒന്നാം പഞ്ചവത്സര പദ്ധതിയിലെ ടാർജറ്റ് വേണ്ടത്ര ഫുൾഫിൽ ചെയ്യാതെ നിശ്ചിത തുക മിച്ചമിരിക്കെ, എല്ലാം ചെയ്തുകഴിഞ്ഞു എന്നു് രാജപ്രമുഖന്റെ പ്രസംഗത്തിൽക്കൂടി പ്രതിപാദിച്ചിരിക്കുന്നതിനെപ്പറ്റി, പാർലമെന്ററി ഭാഷയിൽ പറയുകയാണെങ്കിൽ—My friend is guilty of a terminological inexactitude in what he said. അതിനെ മലയാളത്തിൽ പറയാൻ അറിഞ്ഞുകൂടാ. കള്ളംപറയുക എന്നു പറഞ്ഞാൽ അതു് അൺ പാർലമെന്ററി ആയിപ്പോകും.

അതുപോലെതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ അർത്ഥവത്തായ, സാരഗർഭമായ ചില വസ്തുതകൾ പറഞ്ഞിരിക്കുന്നതു് നോക്കാം. ഒരു പഞ്ചവത്സരപദ്ധതി എന്നു പറയുമ്പോൾ, അതുചെയ്യും ഇതുചെയ്യും എന്നുള്ള നിലയിലുള്ള ഒരു സ്ഥിതിവിവരപ്പട്ടിക അവതരിപ്പിക്കുക അല്ല ചെയ്യേണ്ടതു്. നാഷനൽ ഇൻകം എത്രമാത്രം വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നു, കാർഷിക രംഗത്തു് എന്തെല്ലാം പ്രവർത്തനങ്ങളാണു് നടത്താൻ പോകുന്നതു്, ഭൂമി നിയന്ത്രിക്കുന്നതിനു് മൗലികമായ എന്തെല്ലാം പരിഷ്കാരങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു, ഇവ കൂടാതെ ഇന്നയിന പരിഷ്കാരങ്ങൾ ചെയ്യാൻ ഞങ്ങൾ വിചാരിക്കുന്നു എന്നുള്ള സംഗതികൾ ഈ പാളിസി പ്രസംഗത്തിൽ ഉണ്ടായിരുന്നുവെങ്കിൽ, ഞങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

അതു് ആശ്വാസപ്രദമാകുമായിരുന്നു. വാസ്തവമതല്ല; നേരെ മറിച്ചു് എത്രയും ഗ്രസ്പമായി കമിറ്റഡമെൻറ് ഒന്നുംകൂടാതെ ഞങ്ങൾ പലതും ചെയ്യുട്ടുണ്ടു്, എന്നും മറ്റും അവകാശപ്പെടുന്ന ഞങ്ങളുടെ മുഖ്യമന്ത്രിയെ അനുമോദിക്കേണ്ടിയിരിക്കുന്നു. വളരെ അധികം കാര്യങ്ങൾ ചെയ്യിട്ടുണ്ടെന്നു അവകാശപ്പെടുകയും, ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൻ പോകുന്നു എന്നു് പ്രഖ്യാപിക്കാതെയും ആകപ്പാടെ ഒരു കുഴഞ്ഞ മട്ടിൽ എന്തെല്ലാമോ എഴുതിപ്പിടിപ്പിച്ചു് പത്തു പതിനാലു പേജു് അച്ചടിപ്പിച്ചു് രാജപ്രമുഖന്റെ കയ്യിൽ കൊടുത്തു എന്നല്ലാതെ ഞങ്ങൾ ഈ പ്രസംഗത്തിൽ നിന്നും വേറെ ഒന്നുംതന്നെ കാണുന്നില്ല.

സർ, ഏറ്റവും പ്രധാനമായ ഒരു കാര്യം അങ്ങയുടെയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ ശ്രദ്ധയെ അത്തരത്തിൽ ആകർഷിച്ചിട്ടുള്ള ഒന്നാണു് സംസ്ഥാന പുനഃസംഘടനാ റിപ്പോർട്ടു്. അടുത്തതന്നെ സെൻട്രൽ ഗവണ്മെൻറ് പാസ്സാക്കാൻ പോകുന്ന ഒരു ബില്ലിന്റെ ഒരു ഡ്രാഫ്റ്റ് വരുവാൻ പോകുന്നു എന്നും, അതു് ഈ സഭാതലത്തിൽ ചർച്ച ചെയ്യാൻ പോകുന്നു എന്നുമുള്ള വസ്തുത ഈ പ്രസംഗത്തിൽ നിന്നും മനസ്സിലാക്കാം. ഈ റിപ്പോർട്ടു് ഈ രാജ്യത്തിലെ മുഴുവൻ ജനങ്ങളുടെയും ഭാവി സാമ്പത്തിക സംവിധാനത്തെ സാരമായി ബാധിക്കുന്ന ഒന്നായിരിക്കും. ഈ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ഗവണ്മെൻറ് എന്തു നിലപാടു് എടുത്തിരിക്കുന്നു, അതു് ശരിയാണോ, അതിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്നു ആഗ്രഹിക്കുന്നുണ്ടോ, എന്നുള്ളതിനെപ്പറ്റി യാതൊന്നും തന്നെ ഈ പ്രസംഗത്തിൽ കാണുന്നില്ല. ഇതേ സംബന്ധിച്ചു് ഇന്നത്തെ മുഖ്യമന്ത്രിയുടെ കക്ഷിക്കുള്ള അഭിപ്രായവ്യത്യാസത്തെപ്പറ്റി പ്രതിപാദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നില്ല. അതിനുള്ള അവസരം ഈ സഭാതലത്തിൽത്തന്നെ ഇനിയും ഉണ്ടാകും. പക്ഷേ ഒരു കാര്യം പറയാതിരിക്കുവാൻ നിവൃത്തിയില്ല. ദ്വിഭാഷാസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയാണു് ഇൻഡ്യാ ഗവണ്മെൻറിന്റെ സാംസ്കാരികവും, സാമ്പത്തികവും, സാമൂഹ്യവുമായ ഭദ്രതയ്ക്കു് അടിസ്ഥാനം എന്നുള്ള തത്വം വാദപ്രതിവാദത്തിനുള്ള ഒരു വിഷയമാണു്. വളരെ അധികം വാദകോലാഹലങ്ങൾ ഇതു സംബന്ധിച്ചുണ്ടായിട്ടുണ്ടു്. വെടിവയ്പും പ്രകടനങ്ങളും ഇൻഡ്യയുടെ നാനാഭാഗങ്ങളിലും ഇതു സംബന്ധമായി ഉണ്ടായിട്ടുണ്ടു്. ഈ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം, ഈ സംസ്ഥാനത്തിന്റെ നിലപാടു് എന്തായിരിക്കുമെന്നു ഈ പ്രസംഗത്തിൽ സൂചിപ്പിക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ പൂർവ്വാപരവൈരുദ്ധ്യമുള്ള നിലപാടുകൾ ഈ ഗവണ്മെൻറ് എടുത്തിട്ടുണ്ടെന്നു ഖേദത്തോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഒരുകാലത്തു ദ്വിഭാഷാസ്ഥാനത്തിലുള്ള സംസ്ഥാനപുനഃസംഘടനയ്ക്കുവേണ്ടി നിലകൊള്ളുന്നു എന്നു പറഞ്ഞിരുന്ന മുഖ്യമന്ത്രിയുടെ സംഘടന, അതിൽ നിന്നും ഭിന്നമായി ഈ റിപ്പോർട്ടു പുറത്തുവന്നപ്പോളായിരിക്കുന്നു, തമിഴ്നാടുകളെ വിട്ടുകൊടുത്തുകൊടുക്കരുതെന്നുള്ള അഖണ്ഡഭാരതവാദവുമായി വന്നിട്ടുള്ളതായി അറിയാം. അതിനുശേഷം ഇപ്പോൾ അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും പ്രത്യക്ഷത്തിൽ കാണുന്നതു് ദക്ഷിണ സംസ്ഥാനവാദവും ആയിട്ടാണു്. ഒന്നുകിൽ ഒരു സൂനപക്ഷവും കൂടി തങ്ങളുടെ പാർട്ടിയിൽ ചേർന്നുനിന്നുകൊണ്ടു് തങ്ങളെ ഭരിക്കാൻ അനുവദിക്കണം,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

അല്ലെങ്കിൽ തങ്ങൾ ഒരു ന്യൂനപക്ഷമായി നിന്നുകൊണ്ട് മറ്റൊരു കൂട്ടരെ ക്കൊണ്ട് ഭരിപ്പിക്കാനുള്ള അവകാശം തങ്ങൾക്കു ഉണ്ടായിരിക്കണമെന്നുള്ള ഒരു അഭിപ്രായഗതിയാണ് ദക്ഷിണസംസ്ഥാനവാദത്തെ സംബന്ധിച്ചിട ത്തോളം ഇന്നത്തെ ഭരണകക്ഷിക്കുള്ളതെന്നാണ് ഞങ്ങൾക്കുമനസ്സിലാക്കാൻ കഴിയുന്നത്. ഇന്നലെ, ബഹുഭാഷാസംസ്ഥാനം വരികയാണെങ്കിൽ ഉണ്ടാ ക്കാവുന്ന അപകടങ്ങളെ സൂചിപ്പിച്ചു, നേരമ്പോക്കുള്ള ഒരു രംഗം ഇവിടെ നടന്നു. ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ, അദ്ദേഹത്തിനു തന്നെ അറിയാൻപാടില്ലാത്ത ഏതോ ഒരു ഭാഷയിൽ ഒരു പായിൻറ് ആഫ് ഓർ ഡർ ഉന്നയിച്ചു. ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്, അദ്ദേഹം ഉദ്ദേ ശിക്കുന്നതായിട്ട ഞാൻ മനസ്സിലാക്കുന്നത്, കണ്ണാടകവും, തമിഴും, മലയാ ളവും, ഇംഗ്ലീഷും, തുളുവും എല്ലാംകൂടി ചേർന്നുള്ള ഒരു സംസ്ഥാനമാണ ഉണ്ടാകാൻപോകുന്നതെങ്കിൽ, അങ്ങിനെയുള്ള ഒരു സംസ്ഥാനത്തിലെ നിയമസഭയിൽ ഉണ്ടാകാവുന്ന ഒരു രംഗത്തെ ചിത്രീകരിക്കാൻ ഇത്തര ത്തിൽ ഒരു പായിൻറ് ആഫ് ഓർഡർ ഉന്നയിച്ചു എന്നാണ്. നമ്മുടെ മുഖ്യമന്ത്രിതന്നെ ആയിരിക്കട്ടെ അങ്ങനെ ഉണ്ടാകാൻപോകുന്ന ഒരു ബഹുഭാഷാസംസ്ഥാനത്തിലെ മുഖ്യമന്ത്രി എന്നു വന്നാൽ, തുളു, കണ്ണാടകം എന്നിവയിൽ ഏതെങ്കിലും ഭാഷയിൽ ഒരു മെംബർ എഴുനേറ്റുനിന്ന് ഒരു ചോദ്യം ചോദിക്കുകയാണെങ്കിൽ, ഇന്നലെ അദ്ദേഹം ചിരിച്ചതു പോലെ, മുഖത്തു കൈയ്യുംപൊത്തിയിരുന്നു ചിരിക്കാനല്ലാതെ മറ്റൊന്നും അദ്ദേഹത്തിനു സാദ്ധ്യമല്ല. വരാനിരിക്കുന്ന കേരളത്തിൻറെ ഭദ്രതയും, സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയും അനുസരിച്ചു ഒരു ഉറച്ച നിലപാടു എടുക്കാൻ തയ്യാറാകാതെ ഇടയ്ക്കിടയ്ക്കു ദക്ഷിണസംസ്ഥാന മെന്നും അഖണ്ഡകേരളമെന്നും ഖണ്ഡിതമായ ഒരു അഭിപ്രായമില്ലാത്ത ഒരു നിലപാട അദ്ദേഹത്തിനോ അദ്ദേഹത്തിൻറെ പാർട്ടിക്കോ ഇല്ലാതെ വന്നതുനിമിത്തമാണ് നയപ്രഖ്യാപനപ്രസംഗത്തിൽ അതിനെപ്പറ്റി വ്യക്തമായി സൂചിപ്പിക്കാത്തതെന്നു ഞാൻ വിചാരിക്കുന്നു.

സർ, വളരെ ഉൽക്കണ്ഠയോടുകൂടിയാണ് ഈ രാജ്യത്തെ ജനങ്ങൾ ദക്ഷിണസംസ്ഥാനവാദത്തെ വീക്ഷിക്കുന്നത്. ബാംബെയിലും ബംഗാളിലും നടന്നമാതിരിയുള്ള രംഗങ്ങൾ, ദക്ഷിണ സംസ്ഥാനവാദത്തിൻറെ പേരിൽ സ്റ്റേജുചെയ്യാൻ ഈ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. അങ്ങനെ വരികയാണെങ്കിൽ, കാൺഗ്രസ്സ് ഗവണ്മെൻറ് അതിലേയ്ക്കുവേണ്ടി നില കൊള്ളുകയാണെങ്കിൽ അതിനെ അനുകൂലിക്കാൻ ഈ രാജ്യത്തെ ഭൂരി പക്ഷം ജനങ്ങളും ഒരുക്കമല്ല എന്നു ഖണ്ഡിതമായി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാന പുനഃസംഘടനാ റിപ്പോർട്ടിനെയും, ദക്ഷിണ സംസ്ഥാന വാദത്തെയും സംബന്ധിച്ചു ഖണ്ഡിതമായ യാതൊരു വെളി ച്ചവും നൽകാൻ ഈ നയപ്രഖ്യാപനപ്രസംഗം പര്യാപ്തമല്ലെന്നുള്ള അഭി പ്രായം രേഖപ്പെടുത്തിക്കൊണ്ട്, ഭരണിക്കാവു മെംബർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. രാമചന്ദ്രൻ നായർ: സർ, രാജപ്രമുഖൻറെ പ്രസംഗം സശ്രദ്ധം കേട്ടുകഴിഞ്ഞപ്പോൾ, ഏതാണ്ട് അടുത്ത ഒരു കൊല്ലമെങ്കിലും വലിയ ആശങ്കകൾ ഒന്നുമില്ലാതെ കഴിയാമെന്നുണ്ടായിരുന്ന പ്രതീക്ഷയും ഇല്ലാതെയായി. കഴിഞ്ഞ ഒരു വർഷത്തിൽ ഞങ്ങൾ ഇന്നതെല്ലാം ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്, അടുത്തവർഷം ഇന്നതെല്ലാം ചെയ്യാൻ പോകുന്നു എന്നുള്ള വിവരങ്ങളും കേൾക്കുമ്പോൾ, അതിൽ ഏത്രത്തോളമാണു സാദ്ധ്യതയുള്ളതെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും എന്നു കരുതിയിരുന്നു. ഇന്നത്തെ നമ്മുടെ ഗവണ്മെൻറിനു അങ്ങനെയൊരു കാര്യസാദ്ധ്യതയില്ലെങ്കിലും, ഇന്നതെല്ലാം നടക്കാൻ പോകുന്നു, ഇന്നതെല്ലാം നടത്താൻ ആഗ്രഹിക്കുന്നു, എന്നുള്ള വസ്തുതകൾ കേട്ട് എങ്കിലും ഒരു സുഖം ഉണ്ടാകുമെന്നു കരുതിയിരുന്നതും, പ്രസംഗം മുഴുവൻ കേട്ടപ്പോൾ ഇല്ലാതായി എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അതുപോകട്ടെ. ഈ പ്രസംഗം ഒന്നു വായിച്ചുനോക്കാമെന്നു വിചാരിച്ചു, ഒന്നു വായിച്ചു. അപ്പോഴും അതിനകത്തു ആശാവഹമായിയാതൊന്നും തന്നെ കാണുവാൻ കഴിഞ്ഞതില്ല എന്നു പറയുമ്പോൾ അതു മന്ത്രിസഭാംഗങ്ങൾ ക്ഷമിക്കണം. രാജപ്രമുഖൻറെ പ്രസംഗത്തിൽ, കഴിഞ്ഞ വർഷത്തിൽ ഞങ്ങൾ ഇന്നതെല്ലാം ചെയ്തിട്ടുണ്ടു, വരാൻപോകുന്ന വർഷത്തിൽ ഇന്നതെല്ലാം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നുണ്ടു, എന്നുള്ള വിവരങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കണം. അതായതു് അതു ഒരു നയപ്രഖ്യാപനമാണു്. എന്നാൽ ഇപ്പോഴത്തെ പ്രസംഗത്തിൽ അങ്ങനെയുള്ളയാതൊരു വിവരങ്ങളും അടങ്ങിയിട്ടില്ല എന്നു പറയുന്നതു വെറും പരമാർത്ഥമാണു്. ഏതു ഗവണ്മെൻറായാലും ഒരു കൊല്ലംകൊണ്ടു് പല കാര്യങ്ങളും, ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ചു്, ചെയ്തീർക്കാൻ കഴിയുമെന്നുള്ള യാതൊരു ആശയ്ക്കും വകയില്ല.

സർ, നമ്മുടെ രാജ്യത്തിലെ ജനങ്ങളെ വളരെയേറെ അഭിമുഖീകരിച്ചിരിക്കുന്ന ഒരു പ്രശ്നത്തെപ്പറ്റി, യാതൊരു പരാമർശവും ഈ പ്രസംഗത്തിൽ കാണുന്നില്ല. അതായതു തൊഴിലില്ലായ്മ പ്രശ്നത്തെപ്പറ്റിയാണു ഞാൻ സൂചിപ്പിക്കുന്നതു്. ഇക്കാര്യത്തിനു ഏതെങ്കിലും പരിഹാരം നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ ഒന്നുംതന്നെ എനിക്കു ഈ പ്രസംഗത്തിൽ കാണാൻകഴിഞ്ഞിട്ടില്ല. 1954-55-ലെ പ്രസംഗത്തിൽ—അതു് എൻറെ പാർട്ടിയുടെ ഭരണകാലത്തു് ഉണ്ടായിരുന്നതായതുകൊണ്ടു് ഞാൻ പറയുകയാണെന്നു വിചാരിക്കരുതു്—പല നല്ല കാര്യങ്ങളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നു പറയുവാൻ ഞാൻ സന്തോഷിക്കുന്നു.

11 A.M. മണ്ണെണ്ണലിപ്പനിവാരണപദ്ധതി, കാളനൈസേഷൻ തുടങ്ങി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് വളരെ സാദ്ധ്യതയുണ്ടായിരുന്ന പല പദ്ധതികളും അന്നു രാജപ്രമുഖൻറെ പ്രസംഗത്തിലുണ്ടായിരുന്നു. ഇന്നാകട്ടെ, പഞ്ചവത്സരപദ്ധതികൊണ്ടു തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാക്കുമെന്നുമാത്രമാണു് പറയുന്നതു്. സർ, തൊഴിലില്ലായ്മ ഇത്ര ഗൗരവതരമായി ഈ നാട്ടിൽ ബാധിച്ചിട്ടും അതു് അത്രമാത്രം കാര്യമായി കരുതി പ്രവർത്തിക്കുന്നതിനു നമ്മുടെ മന്ത്രിമാർ എന്തുകൊണ്ടു തയ്യാറാകുന്നില്ല എന്നാണു ഞാൻ ചോദിക്കുന്നതു്? തൊഴിലാളിവർഗ്ഗത്തിനു മാത്രമല്ല, ഈ രാജ്യത്തെ ഇടത്തരക്കാരായ സാധാരണക്കാർക്കും അഭ്യസ്തവിദ്യരായ ആളുകൾക്കും ഇപ്പോൾ തൊഴിലില്ലായ്മ വർദ്ധിച്ച തോതിൽ അനുഭവപ്പെടുന്നുണ്ടു്. സാധാരണക്കാരായ കർഷകരുടെ, ചെറിയ ചെറിയ ഭൂവുടമകളുടെ വ്യത്തൽ ഒന്നുംതന്നെ ചെയ്യുകാണുന്നില്ല. ഈ രാജ്യത്തിൻറെ സകല ഭാഗത്തും ഇക്കൂട്ടർ ചിന്നിച്ചിതറി കിടക്കുകയാണു്. അവരുടെ കാര്യത്തിൽ ഒരു ശ്രദ്ധ ചെലുത്തിയിരിക്കുകയാണു്. എൻറെ അറിവു് ശരിയാണെങ്കിൽ, പബ്ലിക്കുവർക്സ് മൂലം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. കെ. രാമചന്ദ്രൻ നായർ]

നാട്ടിലെ ഒട്ടധികം ആളുകൾക്ക് ജോലി കൊടുക്കാൻ സാദ്ധ്യതയുണ്ട്. പബ്ലിക്ക് വർക്ക്സിനുവേണ്ടി ഞാൻ മനസ്സിലാക്കിയിരിക്കുന്നതു് ശരിയാണെങ്കിൽ, 16 കോടി രൂപയ്ക്ക് പകരം 2 കോടി രൂപയാണ വിനിയോഗിക്കാൻ പോകുന്നതു്. അതായതു് വരുന്ന ഫൈനാൻസുവർഷത്തിൽ യാതൊരു പുതിയ ജോലിയ്ക്കും വക കൊള്ളിക്കാതെ മുൻപു ബഡ്ജറ്റിൽ ചേർത്തിരുന്ന പദ്ധതികൾ പൂർത്തിയാക്കാനുള്ള ശ്രമമാണ നടത്തുന്നതു്. ഇപ്പോഴത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഏറ്റവും പറ്റിയ പബ്ലിക്കുവർക്ക്സിനു വളരെ കുറവായിട്ടെ സാദ്ധ്യതയുള്ളു എന്നു കാണുന്നതു ഖേദകരമാണു്. ഇതു സംബന്ധിച്ചു വളരെ പറയാനുണ്ടെങ്കിലും അതിനു ഇനിയും അവസരം കിട്ടുമെന്നുള്ളതുകൊണ്ടു് ഇപ്പോൾ അധികമൊന്നും പറയുന്നില്ല.

രണ്ടാമതായി എനിക്കു പറയാനുള്ളതു് സെറ്റിൽമെൻറ് ലാൻഡു സംബന്ധിച്ചാണു്. താമസിക്കാൻ ഭൂമിയില്ലാത്ത ആളുകൾക്കു്, പുറമ്പോക്കുകളായും, റിസർവ്വു വനങ്ങളായും കിടക്കുന്ന സ്ഥലങ്ങൾ കൊടുത്തു സൗകര്യം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തിൽ ഒരു ലാൻഡു കമ്മിഷനെ നിയമിക്കാൻ പോകുന്നതായി പറയുന്നു. എത്ര വർഷങ്ങളായി സർ, സ്വാതന്ത്ര്യവും ഉത്തരവാദഭരണവും വന്നുകഴിഞ്ഞിട്ടു്? ഇനിയും ഈ വക പ്രശ്നങ്ങൾക്കു ഒരു പരിഹാരം കാണാത്തതു് പരിതാപകരമാണു്. പുറമ്പോക്കുകളുടെ ശരിയായ ഒരു സർവ്വേ റിക്കാർഡു് ഇല്ലാത്തതുമൂലം പുറമ്പോക്കുഭൂമികൾ ഉണ്ടോ എന്നതുതന്നെ സംശയമാണു്. കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ കഴിഞ്ഞ ഒരു വർഷം കൊണ്ടുതന്നെ അനവധി ആളുകൾക്കു വീടുകൾ ഉണ്ടാക്കാമായിരുന്നു. ചോദ്യോത്തരവേളയിൽ കേൾക്കാൻ സാധിച്ചിട്ടുണ്ടു്, ഹരിജനങ്ങൾക്കുവേണ്ടി കോളനികൾ ഉണ്ടാക്കുന്നുണ്ടെന്നു്. കൊല്ലത്തു ഗവണ്മെൻറിൽ നിന്നും നിർമ്മിച്ചിട്ടു വീടുകൾ റയിൽവെസ്റ്റേഷനടുത്തുള്ള ശ്മശാനത്തിനുതൊട്ടു അടുത്തു കാണാം. ഒന്നിനു തൊട്ടു മറ്റൊന്നു എന്ന രീതിയിൽ ഓരോ വീട്ടിനും മുൻപിൽ കക്കൂസും. അതു കണ്ടാൽ ആദ്യം അതെന്താണു്, എന്തുപയോഗത്തിനു വേണ്ടി ഉണ്ടാക്കിയിരിക്കുന്നു എന്നു സംശയം തോന്നും. അതിനുവേണ്ടി കുറെ പണം വൃഥാചെലവാക്കിയിരിക്കുകയാണു്. ആരുടെ മേൽനോട്ടത്തിൽ, ഉത്തരവാദിത്വത്തിൽ അതു ഉണ്ടാക്കിയെന്നു ആരും ചോദിച്ചുപോകും. അതുപോലെ തന്നെ ഹരിജൻ കോളനികളുടെ കാര്യം. ഹരിജനങ്ങൾക്കു അധികമായി താമസിക്കുന്ന പല നിയോജകമണ്ഡലങ്ങളുണ്ടു്. ചെങ്ങന്നൂർ നിയോജകമണ്ഡലവും ഒരു ഹരിജൻ കേന്ദ്രമാണു്. അവിടെ ഒരു ഹരിജൻ കോളനിയും കാണുന്നില്ല, വീടും കാണുന്നില്ല. വടക്കും തെക്കും മാറ്റുത്തു മാത്രമെ ഈ സൗജന്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതായി കാണുന്നുള്ളു. സംസ്ഥാനത്തു മദ്ധ്യഭാഗത്തു ചില പ്രദേശങ്ങൾ ഉള്ളതായി അധികൃതർക്കു അറിവില്ലേ എന്നുപോലും ശങ്കിക്കേണ്ടിയിരിക്കുന്നു. അനവധി ഹരിജനങ്ങൾ പാർക്കുന്ന ചെങ്ങന്നൂരിൽ ഒരൊറ്റ കോളനിയോ, ഒരൊറ്റ ഭവനനിർമ്മാണപദ്ധതിയുമനുസരിച്ചു വീടോ കാണുന്നില്ല. സെറ്റിൽമെൻറ് ലാൻഡ് സംബന്ധിച്ചു കാര്യക്ഷമമായി യാതൊരു നടപടിയും ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതായി രാജപ്രമുഖൻറെ പ്രസംഗത്തിൽനിന്നും മനസിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി എനിക്ക പറയാനുള്ളതു് സിവിൽസപ്ലൈസിനെപ്പറ്റി യാണു്. സർ, ഏതെങ്കിലും ഒരു കടലാസു് ഒരു ആഫീസിലേയ്ക്കു് അയച്ചാൽ, ആ കടലാസിന്റെ കൂടെ, അതുകൊടുക്കുന്ന ആൾക്കൂടി പോയില്ലെങ്കിൽ അതുകൊണ്ടു് പ്രയോജനമില്ലാത്ത ഒരവസ്ഥയാണു് ഇന്നും തുടരുന്നതു്. എന്റെ സ്നേഹിതൻ ശ്രീ. ചാഴിക്കാട്ട ജോസഫു് കഴിഞ്ഞ സമ്മേളനത്തിൽ പറയുകയുണ്ടായി, സെക്രട്ടറിയേറ്റിൽ കൊടുക്കുന്ന അപേക്ഷകളിൽ ഒട്ടിക്കുന്ന രണ്ടുരൂപ സ്റ്റാമ്പു് ഇളക്കിയെടുത്തിട്ടു അപേക്ഷ നശിപ്പിക്കുകയോ, കാണാതാക്കുകയൊ ചെയ്യുന്ന ഒരു പതിവുണ്ടെന്നു്. സർ, അതുപോലുള്ള അനുഭവം എനിക്കും ഉണ്ടായിട്ടുണ്ടു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിട്ടു കണ്ടു ഞാൻ കൊടുത്ത ഒരു അപേക്ഷ, രണ്ടുരൂപ സ്റ്റാമ്പൊട്ടിച്ചു കൊടുത്തതു് ഇപ്പോൾ എവിടെയെന്നറിയുന്നില്ല. സെക്രട്ടറിയേറ്റമുഴുവൻ അന്വേഷിച്ചതിൽ അതു കണ്ടുകിട്ടിയില്ല. ഇതുപോലുള്ള അനുഭവങ്ങൾ പലർക്കും ഉണ്ടാകുന്നുണ്ടു്. വളരെ പ്രാധാന്യമുള്ള പല കാര്യങ്ങളും കൈകാര്യം ചെയ്യുന്ന ആഫീസുകളിൽ ഓരോ ഫയലും നീങ്ങുന്ന രീതി വളരെ വിചിത്രമാണു്. ആഫീസിലുള്ളവർക്കാണെങ്കിൽ ശമ്പളത്തിനു കുറവില്ല, ഇനിയും ശമ്പളം കൂട്ടിക്കൊടുക്കുന്നതിൽ എനിക്കു വിരോധമില്ല. പക്ഷെ ചെയ്യുന്ന ജോലി ഉത്തരവാദിത്വബോധത്തോടെ ചെയ്യു ം. ഐ. ഏ. എസ്സു്. കാർ ഭീമമായ ശമ്പളം പറ്റുന്നുണ്ടു്. ജനലക്ഷങ്ങളുടെ ജീവ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അവർ അനാവശ്യമായ കാലതാമസവും, കുഴപ്പങ്ങളും ഉണ്ടാക്കി ഓരോ ഫയലും താമസിപ്പിക്കുന്നതു ക്ഷന്തവ്യമല്ല. ഉദ്യോഗസ്ഥന്മാർക്കു ശമ്പളം പോരാ എന്നു പരാതിയുണ്ടു്. വലുപ്പച്ചെറുപ്പം കാണാറുണ്ടു്, പല ആഫീസുകളിലും വെറുതെ സൊള്ളലുമായി കഴിയുകയാണു പലരും. മന്ത്രിമാരുടെ കാര്യമാണെങ്കിൽ, ഓരോ ഫയലും വേണ്ടപോലെ നോക്കി പഠിക്കുന്നതിനു് അവർക്കു സമയം കിട്ടുന്നില്ലെന്നു പറഞ്ഞുകേൾക്കാറുണ്ടു്. താഴെ നിന്നു കൊണ്ടുവരുന്ന നോട്ടിന്റെ അടിസ്ഥാനത്തിലാണു് മന്ത്രിമാർ ഓർഡർ പാസാക്കേണ്ടതു്. ചക്കയ്ക്കു് ചുക്കെന്നു നോട്ടിട്ടുവന്നാൽ അതു വേണ്ടപോലെ പരിശോധിക്കാതെ കൈകാര്യം ചെയ്യുന്നതു് അപകടമായിരിക്കും. സർ, ഏതോടത്തെന്നു പറഞ്ഞിട്ടുണ്ടു് മന്ത്രിമാർക്കു് ഇതൊക്കെ വായിച്ചു നോക്കാനുള്ള സമയമില്ലെന്നു്. ഒരു മനുഷ്യന്റെ, ഒരു കുടുംബത്തിന്റെ ജീവനെപ്പോലും സ്പർശിക്കുന്ന കാര്യങ്ങളായിരിക്കും ആഫീസുഫയലുകളിലെ കടലാസുകളിൽ കാണുക. അതുപോലുള്ള കടലാസുകൾ നിയമപ്രകാരം അയച്ചാൽ അതു എവിടെ പോകുന്നു, അതിന്റെ സ്ഥിതി എന്താകുന്നു എന്നറിയാൻ സാധിക്കാതെ വരുന്നതു് വളരെ പരിതാപകരമാണു്. സർ, ആഫീസിലെ ഒരു ശിപായി വിചാരിച്ചാൽ മതി, അയയ്ക്കപ്പെടുന്ന കടലാസു് എത്ര ഗൗരവതരമായ കാര്യം ഉൾക്കൊള്ളുന്നതാകട്ടെ ഫയലിൽ നിന്നു വലിച്ചൂരി നശിപ്പിക്കാൻ.

അനാവശ്യമായ കാലതാമസം വരുത്തുന്നതിനു പല ഉദാഹരണങ്ങളും പറയാനുണ്ടു്. ലാന്റു അക്വിസിഷൻ സംബന്ധിച്ചു പാർട്ടികൾക്കു ലഭിക്കാനുള്ള പണം ഒൻപതും പത്തും വർഷം കഴിഞ്ഞിട്ടും കിട്ടാത്ത അനുഭവമുണ്ടു്. അതുപോലെതന്നെ ഗവണ്മെന്റു സർവ്വീസിലുള്ള ഉദ്യോഗസ്ഥൻ മരിച്ചതിനുശേഷം, അയാൾക്കു് കിട്ടാനുണ്ടായിരുന്ന പണം 12 കൊല്ലമായിട്ടും അവകാശികൾക്കു ലഭിച്ചിട്ടില്ല. ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. കെ. രാമചന്ദ്രൻ നായർ]

സങ്കടങ്ങൾ കേൾക്കുന്നതിനും, പരാതികൾക്കു പരിഹാരം ഉണ്ടാക്കുന്നതിനും ഏതെങ്കിലും ഒരു കമ്മിറ്റിയെ നിയമിക്കുന്നതു നന്നായിരിക്കും. കമ്മിറ്റിയെ നിയമിക്കുന്നതു സെക്കൻഡ് ഹാൻഡ് ബസ്സുകൾക്കുമാറ്റം കൂടുകയും, മാറ്റ പാർട്സും മാറ്റാറുണ്ടായി വരുന്നതുപോലെ പെൻഷൻ പറ്റിയവരും, പ്രായാധിക്യംകൊണ്ടു വിഷമിക്കുന്നവരും അംഗങ്ങളായി വന്നാൽ വിഷമമാണ്. ഉദ്യോഗസ്ഥനുദ്യോഗസ്ഥനുരടങ്ങിയ നിഷ്പക്ഷമായി പരാതികൾ കേട്ടു തീരുമാനിക്കാൻ അധികാരമുള്ള ഒരു കമ്മിറ്റിയെ നിയമിക്കുന്നതു നന്നായിരിക്കും. കഴിയുന്നതും റിട്ടയർചെയ്തുകഴിഞ്ഞവരെ ഇതിൽ ഉൾപ്പെടുത്താതിരിക്കുന്നതു കൊള്ളാം. അങ്ങനെ ഓഫീസർ സാധാരണ ഉച്ചസമയത്തുംമാറ്റും കാണാൻ ചെന്നാൽ ഉറക്കമായിരിക്കും. അങ്ങനെയുള്ളവരെ ഈ മാതിരി കാര്യങ്ങളിൽ ചുമതലക്കാരാക്കുന്നതു ശരിയല്ല. നല്ല ആരോഗ്യവും സത്യസന്ധതയുമുള്ള ചെറുപ്പക്കാരെ ഈ കമ്മിറ്റിയിൽ നിയമിക്കുന്നതായിരിക്കും കൂടുതൽ പ്രയോജനകരം. നാല്പത്തഞ്ചും അൻപതും വയസുപ്രായമുള്ള അനവധി സത്യസന്ധന്മാരായ ആളുകളുണ്ട്.

ശ്രീ. എ. താണുപിള്ള: എത്ര വയസ്സുപ്രായംവരെയാണ് ചെറുപ്പക്കാരെന്നു പരിഗണിക്കുക?

ശ്രീ. സി. കെ. രാമചന്ദ്രൻ നായർ: അൻപതു അൻപത്തഞ്ചു വയസ്സു വരെ.

ശ്രീ. എ. താണുപിള്ള: അഞ്ചു വർഷംകൂടി കഴിഞ്ഞിട്ടു 56 വയസുവരെയുള്ളവരെ ചെറുപ്പക്കാരായി കണക്കാക്കാമോ?

ശ്രീ. സി. കെ. രാമചന്ദ്രൻ നായർ: ബഹുമാനപ്പെട്ട മെമ്പറെ സംബന്ധിച്ചാണെങ്കിൽ എഴുപതു എഴുപത്തഞ്ചുവരെ കണക്കാക്കാം.

സർ, എന്റെ അമൻഡ്മെന്റിനെ കുറിച്ചു് ചില കാര്യങ്ങൾകൂടി പറഞ്ഞിട്ടു അവസാനിപ്പിക്കാം. ഞാൻ പ്രാദേശികമായ താൽപര്യങ്ങൾ വച്ചു പറയുന്നതല്ല. വളരെ ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ട ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മദ്ധ്യതിരുവിതാംകൂറിൽ മാവേലിക്കര, തിരുവല്ല, മറ്റു പല സ്ഥലങ്ങളെപ്പറ്റിയും ഈ ഗവണ്മെന്റ് പ്രത്യേകമായി പരിഗണിച്ചിട്ടില്ലെന്ന പല അനുഭവങ്ങളും ഓരോന്നും മനസ്സിലാക്കാവുന്നതാണ്. വിദ്യാഭ്യാസപരമായോ, മറ്റു വികസനപദ്ധതികളുടെ സ്വീകരണത്തിലോ ആ പ്രദേശങ്ങൾ ഉൾപ്പെടുത്താതെ തീരെ അവഗണിച്ചിരിക്കുകയാണ്. ഇതുവരെ ഒരു മന്ത്രിയാകട്ടെ, ഉയർന്ന ഉദ്യോഗസ്ഥന്മാരാകട്ടെ ആ പ്രദേശങ്ങളെ പ്രതിനിധീകരിക്കാൻ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയല്ലേ ഈ അവഗണനയുടെ കാരണമെന്നും സംശയിക്കേണ്ടിയിരിക്കുന്നു. പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഷോളയാർ പദ്ധതി, ചാലക്കുടി പദ്ധതി മുതലായവയുടെ കൂട്ടത്തിൽ പവർ റിവർസ്കീം കൂടി കേട്ടിരുന്നതാണ്. പക്ഷേ, അതിനെപ്പറ്റിയൊന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഒന്നും പറഞ്ഞു കേട്ടില്ല. പവർ ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പേരു മുമ്പു കേട്ടിരുന്നതാണ്. ഇപ്പോൾ അതു ഇല്ലാതാകാൻ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. മറ്റു ചിലതിന്റെ പേരു കാണുകയും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ഇല്ലാതാകുകയും ചെയ്യുതുകൊണ്ട് ഞാൻ ചോദിക്കുന്നതാണ്. ഇതിനെപ്പറ്റി കൂടുതലായി എനിക്കു പറയാനുണ്ടെങ്കിലും ഇറിഗേഷൻ സംബന്ധിച്ചും മറ്റും പറയാൻ സന്ദർഭം ഇനിയും ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഇപ്പോൾ അധികം പറയുന്നില്ല. രാജപ്രമുഖന്റെ പ്രസംഗത്തിൽ പുതുതായ ആശയ്ക്കും ആശ്വാസത്തിനും വക കാണാതിരുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് അവതരണ സമയത്തു് പരിഹാരം ഉണ്ടാകുമെന്നും, കേട്ട സന്തോഷിക്കുന്നതിനുവേണ്ടിയെങ്കിലും മദ്ധ്യതിരുവിതാംകൂറിലെ വികസനപദ്ധതികളെപ്പറ്റി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശിക്കപ്പെടുമെന്നും വിശ്വസിക്കുകയാണ്. അങ്ങനെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ആശയ്ക്കും ആശ്വാസത്തിനും ഇടലഭിക്കുമെന്നുള്ള സമാധാനത്തോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ടി. ബാവാ : സർ, രാജപ്രമുഖൻ തിരുമേനി ഈ സഭയുടെ ഉദ്ഘാടനം ചെയ്ത അവസരത്തിൽ ചെയ്ത പ്രസംഗത്തിനു കൃതജ്ഞത പ്രകടിപ്പിക്കേണ്ട ചുമതല ഈ സഭയ്ക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. വളരെയധികം കാര്യങ്ങൾ ഈ രാജ്യത്തിൽ നടക്കേണ്ടതായിട്ടുണ്ട്. ഈ രാജ്യത്തു ചെയ്തുതീർക്കേണ്ട എല്ലാകാര്യങ്ങളും ഈ രാജ്യത്തെ അഭിമുഖീകരിക്കുന്ന എല്ലാപ്രശ്നങ്ങളും ഒരു നയപ്രഖ്യാപന പ്രസ്താവംമൂലം ഒരുകൊല്ലംകൊണ്ടു് ചെയ്തു് തീർക്കുവാൻ സാദ്ധ്യമല്ലെന്നു എല്ലാവർക്കും അറിയാവുന്നതാണ്. പരിഹരിക്കേണ്ടതായിട്ടുള്ള പ്രശ്നങ്ങൾ അനവധിയുണ്ടു്. ആ വക എല്ലാപ്രശ്നങ്ങളും ആ പ്രസംഗത്തിൽ ഇല്ലാത്തതുകൊണ്ടു് കുറവുപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഈ രാജ്യത്തു സാമ്പത്തികമായും ഭരണസംബന്ധമായും മറ്റും വ്യത്യാസം വരുത്തേണ്ട ആവശ്യമുണ്ടെന്നു എല്ലാഭാഗത്തിൽപ്പെട്ട ആളുകളും സമ്മതിക്കുന്നു. രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ ഭരണനിർവ്വഹണം ഇക്കൊല്ലം നിയമമാക്കുമെന്നു ഖണ്ഡിതമായി പ്രസ്താവിച്ചു സമിതിക്കുന്നു നമ്മുടെ മുമ്പിലുള്ള എല്ലാ ഭരണയന്ത്രങ്ങളും അടുത്ത മേടിയിൽത്തന്നെ പരിഷ്കരിച്ചു നിയമമാക്കുന്നതു് ഈ രാജ്യത്തിനു അത്യന്തം ഗുണകരമായിരിക്കും.

കൂടാതെ, ഇതിനുമമ്പു കൊണ്ടിവച്ചിട്ടുള്ള പല നല്ല കാര്യങ്ങളും ഇക്കൊല്ലം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി പ്രസംഗത്തിൽ നിന്നു കാണാം. ഞങ്ങളുടെ പ്രദേശത്തുള്ള ഭൂതത്താൻകെട്ടണ വളരെ നാളായി ഇവിടെ പറഞ്ഞുകൊണ്ടിരുന്ന ഒരു കാര്യമാണ്. ഓരോ കൊല്ലവും ഓരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞു തള്ളിമാറ്റിക്കൊണ്ടു പോവുകയാണുണ്ടായതു്. എന്നാൽ അടുത്ത വർഷത്തിൽ ഭൂതത്താൻകെട്ടണയുടെ പണി നടത്താൻ ഉദ്ദേശിക്കുന്നതായി പ്രസംഗത്തിൽ പറഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. അതുപോലെതന്നെ പല ഗ്രാമപ്രദേശങ്ങളിലും പട്ടണങ്ങളിലും ശുദ്ധജലവിതരണം അടുത്തകൊല്ലം നടപ്പിൽ വരുത്തുവാൻ പോകുന്നതായി കാണുന്നതിലും സന്തോഷിക്കേണ്ടതാണ്. കോട്ടയത്തും കൊല്ലത്തും, മട്ടാഞ്ചേരിയിലും തൃശ്ശൂരിലും, മറ്റും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികളും ഇക്കൊല്ലം സ്വീകരിക്കുന്നതാണെന്നും പ്രസംഗത്തിൽ പറയുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവാ]

തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും അതു വ്യക്തമാക്കിയിട്ടില്ല. ഇന്നയിന്ന ഗ്രാമങ്ങളിലാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളതെന്നു പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. എന്നാൽ അതു ഒരു കുറവായി ഞാൻ കാണുന്നില്ല. പല പ്രദേശങ്ങളിലും ശുദ്ധജലവിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇന്നതൊക്കെയാണെന്നു ഞാൻ മറ്റു വിധത്തിൽ മനസ്സിലാക്കിയിട്ടുണ്ട്. ആലുവാ, പറവൂർ എന്നീ പട്ടണങ്ങളിലും ഈ രണ്ടു പട്ടണങ്ങളുടെയും ഗ്രാമങ്ങളിലും ശുദ്ധജലവിതരണത്തിനുള്ള പ്രവർത്തനം അടുത്ത സാമ്പത്തികവർഷത്തിൽത്തന്നെ തുടങ്ങുവാൻ തീരുമാനിച്ചതിൽ ഗവണ്മെന്റിനെ അഭിനന്ദിക്കുന്നു. ആ ഓരോ ഐറ്റവും പ്രത്യേകം എടുത്തു എണ്ണി എണ്ണി പറഞ്ഞു പ്രസംഗിക്കുവാൻ ഒക്കാത്തതുകൊണ്ടാണ് അങ്ങനെയുള്ള വിശദീകരണം നൽകാതിരുന്നതെന്നു മനസ്സിലാക്കുവാൻ വിഷമമില്ല.

ഇങ്ങനെയുള്ള രാജ്യക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്ക് അടുത്തകൊല്ലം ഉന്നംവച്ചുകൊണ്ടാണ് രാജപ്രമുഖൻ പ്രസംഗിച്ചിരിക്കുന്നത്. അതുപോലെ, മുനിസിപ്പാലിറ്റി, പഞ്ചായത്തു്, മുതലായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു ലോണായും ഗ്രാന്റായും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് കൂടുതൽ തുക അടുത്തകൊല്ലം കൊടുക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടെന്നു രാജപ്രമുഖൻ തിരുമേനി പ്രഖ്യാപിച്ചിട്ടുണ്ട്. അതും വളരെ നല്ല ഒരു കാര്യമാണ്. ഞങ്ങളുടെ പ്രദേശങ്ങളിൽ ഇങ്ങനെയുള്ള ഗ്രാന്റുകളൊന്നും, പഞ്ചായത്തുകളിലേയ്ക്കായാലും, മുനിസിപ്പാലിറ്റികളിലേയ്ക്കായാലും ഇതേവരെ കിട്ടാൻ ഭാഗ്യമില്ലായിരുന്നു. എന്നാൽ മേലിൽ അപ്രകാരം സംഭവിക്കാവുന്നതും ഭീമമായ തുക ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കു ഗ്രാന്റു കിട്ടുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നതു കാണുന്നതു് ആശാസപ്രദമായ ഒരു കാര്യമാണ്. ഡെവലപ്പുമെന്റു പദ്ധതികൾക്കു് അടുത്തകൊല്ലം വേണ്ടത്ര നർദ്ദേശങ്ങൾ ഉണ്ടു്. ഇക്കൊല്ലം അതിലേയ്ക്കു് മുപ്പതുലക്ഷം രൂപയാണ് വെള്ളിച്ചിട്ടുണ്ടായിരുന്നതു്. ഇന്നലെ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി പറഞ്ഞതു് ഇക്കൊല്ലംതന്നെ ഈ തുക മുഴുവൻ ചെലവാക്കാൻ സാധിക്കും എന്നാണ്. ഈ ഡെവലപ്പുമെന്റു പദ്ധതി തുടർന്നു നടത്തുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ പലവിധത്തിലുള്ള പുരോഗമനവും ഉണ്ടാകാനിടയുണ്ടു്.

ഇങ്ങനെയുള്ള രാജ്യക്ഷേമകരങ്ങളായ പല കാര്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്ന ആ പ്രസംഗത്തെ പ്രതിപക്ഷാംഗങ്ങൾ ഇത്രയേറെ വിമർശിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി ആ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിനെ സംബന്ധിച്ചു് എതിർപക്ഷകക്ഷിയുടെ നേതാവു് പറഞ്ഞതിനോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. എസ്. ആർ. സി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കേരളത്തിനെതിരായി ഒരു കർണ്ണാടക സംസ്ഥാനമോ, കർണ്ണാടക കേരള സംസ്ഥാനമോ അല്ലെങ്കിൽ ഒരു ദക്ഷിണ ഇൻഡ്യൻ സംസ്ഥാനമോ ഒന്നും തന്നെ ഈ നിയമസഭ തീരുമാനിച്ചിട്ടില്ല; നിയമസഭയുടെ ചർച്ചയ്ക്കു വിഷയമാക്കിയിട്ടില്ല. മറ്റു ഈ സഭയിൽ പ്രകടമായിക്കണ്ട അതേ നിലപാടിൽത്തന്നെ ആണ് ഇപ്പോഴും അക്കാര്യം ഇരിക്കുന്നതു്. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരായി എന്തെങ്കിലും രാജപ്രമുഖൻ തിരുമേനി തന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുന്നതു്, ഈ നിയമസഭയിൽ വച്ചു് പ്രഖ്യാപിക്കുന്നതു് ജനാധിപത്യ തത്വ വിരുദ്ധമെന്ന എതിരാണെന്നുള്ളതിനു സംശയമില്ല. ഇന്നു് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ നിലപാടിനെക്കുറിച്ചും ചില വിമർശനങ്ങൾ നടന്നു. എതെങ്കിലും വിധത്തിൽ കേരള സംസ്ഥാനം ഉണ്ടാകാനാഗ്രഹിക്കുകയും, അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയാണു് ഇവിടത്തെ കോൺഗ്രസ് പാർട്ടി. അതെല്ലാവക്കും അറിയാം. കോൺഗ്രസുകാർ കേരള സംസ്ഥാനം ഇല്ലാതാക്കുന്നതിനുവേണ്ടി നിലകൊള്ളുന്നുഎന്നു പറയുമ്പോൾ ഖേദിക്കാതെ നിവൃത്തിയില്ല. ഇങ്ങനെയുള്ള പ്രസ്താവനകൾ ചെയ്തു ഈ പ്രമേയം ഈ നിയമസഭയിൽ പാസ്സാക്കുന്നതിനെതിരായ ഒരു വാദമുഖമായി പൊന്തിച്ചുകൊണ്ടുവരുന്നതു് ശരിയാണോ എന്നു ബഹുമാനപ്പെട്ട മെംബറന്മാർ ചിന്തിക്കേണ്ടതാണു്. അതിനാൽ ആ പ്രശ്നം, സംസ്ഥാനപുനഃസംഘടനയെപ്പറ്റി ഒരു ഖണ്ഡിതമായ പരാമർശനം, രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉണ്ടായിരുന്നതു് തെറ്റാണെന്നു പറയുന്നതിനോടു് യോജിക്കാൻ എനിക്കു് നിർവാഹമില്ല. യഥാർത്ഥത്തിൽ ഖണ്ഡിതമായ പരാമർശം ഇക്കാര്യത്തിൽ നിയമസഭകൈക്കൊണ്ടിരിക്കേ ഇതിലുപരിയായ ഒരു പരാമർശനം നടത്താതിരുന്നതിൽ നാം രാജപ്രമുഖൻ തിരുമേനിയെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ശ്രീ. നാരായണൻപോറ്റി അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഈ പ്രസംഗം ആകെ കൂടി വായിച്ച അവസരത്തിൽ നമ്മുടെ രാഷ്ട്രീയ ശരീരത്തിൽ, അജഗളസ്തനം പോലെ, അധികപ്പറ്റായികിടക്കുന്ന ഒരവയവമാണു് നമ്മുടെ രാജപ്രമുഖൻ എന്നുവിശ്വാസം ഒന്നുകൂടി ഉറപ്പിക്കുവാൻമാത്രമാണു് ഈ പ്രസംഗം ഉപകരിച്ചിട്ടുള്ളതു് എന്നെനിക്കു തോന്നി. നിയമസഭ കൂടുന്ന എല്ലാ അവസരങ്ങളിലും, വളരെയധികം ചടങ്ങുകളോടും ആർഭാടത്തോടുംകൂടി പുതിയ ചില വേഷങ്ങളും കെട്ടി രാജപ്രമുഖൻ വരുന്നതായി ഞാൻ കാണാറുണ്ടു്. എന്തെങ്കിലും പുതിയതായ ചില നയപ്രഖ്യാപനം എന്നുള്ളനിലയിൽ രാജപ്രമുഖന്റെ പ്രസംഗത്തിൽനിന്നും ചിലതൊക്കെ കേൾക്കുവാൻ കഴിയുമെന്നുള്ളതാണു് ആ ചടങ്ങിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. പതിനാലുപേജുള്ള ഒരു പുസ്തകം വായിച്ചതിൽനിന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ കഴിഞ്ഞകൊല്ലം ഇവിടെ ചെയ്തിട്ടുള്ള കാര്യങ്ങളെപ്പറ്റിയുള്ള ഒരാവർത്തനമെന്നുള്ളതിൽ കവിഞ്ഞു് പുതിയതായ ഒരു നയം ഈ ഗവണ്മെന്റു് തുടരുവാനാഗ്രഹിക്കുന്നു എന്നുള്ളതിന്റെ ഒരു സൂചനപോലും ആ പ്രസംഗത്തിൽ ഇല്ല. കേവലം രണ്ടു വർഷത്തെ അവസാനിപ്പിക്കുവാൻ കഴിയുന്ന ഒരു പ്രസംഗമായിരുന്നു അതു്. നിങ്ങളെ ഇന്നയിന്ന കാര്യങ്ങൾക്കാണു വിളിച്ചിരിക്കുന്നതു്, അടുത്തകൊല്ലം രണ്ടാമത്തെ പഞ്ചവത്സരപദ്ധതി തുടങ്ങുമെന്നുള്ളതിനാൽ ആ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം എന്റെ ഗവണ്മെന്റു് ചെയ്യുന്നതാണു് എന്നു ഒരു വരിയും, എസ്സു്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി നിങ്ങൾ എന്തെങ്കിലും തീരുമാനം ചെയ്യുകൊള്ളണമെന്നു രണ്ടാമത്തെ വരിയും ഇങ്ങനെ രണ്ടു വരികൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ഈ പ്രസംഗം അവസാനിപ്പിക്കാവുന്നതാണു്. പുതിയതായി എന്തെങ്കിലും ഇന്നത്തെ ഗവണ്മെൻറിനു അവകാശപ്പെടാവുന്നതായി ഈ പ്രസംഗത്തിൽ ഉണ്ടെങ്കിൽ അതു് സ്റ്റേറ്റ് ട്രേയിഡിഗ് കാർപ്പൊറേഷൻ മാത്രമാണു്. അല്ലാതെ പുതിയതായി ഗവണ്മെൻറിനേറതായി അവകാശപ്പെടാൻ ഒന്നുംതന്നെയില്ല.

ലാൻഡ് കമ്മിഷനെപ്പറ്റി എൻറെ സ്നേഹിതൻ ശ്രീ. മാത്യു വളരെ അധികം പുകഴ്ത്തി പറയുകയുണ്ടായി. ഈ അവസരത്തിൽ ഈ രാജ്യത്തു് ഒരു ട്രസ്റ്റ് നടത്താൻ ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു വേണ്ട തുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നാണു് പറയുന്നതു്. നമുക്കറിയാം, ഏതൊരു പ്രവിശ്യയേക്കാളും ഭൂമിക്കുവേണ്ടിയുള്ള സമ്മർദ്ദം വളരെ കൂടുതലായി ഈ രാജ്യത്തിനുണ്ടെന്നു്. ഇവിടെ ഒരു സർവ്വെ നടത്തി വളരെ അധികം ഭൂമി എടുക്കാൻ കഴിയും എന്നുള്ള കാര്യത്തിൽ ആർക്കും വളരെ അധികം അഭിപ്രായവ്യത്യാസം ഉണ്ടാകേണ്ട കാര്യമില്ല. നമ്മുടെ വനംവക ഭൂമികളിൽ സർവ്വെ നടത്തി അവിടെയുള്ള നാൺ കൺവെർട്ടബിൾ ലാൻഡിനെ കൺവർട്ടബിൾ ലാൻഡാക്കി എടുക്കാൻ കഴിയുന്നതാണു്. അങ്ങനെ ഉള്ള കാര്യത്തിനു് കഴിഞ്ഞ ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നതാണു്. അതിലേയ്ക്കു് ഒരു സ്പെഷ്യൽ സർവ്വെ ആഫീസറേയും ആവശ്യമുള്ള മറ്റു് ഉദ്യോഗസ്ഥന്മാരെയും നിയമിക്കുന്നതിനുള്ള തുക കൊള്ളിക്കുകയും അതനുസരിച്ചുള്ള നടപടികളും ഇതിനു് മുമ്പിരുന്ന ഗവണ്മെൻറ് എടുക്കുകയും ചെയ്തിട്ടുള്ളതാണു്. ആ നടപടികളും ഇപ്പോൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്; ഇന്നത്തെ ഗവണ്മെൻറ് അതു സംബന്ധിച്ചു് എന്തെല്ലാം നടപടികളും നടത്തിയിട്ടുണ്ടു്; എന്നൊന്നും പറയാതെ ഒരു ലാൻഡ് കമ്മീഷണറെ നിയമിച്ചിട്ടുണ്ടു് എന്നൊരു പുതിയ കിലുക്കാംപെട്ടിയുമായി ഇപ്പോൾ ഗവണ്മെൻറ് വന്നിരിക്കുകയാണു്. ഇന്നത്തെ മുഖ്യമന്ത്രിയോടു് ആ കിലുക്കാംപെട്ടി താഴത്തു വയ്ക്കുന്നതായിരിക്കും നല്ലതെന്നാണു എനിക്കു് പറയുവാനുള്ളതു്. ഈ പുതിയ ഉദ്യമത്തിലും ഫാറസ്റ്റിൽ നടത്തുന്ന സർവ്വെയിൽനിന്നും ലഭിക്കുന്ന ഭൂമിയിൽ കവിഞ്ഞു് വലുതായി എന്തെങ്കിലും ലഭിക്കുമെന്നു തോന്നുന്നില്ല.

പിന്നീടു് ദേവികുളം പീരുമേടു താലൂക്കിലുള്ള കാളനെസേഷൻ നടപടികളെപ്പറ്റിയാണു് പറയുന്നതു്. അവിടെ കുടിയേറിപ്പാർത്തിരിക്കുന്ന ആളുകളോടു ചോദിച്ചാൽ, ഈ പദ്ധതിയുടെ മേന്മയെപ്പറ്റി നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ശ്രീമാൻ എൻ. എസ്സു്. കൃഷ്ണപിള്ള അവിടെ ആഫീസറായിരുന്ന കാലത്തു് അവിടെ കുറെ ആളുകളെ താമസിപ്പിച്ചിരുന്നു. ഇപ്പോൾ അവരെ ഇറക്കിവിടുവാനുള്ള ശ്രമമാണു് തുടങ്ങിയിരിക്കുന്നതു്. അതിനു ശേഷം പി. എസ്സു്. പി. ഗവണ്മെൻറ് മറ്റൊരു കാളനൈസേഷൻ പദ്ധതി ഏർപ്പെടുത്തി. ആ പദ്ധതിയും വളരെയൊന്നും മുമ്പോട്ടു പോയില്ല. ഇക്കൊല്ലം മുപ്പതുലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതുകൊണ്ടു് അടുത്ത കൊല്ലമെങ്കിലും അവിടെ എന്തെങ്കിലും പുരോഗതി ഉണ്ടാകുമെന്നു വിചാരിക്കുന്നു. അതുകൊണ്ടു് ലാൻഡ് കമ്മിഷനെപ്പറ്റി വളരെയൊന്നും പുകഴ്ത്താനില്ല. ഇന്നു നടന്നുകൊണ്ടിരിക്കുന്ന കാര്യത്തെ മറ്റൊരു രൂപത്തിൽ അവതരിപ്പിക്കുകയെന്നുള്ളതിൽകവിഞ്ഞു് കാര്യമായ യാതൊന്നുംതന്നെ അതിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പ്രധാനമായ മറ്റൊരു പ്രശ്നം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുകയും ഇവിടത്തെ ജനങ്ങളും ഇൻഡ്യാഗവണ്മെൻറും രാജപ്രമുഖനിൽനിന്നു കേൾക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നതും ആയ എസ്സ്. ആർ. സി. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള അഭിപ്രായമാണു്. അതിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറിനുള്ള അഭിപ്രായമെന്താണെന്നു് അറിയുവാനുള്ള ആഗ്രഹം ഇവിടത്തെ എല്ലാ ജനവിഭാഗങ്ങൾക്കും ഉണ്ടു്.

സർ, കഴിഞ്ഞ നിയമസഭയിൽ ഈ കാര്യത്തെപ്പറ്റി ചില ചർച്ചകൾ നടത്തുകയുണ്ടായി. രാജപ്രമുഖൻറെ വിദഗ്ദ്ധമായ ഉപദേശം കൂടാതെ നിയമസഭയ്ക്കുത്തന്നിന്നുള്ള സാമാജികന്മാരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ സാമാജികന്മാരുടെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളവും ഈ ഗവണ്മെൻറിനുള്ള അഭിപ്രായം എന്തായിരിക്കണമെന്നു് അറിയുന്നതിനു വേണ്ടിയുള്ള ആകാംക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. അതിനിടയിൽ ദക്ഷിണസംസ്ഥാനമെന്നും, അതല്ല കേരള പ്രവിശ്യ എന്നും മറ്റും പല അഭിപ്രായങ്ങളും ഔദ്യോഗികമായും, അനൗദ്യോഗികമായും പലപ്പോഴും ഞങ്ങൾക്കറിയാൻ സാധിച്ചിട്ടുണ്ടു്. കഴിഞ്ഞ നിയമസഭ സംസ്ഥാന പുനഃസംഘടനാറിപ്പോർട്ടിനെപ്പറ്റി അഭിപ്രായം രേഖപ്പെടുത്തിയ ശേഷം ഈ ഗവണ്മെൻറിൽ പുതിയതായി ഉണ്ടായ ഏതോവെളിച്ചത്തിൻറെ അടിസ്ഥാനത്തിൽ എന്തെങ്കിലും പുതിയ അഭിപ്രായം ഉണ്ടായിട്ടുണ്ടെങ്കിൽ അവയെന്താണെന്നു തുറന്നു പറയേണ്ട ഉത്തരവാദിത്വം തീർച്ചയായും പ്രധാനമന്ത്രിക്കുണ്ടെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. എന്നാൽ രാജപ്രമുഖൻറെ പ്രസംഗത്തിൽ സംസ്ഥാന പുനഃസംഘടനയെപ്പറ്റി കൂട്ടത്തലായി ഒന്നുംതന്നെ പറഞ്ഞുകാണുന്നില്ല. രാജപ്രമുഖൻറെ ഗവണ്മെൻറിൻറെ ചുമതല വഹിക്കുന്ന മന്ത്രിമാർ നിയമസഭയുടെ അഭിപ്രായത്തിനു വിരുദ്ധമായി സ്ഥാനത്തും അസ്ഥാനത്തും പ്രവർത്തിക്കുന്നതുകൊണ്ടു് അതിൻറെ ഭവിഷ്യത്തു് എന്താണെന്നുകൂടി അവർ ചിന്തിക്കേണ്ടതായിട്ടുണ്ടു്. നിയമസഭ രേഖപ്പെടുത്തിയിട്ടുള്ളതിൽ കൂട്ടത്തലായി അല്ലെങ്കിൽ അതിനു വ്യത്യസ്തമായ ഒരു നിലപാടാണു് തങ്ങൾ കൈക്കൊണ്ടിട്ടുള്ളതെന്നു്, ഉണ്ടെങ്കിൽ സത്യസന്ധതയോടും ചങ്കൂറ്റത്തോടുംകൂടി തുറന്നുപറയാമായിരുന്നു. സർ, ബംഗാളിലും, ബീഹാറിലും സംയോജനത്തെ സംബന്ധിച്ചിടത്തോളവും ആ മന്ത്രിമാർ തമ്മിൽ ഉണ്ടായിട്ടുള്ള ഏതു അഭിപ്രായത്തെ അവിടത്തെ നിയമസഭകളെക്കൊണ്ടു് അംഗീകരിപ്പിക്കുന്നതിനുവേണ്ടി അവർ ശ്രമം നടത്തുകയാണു് ചെയ്തതു്. എന്നാൽ നമ്മുടെ മുഖ്യമന്ത്രിയാകട്ടെ ആരുടെയോ മുഖവീക്ഷണത്തിനു വിധേയനായിരിക്കുവാൻ വേണ്ടി അദ്ദേഹം കീഴ്വഴങ്ങുകയാണു് ചെയ്തിട്ടുള്ളതു്. മാത്രമല്ല, ഭാഷാപരമായ പ്രവിശ്യകളെ സംബന്ധിച്ചുള്ള ലയനം എന്താണെന്നു് ഡാക്ടർ സിൻഹയും റായിയും കൂടിയുള്ള ചർച്ചയുടെ ഒരു വിശദീകരണമാണു് നമ്മുടെ മുഖ്യമന്ത്രി നൽകിയിട്ടുള്ളതു്. അതായതു് ഒന്നുകൂടി പറഞ്ഞാൽ നമുക്കു മനസ്സിലാക്കാൻ വളരെ വിഷമമുള്ള ചില പുരിയ തീസിസുകൾ അദ്ദേഹം നടത്തുകയുണ്ടായി. സർ, തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനേയും ജനതയേയും ബാധിച്ചു് സംസ്ഥാനത്തെ ചില വിഭവങ്ങൾ മദ്രാസിൻറെ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കുക എന്നുള്ളതാണു് തൻറെ ഉദ്ദേശമെന്നു് ശ്രീമാൻ സുബ്രഹ്മണ്യം തുറന്നു പ്രസ്താവിക്കുകയുണ്ടായി. ആ സ്ഥിതിക്കു് തിരുവിതാംകൂർ-കൊച്ചി ജനതയ്ക്കു് ദക്ഷിണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ.]

സംസ്ഥാനം രൂപമെടുക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന വിപത്തുകളെ ചൂണ്ടിക്കാണിച്ചപ്പോൾ അതേപ്പറ്റി ആക്ഷേപം പുറപ്പെടുവിച്ച എന്റെ സ്നേഹിതന്മാർ ശ്രീമാൻ സുബ്രഹ്മണ്യത്തിന്റെ പ്രസ്താവനയുടെ വെളിച്ചത്തിൽ ദക്ഷിണസംസ്ഥാനത്തെപ്പറ്റി ഒന്നു ചിന്തിച്ചുനോക്കണമെന്നു് ഞാനഭിപ്രായപ്പെട്ടു. സർ, അതുകഴിഞ്ഞു് ഇപ്പോൾ പുതിയതായി ഒരഭിപ്രായഗതി രൂപമെടുത്തിരിക്കുകയാണു്. അതായതു് തിരുവിതാംകൂർ–കൊച്ചിയും കർണ്ണാടകവുമായി ഉള്ള ലയനം. സർ, ഈ നിയമസഭയിലുള്ള നൂറിപ്പത്തൊൻപതംഗങ്ങളിൽ ആരെങ്കിലും ഒരാൾ ഇങ്ങനെയൊരു കർണ്ണാടകലയനം ആവശ്യമാണെന്നു പറഞ്ഞിട്ടില്ല. അങ്ങനെയിരിക്കെ ഒരുപക്ഷേ തിരുവിതാംകൂർ-കൊച്ചി കർണ്ണാടകവുമായി ലയിപ്പിക്കുന്നതിനുള്ള എതെങ്കിലും വാഗ്ദാനം ഗവണ്മെന്റ ഭാഗത്തുനിന്നും കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഈ നിയമസഭയെ അവഹേളിക്കുകയാണു് ചെയ്യുന്നതു്. സർ, അതിനു മുമ്പായി എനിക്കു് ഗവണ്മെന്റ ഭാഗത്തോടു പറയാനുള്ളതു് ഈ കാര്യത്തിൽ വല്ല അഭിപ്രായവും ഉണ്ടെങ്കിൽ നിയമസഭയിൽ തുറന്നുവയ്ക്കണമെന്നാണു്. എസ്സു്. ആർ. സി. റിപ്പോർട്ടിനെ സംബന്ധിച്ചു് രാജപ്രമുഖന്റെ പ്രസംഗത്തിക്കൂടുതലായൊന്നും ഞാൻ കാണുന്നില്ല. അദ്ദേഹം പറയുന്നതു് ജനങ്ങളുടെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ആലോചിച്ചു പ്രവർത്തിക്കണമെന്നു മാത്രമാണു്. എസ്സു്. ആർ. സി. റിപ്പോർട്ടിനെ സംബന്ധിച്ചു് നിയമസഭയ്ക്കകത്തുണ്ടായിട്ടുള്ള അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നും, വെളിയിലുണ്ടായിട്ടുള്ള അഭിപ്രായം എന്തെല്ലാമാണെന്നും ഒന്നു ചിന്തിച്ചുനോക്കേണ്ടതാണു്. അങ്ങനെയിരിക്കെ സംസ്ഥാനപുനഃസംഘടനയെപ്പറ്റി രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ഗവണ്മെന്റിന്റെ നയമെന്താണെന്നു പ്രസ്താവിച്ചുകാണുന്നില്ല. ഞാൻ ഇനിയും പറയുന്നതു് പ്രസ്താവനയുടെ പോരായ്മകളെപ്പറ്റിയാണു്. സർ, രണ്ടാമതായി അദ്ദേഹം പ്രസംഗത്തിൽ പറയുന്നതു് ശമ്പളപരിഷ്കാരം നടപ്പിൽ വരുത്തിയിട്ടുണ്ടു് എന്നാണു്. സമ്മതിച്ചു. എങ്കിലും ശമ്പളപരിഷ്കാരം കൂടെയൊക്കെ നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ അതോടൊപ്പം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല എന്നു് എനിക്കു ധൈര്യമായി പറയാൻ കഴിയും. കാര്യക്ഷമതയില്ലാത്ത ഗവണ്മെന്റ നടപടികളെ സ്വാഗതിക്കാൻ നിവൃത്തിയില്ല. കൂടെനാലിക്കുമുമ്പു് ഇവിടെയൊരു എൻക്വയറി കമ്മീഷണറെ നിയമിക്കുകയുണ്ടായി. അദ്ദേഹം കൂടെയൊക്കെ സമർത്ഥമായ രീതിയിൽ ജോലിയും ചെയ്തുതുടങ്ങി. അങ്ങനെയിരിക്കെ അദ്ദേഹത്തെ ഈ അടുത്ത കാലത്തു് ഐ. എ. എസ്സു്. കേഡറിലേയ്ക്കു് ഉയർത്തുകയും അതിനുശേഷം അദ്ദേഹത്തിന്റെ ജോലി എന്താണെന്നോ, എപ്രകാരം പുരോഗമിക്കുന്നുവെന്നോ യാതൊരു അറിവും ലഭിച്ചിട്ടില്ല. പൊതുജനങ്ങളും ഈ ഉദ്യോഗസ്ഥനിൽനിന്നും എന്തെങ്കിലും നന്മയുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. അദ്ദേഹം ജോലിയിൽ പ്രവേശിച്ചുടൻ 'പത്തനച്ചി പുരപ്പുറം തൂക്കും' എന്നു പറഞ്ഞതുപോലെ ആത്മാർത്ഥമായി കൂടെയൊക്കെ ജോലിചെയ്യുമെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണു്. അങ്ങനെയാണു് എൻക്വയറി ആഫീസറുടെ സേവനത്തിന്റെ പോക്കു്. സർ, ലാൻഡു് പാളിസിയെപ്പറ്റി അങ്ങനെങ്കിൽ ഇന്നു രൂപമെടുത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതിയബില്ലുകളിലുള്ള പോരായ്മ നീക്കി കഴിയുന്നതും വേഗം പരിഷ്കരിച്ച് നിയമമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ആവഡി സോഷ്യലിസമാണ് ഇവിടെ നടക്കുന്നതെന്നും, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയോടുകൂടിയാണ് രാജ്യം മുമ്പോട്ട പോകുന്നതെന്നും മറ്റും മുഖ്യമന്ത്രി പറയുന്ന അവസരത്തിൽ, ഈ ഭേദഗതിയബില്ലും മുമ്പോട്ടു കൊണ്ടു പോകാൻ തക്കവണ്ണം യാതൊന്നും ഗവണ്മെന്റ് ചെയ്യുന്നില്ലായെന്നും ബില്ലുകളുടെ സെലക്ട് കമ്മിറ്റി നടപടിക്രമങ്ങളെ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളതു പ്ലാനിംഗിന്റെ കാര്യത്തെ സംബന്ധിച്ചാണ്. പ്ലാനിംഗിനെ സംബന്ധിച്ചിടത്തോളം അനുദ്യോഗസ്ഥന്മാരുടെ സഹകരണവും, ഉപദേശവും ആവശ്യമാണെന്നും തന്മൂലം തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാകുമെന്നും പറയുന്നു. സർ, ആ കാര്യത്തിൽ അനുദ്യോഗസ്ഥന്മാർ ധാരാളം ആവശ്യമുണ്ട്. അതുപോലെ തന്നെ പഞ്ചായത്തുകളുടേയും, മുനിസിപ്പാലിറ്റികളുടേയും സഹകരണവും ആവശ്യമാണ്. എന്നാൽ ഇവരുടെയെല്ലാം സഹകരണത്തോടുകൂടി പ്രവർത്തിക്കുമെന്നുണ്ടെങ്കിൽ നിലവിലുള്ള പഞ്ചായത്തു നിയമങ്ങളും മുനിസിപ്പൽ നിയമങ്ങളും പ്ലാനിംഗിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കു വിഘാതമായി നിൽക്കുന്നു എന്നു മന്ത്രിതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. കൂടുതൽ ഫലപ്രദമായ വിധത്തിൽ അഭിവൃദ്ധികരമായ പ്രവർത്തനങ്ങളിൽ അനുദ്യോഗസ്ഥന്മാർ പങ്കെടുക്കണമെന്നുണ്ടെങ്കിൽ ഇന്നിരിക്കുന്ന നിയമങ്ങൾക്കു ചില വ്യതിയാനങ്ങൾ വരുത്തേണ്ടതാണ്. അവ സംബന്ധിച്ച്, അതായതു പ്ലാനിംഗിൽ സേവനം അനുഷ്ഠിക്കുന്നതിനു പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനു തക്കവണ്ണം നിയമത്തിൽ അയവു വരുത്തുമെന്നുള്ള യാതൊരു സൂചനയും പ്രസംഗത്തിൽ കാണുന്നില്ല. അതുകൊണ്ടെനിക്കു പറയാനുള്ളതു കാര്യക്ഷമമായ വിധത്തിൽ കൂടുതൽ പ്രവർത്തിക്കാൻ ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കുകയും ഉള്ള നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്യുന്നതിനു ഗവണ്മെന്റ് എത്രയും വേഗം സന്നദ്ധമാകുമെന്നാണ്. അതേയവസരത്തിൽ വ്യവസായ രംഗത്തു കൂടുതൽ തൊഴിലുണ്ടാക്കികൊടുക്കാൻ പ്ലാനിംഗിൽ എന്തു പദ്ധതിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു് എന്നു് മനസ്സിലാകുന്നില്ല. ഒരുദിവസം ഒരു നൂറാളുകൾക്കെങ്കിലും തൊഴിൽ കൊടുക്കത്തക്കവണ്ണം യാതൊരു പദ്ധതിയും ഗവണ്മെന്റ് പ്ലാനിംഗിൽ കാണുന്നില്ല. പ്ലാനിംഗിൽ പ്രൈവറ്റ് സെക്റ്ററിൽ 20 ലക്ഷം രൂപയാണ് കൊള്ളിച്ചിരിക്കുന്നതു്. പബ്ലിക്ക് സെക്റ്ററിൽ, മിനറൽ ഫാക്റ്ററിയിലും, സെറാമിക് ഫാക്റ്ററിയിലും മറ്റുമുള്ള ചില പുനരുദ്ധാരണ പ്രവൃത്തികൾക്കു വേണ്ടി കുറെ തുക കൊള്ളിച്ചിട്ടുണ്ട്. എന്നല്ലാതെ തൊഴിലില്ലായ്മയ്ക്കു ഏതാണ്ടൊരു പരിഹാരം ഉണ്ടാകുന്നതിനുവേണ്ടിയെങ്കിലും കൂടുതൽ തൊഴിലാളികൾക്കു തൊഴിൽ കൊടുക്കുന്നതിനോ, നമ്മുടെ വിഭവങ്ങൾ ശരിയായ വിധം ഉപയോഗിച്ചു് വ്യവസായപ്രോത്സാഹനം നടത്തുന്നതിനോ ഉള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളതായി ഗവണ്മെന്റിന്റെ പഞ്ചവത്സരപദ്ധതിയിൽ കൂടിയോ, രാജപ്രമുഖന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ കൂടിയോ എനിക്കു കാണാൻ കഴിഞ്ഞില്ല. സർ, ഈ രാജ്യത്തു കൂടുതലായി ഒരു റബ്ബർ ഫാക്റ്ററി സ്ഥാപിക്കുന്നതായി കേട്ടു. അതുകൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ഡി. ഡി. ടി. ഫാക്ടറി സ്ഥാപിക്കാൻ പോകുന്നു എന്നു കേട്ടു. ഇതു പോലെ വേറെയും ഫാക്ടറികൾ സ്ഥാപിക്കുന്നതാണെന്നു കേൾവിയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അവയെപ്പറ്റി ഒരു കേൾവിയും കേൾക്കുന്നില്ല. എലക്ട്രിസിറ്റി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടി കേന്ദ്രഗവണ്മെൻറിന്റെ ധനസഹായത്തോടുകൂടി ഒരു ഫാക്ടറി തുറക്കാൻ പോകുന്നുവെന്നു കേട്ടതാണു്. എന്നാൽ ഈ മാതിരിയുള്ള ഫാക്ടറികൾ തുറക്കുന്നതിനോ, വ്യവസായ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനോ അല്ലെങ്കിൽ അവയുടെ ആവശ്യം തന്നെ ഉണ്ടെന്നോ ഉള്ള യാതൊരു സൂചനയും രാജപ്രമുഖന്റെ പ്രസംഗത്തിൽ കാണുന്നില്ല. അങ്ങനെ പലപ്പോഴും വ്യവസായ സംരംഭങ്ങളെപ്പറ്റി വളരെ ആവേശത്തോടും, വ്യഗ്രതയോടും കൂടി അവകാശപ്പെടുന്ന ഗവണ്മെൻറ് ഇപ്പോൾ മൗനം ദീക്ഷിക്കുകയാണെന്നു തോന്നുന്നു. പക്ഷേ ഒന്നു ചെയ്യുന്നുണ്ടു്. ഒരു മാനേജിംഗ് ബോർഡുണ്ടാക്കി കുറെ ആളുകളെ ഭരമേൽപ്പിച്ചിരിയ്ക്കുകയാണു്. ഡയറക്ടർ ബോർഡിൽ മിക്കവാറും ഉള്ള അംഗങ്ങൾ ഗവണ്മെൻറുദ്യോഗസ്ഥന്മാരാണു്. അങ്ങനെ കുറെ ഉദ്യോഗസ്ഥന്മാരെ കൊണ്ടു നടച്ചുവച്ചിരിക്കുകയാണു് അവിടെ. ചീഫ് സെക്രട്ടറി, ഫിനാൻഷ്യൽ സെക്രട്ടറി, മുതലായ ഉദ്യോഗസ്ഥന്മാർ ഇതിൽ പ്രമുഖരാണു്. എന്നാൽ ഈ ഡയറക്ടർ ബോർഡിൽ തൊഴിലാളികൾക്കുകൂടി പ്രാതിനിധ്യം കൊടുത്തുകൊണ്ടുള്ള അടിസ്ഥാനത്തിൽ വ്യവസായരംഗത്തെ മുമ്പോട്ടു കൊണ്ടുപോകാനുള്ള ഒരു ശ്രമം നടത്താൻ ശ്രീ. പനമ്പിള്ളിയുടെ ഗവണ്മെൻറ് ഇതുവരെ സന്നദ്ധമായിട്ടില്ല. മാത്രമല്ല വ്യവസായത്തെപ്പറ്റി അവകാശപ്പെടുന്ന ഈ ബോർഡിന്റെ കാര്യം നടത്തിപ്പിനു ആവശ്യമായ ചട്ടങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടുമില്ല. സർ, എങ്കിലും ഈ അവസരത്തിൽ നമ്മുടെ സംസ്ഥാനത്തു ഒരു സ്റ്റേറ്റ് ട്രേഡിങ്ങ് കോർപ്പറേഷന്റെ രൂപവൽക്കരണത്തെ ഞാൻ സ്വാഗതം ചെയ്യുകയാണു്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിച്ചു് ഉൽപ്പാദനത്തിനും ഉപയോഗപ്രദമായ വിധത്തിൽ ഈ സ്ഥാപനത്തെ വിപുലമാക്കേണ്ടതാണു്. സർ, ഡാളർ സമ്പാദിക്കുന്ന ചില കയറ്റുമതി സാധനങ്ങളുടെ കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമെന്നു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. യഥാർത്ഥത്തിൽ ഫലപ്രദമായി ഗവണ്മെൻറിനു ഈ കാര്യത്തിൽ പൂർണ്ണാധികാരം സിദ്ധിക്കുന്നതിനു വിഘാതമായി നിൽക്കുന്നതു്, വിശേഷിച്ചും, റബ്ബറിന്റെയും കയറിന്റെയും കാര്യത്തിൽ കേന്ദ്രനിയമങ്ങളുള്ളതുകൊണ്ടു് കേന്ദ്രഗവണ്മെൻറിന്റെ സഹകരണവും കൂടി കയറ്റുമതിയെ സംബന്ധിച്ചു് നമുക്കു് അത്യാവശ്യമായിട്ടുള്ളതാണു്.

ഈ കുത്തകക്കാരുടെ വ്യവസായം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുകയാണെങ്കിൽ ഇന്നു് അവിടെവരുന്ന ഊഹക്കച്ചവടം ഇല്ലാതാക്കുവാനും ശരിയായ അടിസ്ഥാനത്തിൽ ഇതിനെ ഉറപ്പിക്കാനും സാധിക്കും. കാർഷികോൽപന്നങ്ങളുടെ രംഗത്തു മാത്രമേ ഇതുവരെ ഗവണ്മെൻറ് ഈ കാര്യത്തിൽ ശ്രദ്ധ ചെലുത്തിയുള്ളൂ. ഇനി ഇതിനെ പൂർവ്വാധികം വ്യാപിപ്പിയ്ക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ എടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതിന്റെ വ്യവസായ സാദ്ധ്യതയെയും ആവശ്യത്തെയും പറ്റി ഗവണ്മെൻറ് കാര്യമായി ആലോചിക്ക

LIBRARY ARCHIVES Kerala Legislative Assembly

കയും സ്റ്റോർ എയിഡ് കാർപ്പൊറേഷന്റെ കീഴിൽ ഈ കയ്യുണ്ടി വ്യവസായം കൊണ്ടുവരുന്നതിനും അതിന് സുരക്ഷിതമായ നില ഉണ്ടാക്കുന്നതിനും വേണ്ടി ഗവണ്മെന്റ് ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസ രംഗത്തെപ്പറ്റിയാണ് എനിക്ക് അടുത്തതായി പറയുവാനുള്ളത്. 40 മുതൽ 80 രൂപ വരെയുള്ള സ്കെയിൽ പേ കമ്മിഷൻ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് റക്കമെൻഡ് ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിനുത്തരമായി അങ്ങനെ റക്കമെൻഡ് ചെയ്തിട്ടില്ലെന്നും സുപാർശ ചെയ്തിരുന്നുവെങ്കിൽ ഗവണ്മെന്റ് അതു സ്വീകരിക്കുമായിരുന്നുവെന്നും ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. 56 ജൂലൈ 1-ാംതു- ഏർപ്പെടുത്തിയ പേ കമ്മിഷന്റെ റിപ്പോർട്ടിൽ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം 40—100 രൂപയാക്കണമെന്ന് സുപാർശചെയ്തിട്ടുണ്ട്. അതു നടപ്പിൽവരുത്തതു് എന്തുകൊണ്ടാണെന്നോ ഇക്കൊല്ലമെങ്കിലും അതു നടപ്പിൽവരുമെന്നോ ഉള്ളതിനു് യാതൊരു സൂചനയും രാജപ്രമുഖന്റെ പ്രസംഗത്തിലില്ല. അതേപ്പറ്റി രാജപ്രമുഖന്റെ പ്രസംഗത്തിലൊന്നുമില്ലാത്തതുകൊണ്ടു് അതു് നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നില്ലെന്നാണ് മനസ്സിലാക്കേണ്ടതു്. ഇതിനു് ശരിയായ കാരണം മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുമെന്നു വിശ്വസിക്കുന്നു. ഒരുപക്ഷേ അദ്ദേഹം ഈ കാര്യങ്ങളൊക്കെ ബഡ്ജറ്റ് പൊതുവിമർശനങ്ങളുടെ മറുപടി പ്രസംഗത്തിനായി മാറ്റിവച്ചേയ്ക്കുമായിരിക്കും. രാജപ്രമുഖന്റെ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളൊക്കെ നാം എന്തിനാണ് പറയുന്നതു് എന്ന മട്ടിൽ അതു് ബഡ്ജറ്റിനു് മാറ്റിവച്ചേയ്ക്കും. എതായിരുന്നാലും ആ കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. വിദ്യാഭ്യാസത്തെ സംബന്ധിച്ചു് പറയുമ്പോൾ മറ്റൊരുകാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുവാനുണ്ടു്. ഇപ്പോൾ മുന്നു പോളിടെക്നിക്കുകൾ തുടങ്ങുന്നു എന്നു് പ്രസംഗത്തിൽ പറയുന്നുണ്ടു്. പക്ഷേ പോളിടെക്നിക്കു് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചു് പാസായി വരുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ ഗവണ്മെന്റ് എത്രമാത്രം പ്രോത്സാഹനം നൽകുന്നു എന്നു നോക്കുകയാണെങ്കിൽ അതു് നിരാശാജനകമായിട്ടാണു് കാണുന്നതു്. ഫിഷറീസ് ടെക്നോളജി പാസായിട്ടുള്ള വിദ്യാർത്ഥികൾക്കു് പരിഗണന നൽകാതെ സാധാരണ ഗ്രാഡ്വേറ്റ്സിനു് അവിടെത്ത ഉദ്യോഗങ്ങൾ നൽകുന്നുവെന്നു് പരാതികൾ ഉണ്ടു്. അതുപോലെ ഇപ്പോൾ ഏർപ്പെടുത്തുവാൻ പോകുന്ന പോളിടെക്നിക്കു് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ചു ഡിപ്ലോമാ സമ്പാദിക്കുന്ന വിദ്യാർത്ഥികൾക്കു് പരിഗണന നൽകിയില്ലെങ്കിൽ ഇങ്ങനെയുള്ള സാങ്കേതിക വിദ്യാലയങ്ങൾ ഏർപ്പെടുത്തുന്നതുകൊണ്ടു് യാതൊരു വിശേഷവുമില്ല.

രാജപ്രമുഖന്റെ പ്രസംഗത്തിൽ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളതു് പഞ്ചവത്സരപദ്ധതിക്കാണല്ലോ. പഞ്ചവത്സരപദ്ധതിയാണെങ്കിൽ അത്യധികം പ്രാധാന്യം നൽകിയിട്ടുള്ളതു് സഹകരണ സംഘങ്ങൾക്കാണു്. സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതു് പല ഡിപ്പാർട്ടുമെന്റുകളിലായി അതിന്റെ പ്രവർത്തനം വികേന്ദ്രീകരിച്ചിട്ടുണ്ടു്. ഇതെല്ലാം സംയോജിപ്പിക്കുന്നതിനുവേണ്ടി അതു് ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

അടിസ്ഥാനത്തിൽ തുടർന്നുകൊണ്ടുപോകേണ്ടതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് യാതൊന്നും ശ്രദ്ധിച്ചിട്ടില്ല. ഫാൻഡ്‌ലും സൊസൈറ്റികൾ, ഫൗസിംഗ് സൊസൈറ്റികൾ മുതലായ ഒന്നുരണ്ട് സൊസൈറ്റികളെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടെന്നല്ലാതെ മറ്റു യാതൊന്നും തന്നെ ചെയ്തിട്ടില്ല. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ സഹകരണ പ്രസ്ഥാനത്തിനാണല്ലോ പ്രാധാന്യം നൽകിയിട്ടുള്ളത്. അതിനെ സംബന്ധിച്ചിടത്തോളം അതു ശരിയായ ഒരു അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും മറ്റും യാതൊരുവിധത്തിലും ഉള്ള ശ്രദ്ധയും ചെലുത്തിയിട്ടില്ല. ഇവിടത്തെ കോവാപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സഹകരണ കാര്യത്തെസംബന്ധിച്ചുപറയുകയാണെങ്കിൽ അതിനു് ഇതുവരെ അംഗീകാരംപോലും നൽകിയിട്ടില്ലെന്നാണ് അറിയുന്നത്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോവാപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിൽ ഉള്ള നിയമനങ്ങൾക്കുപോലും മുൻഗണന നൽകുന്നതായി കാണുന്നില്ല. ഇപ്പോൾ 50 ശതമാനം നീക്കിവച്ചിട്ടുള്ളതായി കാണുന്നുണ്ട്. ഒന്നുകിൽ ഈ കാര്യത്തെ ഗവണ്മെൻറ് മാനേജുമെൻറിൽ എടുക്കണം. അല്ലെങ്കിൽ അതു കൂടുതൽ കാര്യക്ഷമമായവിധത്തിൽ നടത്തുവാൻ മറ്റു വിധത്തിൽ ഏർപ്പാടു ചെയ്യണം. സഹകരണ പ്രസ്ഥാനത്തിനു് ഇത്രത്തോളം പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും അതു് വിജയപൂർവം നടത്തുന്നതിനു് ആവശ്യമുള്ള യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ഇന്നു് ഇവിടെ നടക്കുന്ന സഹകരണ കാര്യത്തിലെ വിദ്യാർത്ഥികൾക്കു് അംഗീകാരം നൽകുന്നതിനും സഹകരണ രംഗത്തു് കൂടുതൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനും ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നും ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

തൊഴിൽ രംഗത്തെപ്പറ്റി പറയുകയാണെങ്കിൽ തൊഴിലാളികളെ സംബന്ധിച്ചു് മുൻപു പറഞ്ഞിട്ടുള്ളതു് ഇപ്പോഴും ആവർത്തിച്ചിട്ടുണ്ടെന്നുള്ളതിൽകവിഞ്ഞു് മറ്റൊന്നും ഇല്ല. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ മിനിമം വേജസു് എന്നുള്ളതിനെ കവിഞ്ഞു് ഒരു ഫെയർവേജസു് നിശ്ചയിക്കുന്നതിനുള്ള യാതൊന്നും കണ്ടില്ല. കർഷകത്തൊഴിലാളികളുടെ കൂലി ഇതുവരെ നിശ്ചയിച്ചിട്ടില്ല. വ്യവസായരംഗത്തിൽ ഒരു മിനിമം വേജസു് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പലയിടത്തും അതു നടപ്പിലാക്കിയിട്ടില്ല മിനിമം വേജസിനെ സംബന്ധിച്ചിടത്തോളം ഒരു ഡിപ്പാർട്ടുമെൻറൽ ആർഡർ എന്നുള്ളതിൽ കവിഞ്ഞു് യാതൊന്നും ചെയ്തിട്ടില്ലെന്നാണു് പറയേണ്ടിയിരിക്കുന്നതു്.

മിനിമംവേജസ് ആക്ടനുസരിച്ചു കിട്ടേണ്ട കൂലിയെങ്കിലും കിട്ടിയില്ലെങ്കിൽ അതിനുവേണ്ടി പത്തിരുപത്തഞ്ചു രൂപ ചെലവാക്കി ഒരു പെറ്റിഷനുമായി ഒരു വക്കീലിൻറെ പുറകെ നടന്നു് കോർട്ടിൽ അവധിയും കേസുമായി കഴിയേണ്ട ഒരു നിലയാണു് തൊഴിലാളിക്കു് ഇങ്ങനെയുള്ള ഒരു വൈഷമ്യം ഡിപ്പാർട്ടുമെൻറൽ ആർഡർ മൂലം ഉണ്ടായിട്ടുള്ളതു്. അതിനാൽ കൂലിയുടെ കാര്യത്തിൽ കർശനമായി നിയമപരമായ നടപടിക്രമം സ്വീകരിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്. ഇന്നു രാവിലെ ഇവിടെ മ്യൂസിയം തൊഴിലാളികളുടെ സമരത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി പറഞ്ഞ മറുപടി സോഷ്യലിസ്റ്റിന്റെ ആർഡറിനുവേണ്ടി നില കൊള്ളുന്നുവെന്നു പറയുന്ന ഒരു ഗവണ്മെന്റിനു അഭിമാനകരമാണോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ലെയിസേഫെയർ (laissez faire) പാളിസിയാണു് ഗവണ്മെന്റു പ്രദർശിപ്പിച്ചുവരുന്നതു്. പത്തൊമ്പതാം നൂറ്റാണ്ടിലെ മുതലാളിത്വമനോഭാവം ഇതിൽ പ്രകടമായിട്ടു കാണാം. അദ്ദേഹത്തിന്റെ ഫയലിൽനിന്നു് അദ്ദേഹം വായിച്ചതു് ഇതു് പുനഃപരിശോധനക്കു് അർഹമാണെന്നാണു്. എന്നാൽ ഈ മൃസിയം ജീവനക്കാർ സത്യഗ്രഹം തുടങ്ങിയതുകൊണ്ടു് അദ്ദേഹം ആ നടപടി നിറുത്തിവച്ചുവെന്നാണു് പറയുന്നതു്. അവർ സത്യഗ്രഹം നടത്തുവാൻ പോകുന്നതായി വാർത്തപോസ്റ്റർ കണ്ടതുകൊണ്ടു്, ന്യായമാണെന്നു് അദ്ദേഹത്തിനു തന്നെ ബോദ്ധ്യമായിരുന്ന ഒരു പ്രവൃത്തിയിൽനിന്നും അദ്ദേഹം പിൻതിരിഞ്ഞുവെന്നു പറയുന്നതു് ഒരു ഗവണ്മെന്റിന്റെ അന്തസിനു് എത്രമാത്രം യോജിച്ചതാണെന്നാണു് ഞാൻ ചോദിക്കുന്നതു്. വാർത്തപോസ്റ്റർ കണ്ടതുകൊണ്ടുമാത്രം വിരണ്ടു് പുറകോട്ടുപോകുന്ന ഒരു താണ നിലയിലേക്കു് ഗവണ്മെന്റു പോവുക എന്നുള്ളതു് അഭിമാനകരമാണോ എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെയാണെങ്കിൽ ഞാൻ മുൻപു പറഞ്ഞതുപോലെയുള്ള ലെയിസേഫെയർ പാളിസിയായിരിക്കും അദ്ദേഹം തുടരുന്നതു്. ഗവണ്മെന്റു ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരോടു് ഉള്ള പെരുമാറ്റത്തെ അനുകരിച്ചുകൊണ്ടു് പ്രൈവറ്റു വ്യവസായശാലകളിലും മുതലാളിമാർ ഈ മാതിരി നടപ്പുണ്ടാകും പറഞ്ഞു് തൊഴിലാളികളുടെ നേരെ ഖഡ്ഗം ഉയർത്തിയേക്കാവുന്നതാണു്. വാർത്തപോസ്റ്ററുകൾ ഒട്ടിച്ചാലും സത്യഗ്രഹം അനുഷ്ഠിച്ചാലും ഗവണ്മെന്റു് ചെയ്യേണ്ടതു ചെയ്യണം. അല്ലാതെ ഇതു കണ്ടതുകൊണ്ടു് പുറകോട്ടുപോയി എന്നു പറയുന്നതു് ശരിയായ നടപടിയല്ല. തൊഴിലാളിപ്രവർത്തകന്മാർ സത്യഗ്രഹം നടത്തിയെന്നും മറ്റുമെല്ലാം പറഞ്ഞു് മാനേജ്മെന്റുകളും ഈ മാതിരി പ്രതികാരനടപടി എടുത്തേക്കാവുന്നതാണു്. അതിനാൽ ഗവണ്മെന്റു് ഒരു ഗവണ്മെന്റിനുള്ള നിലയ്ക്കു് ചെയ്യാനുള്ള കാര്യം ചെയ്യുകതന്നെ വേണം. ഒരു കളക്ടീവു് ബാർഗൈനിംഗു് പാളിസി ഇതിൽനിന്നു് പ്രകടമായിക്കാണാം. ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാരുടെ സംഘടനാസ്വാതന്ത്ര്യത്തെപ്പറ്റി അദ്ദേഹം പറയുകയുണ്ടായി. രാഷ്ട്രീയകക്ഷികളിൽപ്പെട്ട പല ആളുകളും ഈ മാതിരി സംഘടനകളിൽ ഉൾപ്പെട്ടിട്ടുണ്ടു്. ശ്രീമന്മാർ ജി. ചന്ദ്രശേഖരപിള്ള, പി. ടി. ചാക്കോ മുതലായവർ ഇന്നു് ഗവണ്മെന്റു് സർവീസിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സംഘടനകളിലുണ്ടു്. ഇതു് നിയമപ്രാധാന്യമുള്ള ഒരു കാര്യമാണു്. മൗലികാവകാശത്തെ സംബന്ധിച്ചിടത്തോളം ഇതിനു് വലിയ പ്രാധാന്യമുണ്ടു്. സർവീസിനകത്തുള്ള ആളുകൾക്കു് സംഘടിക്കുന്നതിനു് ട്രെയിഡ്യൂണിയൻ അവകാശം നൽകുന്നുണ്ടു്. അങ്ങനെയുള്ള സംഘടനകളിൽ നാലിലൊന്നു് സർവീസിനു പുറത്തുള്ള ആളുകൾക്കു് സ്ഥാനം കൊടുക്കാവുന്നതാണു്. അതിൽ കൂടുതലായി ഈ മാതിരി സംഘടനകളിൽ ആരുംതന്നെ പ്രവർത്തിക്കുന്നില്ല. സംഘടന അംഗീകരിക്കേണ്ട കാര്യത്തെപ്പറ്റി അദ്ദേഹം പറയുകയുണ്ടായി. സംഘടനാപ്രവർത്തനം നടത്തുന്ന ആളുകൾക്കു് ഈ മാതിരി കാര്യങ്ങളിൽ പ്രാഥമികമായ തത്വങ്ങൾ മനസ്സിലായിട്ടില്ലെന്നു് അദ്ദേഹം പറയുകയുണ്ടായി. ട്രെയിഡ്യൂണിയനാക്ടനുസരിച്ചു് സർക്കാർ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

സ്ഥമാക്കും സംഘടിക്കാനവകാശ മുണ്ടെന്നുള്ള കാര്യം വിസ്മരിച്ചിട്ട് ആ അജ്ഞത മറവുള്ളവരുടെമേൽ ആരോപിക്കുകയാണ് അദ്ദേഹം ചെയ്തത്. സംഘടനാപ്രവർത്തകർ ആരാണെന്നു നോക്കാതെ അതിലന്തർഭവിച്ചിരിക്കുന്ന കാര്യങ്ങൾ ന്യായയുക്തമാണോ എന്നു നോക്കി കാര്യങ്ങൾ പരിചിന്തിക്കുകയാണ് വേണ്ടത്. ഇങ്ങനെ പോവുകയാണെങ്കിൽ ഈ രാജ്യത്ത് തൊഴിലാളിപ്രസ്ഥാനം എത്രമാത്രം വളരുമെന്ന് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ടാറാ മാനേജ്മെൻറ് ഇതുപോലെ പറയുകയാണെങ്കിൽ അദ്ദേഹം ഒരു തൊഴിലാളി പ്രവർത്തകനായിരുന്നകാലത്ത് എന്തു ചെയ്യുമായിരുന്നുവെന്നാണ് ഞാൻ ചോദിക്കുന്നത്. ഈ രാജ്യത്ത് തൊഴിലാളിപ്രസ്ഥാനം ആരോഗ്യകരമായി വളർത്തിക്കൊണ്ടുവരുവാനും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ രാജ്യം കെട്ടിപ്പടുക്കാനും ആവശ്യമുള്ളതു ഈ മുതലാളിത്തനയം ഉപേക്ഷിക്കുകയാണ്. അതുകൊണ്ട് അദ്ദേഹം ലെയിസേഫെയർ പാളിസി ഉപേക്ഷിക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

Mr. SPEAKER : Order, order. The time is up. I am sorry I cannot give time to all the Members who wish to speak on the Motion. Mr. Mundasseri can have only 15 minutes. The rest of the time is required for the reply.

ശ്രീ. എ. ചിദംബരനാഥനാടാർ : ഈ അസംബ്ലിയിൽ കഴിഞ്ഞ ഒന്നരവർഷത്തെ സെഷനിൽ ഞാൻ സംസാരിച്ചിട്ടില്ല. എനിക്കിപ്പോൾ സംസാരിക്കാൻ സമയം തരാതിരുന്നാൽ അതു ന്യായമാണോ ?

12 Noon MR. SPEAKER : Order, order. When I say that there is no time, you have to accept it.

ശ്രീ. എ. ചിദംബരനാഥനാടാർ : അഞ്ചു മിനിട്ടു നേരത്തെ സമയം തന്നാൽ മതി.

മി. സ്പീക്കർ : ബഡ്ജറ്റ് ഡിസ്ക്ഷൻ സമയത്തു സംസാരിക്കാം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, രാജപ്രമുഖൻറെ ഈ തവണത്തെ പ്രസംഗത്തെക്കുറിച്ചു അനുമോദനീയമായി പറയാനുള്ളതു ഇതു് പതിനാലുപേജുകൊണ്ടവസാനിച്ചു എന്നുള്ളതാണ്. അധികം പേജുകളുണ്ടായിരുന്നുവെങ്കിൽ അതുമുഴുവൻ വായിച്ചു കേൾക്കേണ്ടിവരുമായിരുന്നു. അതില്ലാതിരുന്നതു നന്നായി എന്നു് പ്രത്യേകിച്ചു പറയുവാനുണ്ട്. എനിക്കു മുമ്പു പ്രസംഗിച്ച പല സ്നേഹിതന്മാരും ഈ പ്രസംഗത്തിൽ ഒന്നുമില്ല എന്നു പറഞ്ഞതുപോലെ ഈ കഴിഞ്ഞ ഒരു കൊല്ലമായി വീഴുമോ വീഴുകില്ലയോ എന്നുപേടിച്ചു ഭരണം നടത്തിയ ഒരു മന്ത്രിസഭയുടെ ഫോട്ടോഗ്രാഫിയാണിതു്. അങ്ങനെയാണു ഈ പ്രസംഗംകൊണ്ടു ഈ ശവണ്മെൻറിൻറെ നയം മനസ്സിലാക്കിയതു്. മാത്രമല്ല മുൻപു് ഈ മാതിരിയുള്ള പ്രസംഗങ്ങളിൽ കാണാവുന്നതായൊരുന്മേഷവും ഈ പ്രസംഗത്തിലില്ല. പിന്നെ ഇതിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണെങ്കിൽ ഇതിൽ പുതിയ നയപ്രഖ്യാപനങ്ങളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറ ചെയ്തിട്ടുള്ള കാര്യങ്ങൾ കുറെ ഒക്കെ അതിൽ പറഞ്ഞിട്ടുണ്ട്. ചിലതൊക്കെ യാതൊരു സങ്കോചവുമില്ലാതെ അങ്ങു പറഞ്ഞിരിക്കുകയാണ്.

മറെറല്ലാവരും പറഞ്ഞതുപോലെ ഏറവും പ്രധാനമായ ഒരു പ്രശ്നം സംസ്ഥാന പുനസ്സംഘടനാ പ്രശ്നമാണ്.

ഈ പ്രശ്നത്തെസംബന്ധിച്ചു കഴിഞ്ഞ നിയമസഭയിൽ വളരെ ദീർഘമായ ചർച്ചകൾ നടന്നു. കേരളസംസ്ഥാനം രൂപീകരിക്കേണ്ടതാണെന്ന ഒരു പ്രമേയം പാസാക്കുകയും ചെയ്തു. അതിനുശേഷം പലരുടെയും സംശയങ്ങൾ ഉന്നീപിപ്പിക്കത്തക്കമാതിരിയുള്ള പല പ്രസംഗങ്ങളും മുഖ്യമന്ത്രിയും കാൺഗ്രസ് ജനറൽസെക്രട്ടറിയും നടത്തിയതായി പത്രങ്ങളിൽ കാണുകയുണ്ടായി. അതിൻെറ ഫലമായി എന്തെങ്കിലുമൊക്കെ വരാൻ പോകുന്നതായി ഒരു സംശയം നമുക്കെല്ലാവർക്കും ഉണ്ടു്. ഈ വിഷയത്തെസംബന്ധിച്ചു മൈസൂർ നിയമസഭയിൽ രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗം പരിശോധിച്ചപ്പോൾ അദ്ദേഹത്തിൻെറ അഭിപ്രായം അതു സംബന്ധിച്ചു പറഞ്ഞിട്ടുള്ളതു്, ദ്വിഭാഷാസംസ്ഥാനമോ, ദക്ഷിണസംസ്ഥാനമോ രൂപീകരിക്കുമ്പോൾ അതു വളരെ സൂക്ഷിച്ചുചെയ്യേണ്ട ഒരു കാര്യമാണെന്നാണു്. അതുകൊണ്ടു് നമുക്കു വളരെവളരെ പ്രയാസങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ ആ വിഷയത്തെ സംബന്ധിച്ചു അത്ര ചിന്തിച്ചിട്ടല്ല ഈ പ്രസംഗം തയാറാക്കിയതു് എന്നുള്ള അഭിപ്രായമാണു ഈ പ്രസംഗം വായിച്ചപ്പോൾ എനിക്കു തോന്നിയതു്. ഇങ്ങനെ ഒരു പ്രസംഗം കഴിഞ്ഞ നിയമസഭയിൽ പാസാക്കിയ പ്രമേയത്തിനു വിരുദ്ധമായ ഒരു സൂചനയല്ലേ എന്നു ഞാൻ സംശയിക്കുന്നു. അഖിലേൻഡ്യാ താൽപ്പര്യത്തെ പരിഗണിച്ചു ഈ പുനസ്സംഘടനാപദ്ധതിയെക്കുറിച്ചു ചിന്തിക്കേണ്ടതാണെന്നു പിന്നീടു ഒരു പ്രസ്താവന കാണുന്നു. ആ പ്രസംഗം പല സംശയങ്ങൾക്കും ഇടനൽകുന്നതാണു്. കഴിഞ്ഞ നിയമസഭയ്ക്കുശേഷം എന്തെല്ലാം നടന്നിട്ടുണ്ടു് അതിനു വല്ലപ്രാബല്യവും ഉണ്ടാകാൻ ഇടയുണ്ടോ ഇതൊക്കെ ഈ പ്രസംഗത്തിൽ സൂചിപ്പിച്ചാൽ നന്നായിരിക്കും. അതു ചെയ്തില്ല. ഇനി സന്ദർഭംവരുമ്പോൾ എന്തെങ്കിലും കൊണ്ടുവന്നേക്കാം. പലപ്പോഴും ജനങ്ങളുടെ താൽപ്പര്യത്തിനു വിരുദ്ധമായി വഞ്ചനാത്മകമായ ഒരു മൗനം ദീക്ഷിക്കുക എന്നുള്ളതാണു ചില നേതാക്കന്മാരുടെ നയം. അങ്ങനെയുള്ള ഒരു നയംപോലെയാണു ഈ രണ്ടുമൂന്നു വാചകങ്ങൾ. കൂടുതലായി അതിലേക്കു ഞാൻ കടക്കുന്നില്ല.

ഈ പ്രസംഗത്തിൽ ഒന്നാമതായി പറയുന്നതു പബ്ലിക്കുസർവ്വീസിനെപ്പറ്റിയാണു്. ഞാൻ അതെപ്പറ്റി പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണു്. പ്രജാസോഷ്യലിസ്റ്റുപാർട്ടി ഭരിച്ചിരുന്നകാലത്തും കാൺഗ്രസ് ഭരിച്ചിരുന്നകാലത്തും ടെഷറിബഞ്ചുകളിലിരിക്കുന്ന ഒന്നാംകിടനേതാക്കന്മാർ പറയാറുണ്ടു് ഈ വക കാര്യങ്ങളെപ്പറ്റി വളരെ ഗൗരവമായി ആലോചിക്കുന്നുണ്ടു് എന്നു്. അങ്ങനെയുള്ള പ്രസ്താവനകളിൽ ഞാൻ വിശ്വസിക്കാറില്ല. ഇന്നാണെങ്കിൽ കേന്ദ്രത്തിൽനിന്നും പുതിയ പുതിയ അഭിപ്രായങ്ങൾ വന്നുകൊണ്ടിരിക്കയുമാണു്. ഇതിടെ വളരെ പ്രാമാണികനായ ഒരു ഉദ്യോഗസ്ഥൻ അതായതു് കേന്ദ്രഗവണ്മെൻറിൻെറ ആഡിറർജനറൽ ശ്രീ. എ. കെ. ചന്ദാ, പറഞ്ഞിട്ടുള്ള അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

നമ്മുടെ അധികാരത്തിലിരിക്കുന്ന നേതാക്കന്മാർ വളരെ കാര്യമായി ചിന്തിച്ചുമനസ്സിലാക്കണം. വെറുതെ സിവിൽ സർവീസിനെ സംബന്ധിച്ചിടത്തോളം എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിരിക്കുന്നുവെന്നു പറഞ്ഞു ഇറങ്ങിപ്പോയതുകൊണ്ടു് കാര്യമായില്ല. മന്ത്രിസഭ വളരെ പഠിച്ചു ചിന്തിച്ചു നിർവഹിക്കേണ്ട ഒരു കാര്യമാണു് ഭരണം. അതും ഇവർ ചെയ്യുന്നില്ല.

പഞ്ചവത്സരപദ്ധതി വിജയിക്കുന്നതിനു വലിയ ശമ്പളം കൊടുത്തു ധാരാളം ഉദ്യോഗസ്ഥന്മാരെ നിയമിച്ചതുകൊണ്ടായില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു കടക്കണമെന്നുദ്ദേശിക്കുന്നില്ല. നമ്മുടെ പാരമ്പര്യം എന്താണെന്നുവച്ചാൽ മീതേമീതേയിരിക്കുന്ന ഉദ്യോഗസ്ഥന്മാർ അധികാരം കൈകാര്യം ചെയ്യുന്നു. താഴെയിരിക്കുന്ന ഉദ്യോഗസ്ഥന്മാർ പറയുന്ന കാര്യങ്ങൾ ചെയ്യും. അതിനുള്ള ഉത്തരവാദിത്വമേ അവർക്കുള്ളു. മീതെയുള്ള ഉദ്യോഗസ്ഥന്മാർക്കു് അധികാരം കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്വമേയുള്ളു. അവർ അതുവച്ചുകൊണ്ടിരിക്കുകയാണു്. അതായതു്, സിവിൽ അധികാരമൊക്കെ മീതെയിരിക്കുന്നവർക്കു്. അധികാരം എപ്പോഴാണു ഏതു തരത്തിലാണു വിനിയോഗിക്കേണ്ടതെന്നുള്ളതിനു അവർക്കുത്തരവാദിത്വമില്ല. No responsibility but all power ഈ ഒരു അവസ്ഥയാണു വളരെകാലമായി നമ്മുടെ സിവിൽ സർവീസിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. അതിനുമാറ്റം വരുത്താതെ ഇവിടത്തെ കാലതാമസം പരിഹരിക്കാനോ ജനസേവനം കാര്യക്ഷമമായി നടത്തുന്നതിനോ സാധ്യമാകുന്നതല്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

ബഡ്ജറ്റു പാസ്സാക്കിക്കഴിഞ്ഞാൽ പണം ചെലവഴിക്കുന്നതിനുള്ള ഇനിഷ്യേറ്റീവു് എടുക്കേണ്ടതു ഇവിടത്തെ സെക്രട്ടറിയേറ്റാണോ അതോ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനാണോ എന്നുള്ളതിനെ സംബന്ധിച്ചും ഏതെങ്കിലും നിഷ്കൃഷ്ടമായ ഒരു നിയമം ഉണ്ടാക്കുവാൻ ഇവിടെ ഭരിക്കുന്ന നേതാക്കന്മാർ ശ്രമിച്ചിട്ടുണ്ടോ? ആഡിറ്റഡിപ്പോർട്ടു വായിച്ചുനോക്കിയാൽ കാണാം തക്കസമയത്തു സെക്രട്ടറിയേറ്റിൽനിന്നും ഉത്തരവു കൊടുക്കാതെ കാലതാമസം ഉണ്ടാക്കിയിട്ടുള്ളതായി. എന്തുകൊണ്ടാണു ഈ ഉത്തരവുകൊടുക്കാത്തതു്. ഇത്ര കാലതാമസം നേരിടാൻ കാരണമെന്താണു, ആരാണു ഉത്തരവുകൊടുക്കേണ്ടതു് എന്നുള്ളതിനെപ്പറ്റി ഒരു തീരുമാനവുമില്ല. അഡ്മിനിസ്ട്രേറ്റീവു് ഉദ്യോഗസ്ഥന്മാർക്കു് ഈ കാര്യങ്ങളെസംബന്ധിച്ചു ഒരു വ്യവസ്ഥയുമില്ലെന്നാണു എനിക്കു അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞതു്. യഥാർത്ഥത്തിൽ ചിലപ്പോൾ ഈ കടലാസുകൾ സെക്രട്ടറിയേറ്റവരാന്തകളിൽക്കൂടി പറന്നുപോകും. ചിലപ്പോൾ പറന്നു കൂട്ടകളിൽപോയി വീഴും. പിന്നെയും ആ കടലാസ് സെക്രട്ടറിയേറ്റിൽവരും. ബഡ്ജറ്റിന്റെ കാലം കഴിഞ്ഞിട്ടും തീരുമാനമില്ലാതെ വരുകയാണു പതിവു്. ഈ ബ്രിട്ടീഷ് അഡ്മിനിസ്ട്രേഷൻ സൂക്ഷിച്ചു പഠിച്ചിട്ടുള്ളവർക്കു് അറിയാൻ സാധിക്കും ബഡ്ജറ്റു പാസാക്കി കഴിഞ്ഞാലുടൻതന്നെ പുതിയപദ്ധതികളെ സംബന്ധിച്ചിടത്തോളമുള്ള അഡ്മിനിസ്ട്രേറ്റീവു് ആർഡർകൊടുത്തുകൊള്ളണമെന്നു് നിർബന്ധമുണ്ടു് എന്നു്. അതു് ഒരു ടൈം ഷെഡ്യൂളിനകം വേണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് അപ്പോഴപ്പോൾ ഗവണ്മെൻറ നിർദ്ദേശിക്കുകയാണ എന്നുള്ള ഒരുനയം ബ്രിട്ടീഷ് പാർലമെൻറി സിസ്റ്റത്തിലുള്ളതാണ്. അങ്ങിനെയുള്ള യാതൊരുത്തരവാദിത്വവും ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്കില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഇല്ലാതെ ഇവർക്ക് ശമ്പളം കൂട്ടികൊടുത്തതുകൊണ്ട് എന്തു പ്രയോജനമാണ ഈ നാട്ടിലെ ജനങ്ങൾക്കുണ്ടാകുന്നത്. ശമ്പളം കൂട്ടികൊടുത്തു എന്നമാത്രം പറഞ്ഞതുകൊണ്ട് സിവിൽസർവീസിൻെറ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ എന്ന ഞാൻ ചോദിക്കുകയാണ്. കണ്ട ബാംങ്കുകളും കണ്ട ക്ലബ്ബുകളും ഉൽഘാടനം ചെയ്യുന്നതിനുവേണ്ടി ഓടിനടക്കുന്ന മന്ത്രിമാർക്ക് ഈ കാര്യങ്ങളെപ്പറ്റി ഗൗരവമായി ആലോചിച്ചു തീരുമാനംചെയ്യാൻ പ്രയാസമായിരിക്കും. ഈനാട്ടിലെ ജനങ്ങളിൽനിന്നും കൊല്ലംതോറും ഇരുപത്തും ഇരുപത്തിഅഞ്ചുംകോടിരൂപപിരിക്കുന്നുണ്ടല്ലോ എന്താണ ഈ പണം കൊണ്ടുചെയ്യുന്നത്. ഞാൻ ചോദിക്കുന്നു, നിങ്ങൾ അവതരിപ്പിക്കുവാൻ പോകുന്ന ബഡ്ജറ്റിൽ കാസ്റ്റവബിൽ വരാതെ എങ്ങനെ നിങ്ങൾ ഓരോന്നിനും വക കൊള്ളിച്ചു. ഇപ്പോൾ കാസ്റ്റവബ്ല്ലു ബഡ്ജറ്റ പാസായതിനുശേഷം രണ്ടും നാലും മാസം കഴിഞ്ഞാണ് എസ്റ്റിമേറ്റ വരുന്നത്. ഈമാതിരിയാണെങ്കിൽ ഇവിടെ ഒരു സോഷ്യലിസവും വേണ്ടാ മണ്ണാംകട്ടയുംവേണ്ട. ഇവിടെ പതിനാറണ നാട്ടുകാർ കൊടുക്കുന്നതു പതിനാറണയായി അവർക്കു കൊടുത്താൽ മതി. അല്ലാതെ ഈ പ്രസംഗംകൊണ്ടു യാതൊരു വിശേഷവുമില്ല. ഈ മന്ത്രിസഭ ഒരുകാര്യം സമ്മതിച്ചാൽ മതി. ഒരു Honest and good Government ആണ് ഇവിടെയുള്ളതെന്ന ഈ മന്ത്രിസഭയ്ക്കു പറയുവാൻകഴിയുമോഎന്ന ഞാൻചോദിക്കുകയാണ്. ഈ കാര്യം ഒന്നാലോചിക്കാമോ? അതു ചെയ്യാമെന്നു നിങ്ങൾക്ക് ഈ നിയമസഭയെ ബോദ്ധ്യപ്പെടുത്താമോ? അതു ചെയ്യാതെ ഇങ്ങനെ ഒരു ഒഴുക്കൻ പ്രസംഗം ചെയ്യുന്നതും ബഡ്ജറ്റിനെ സംബന്ധിച്ചു ധനകാര്യമന്ത്രിയുടെ ഒരു പ്രസംഗംചെയ്യുന്നതും വളരെക്കാലമായി കണ്ടതിനുശേഷം ഇതു ഈ രാജ്യത്തെ ജനങ്ങൾക്ക് വേണ്ടിയുണ്ടാക്കിയിട്ടുള്ളതല്ലാ എന്നാണ് തോന്നുന്നതു. ഇതു ജനസേവനമാണെന്നു പറയാൻ നിവൃത്തിയില്ല. ഈ പതിനാലുപേജിൽ അച്ചടിച്ച അന്തസ്സില്ലാത്ത ഇംഗ്ലീഷിൽ എഴുതിയ ഒരു പ്രസംഗം രാജ്യത്തോടുചെയ്യുന്ന ജനസേവനമാണെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഇതിനു 1000 രൂപാ ശമ്പളത്തിൽ അഞ്ചുമന്ത്രിമാർ വേണമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ പ്രസംഗത്തിനൊക്കെ കുറെ അന്തസ്സുവേണം. ബ്രിട്ടീഷു പാർലമെൻറിൽ പ്രസംഗിക്കുന്നവർക്കും അതിനെക്കുറിച്ചു സംസാരിക്കുന്നവർക്കും കുറെ ഉത്തരവാദിത്വമുണ്ട്. അവിടെയും കപ്പിൻആഫ് ഇംഗ്ലണ്ടിനെകൊണ്ടു പ്രസംഗിപ്പിക്കും. ആവശ്യമുള്ള കാര്യങ്ങൾ അവർ പറയും. അവർക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളേ പറയുകയുള്ളൂ. അവിടത്തെ ഫിനാൻസ് മിനിസ്റ്റർ ചെയ്യുന്ന ബഡ്ജറ്റ് പ്രസംഗത്തിൽ രാജ്യത്തിനു വേണ്ടുന്ന നയപരിപാടികൾ ആയിരിക്കും ഉൾക്കൊള്ളിക്കുന്നതു. അതനുസരിച്ചു പ്രവർത്തിക്കാൻ അവിടത്തെ മന്ത്രിസഭ തയാറുണ്ട്.

മറെറാരു പ്രധാന കാര്യം പ്ലാനിംഗാണ്. അതിനെപ്പറ്റി വളരെയധികം പ്രസ്താവിച്ചുകഴിഞ്ഞു. എൻെറ സ്നേഹിതൻ ശ്രീ. ദിവാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കരൻ അതിൽ ചിലതു പ്രത്യേകം എടുത്തു കാണിച്ചു. പഞ്ചവൽസര പദ്ധതിയുടെ ഡ്രാഫ്റ്റ് മുഴുവൻ ഞാൻ വായിച്ചുനോക്കി. ഇവിടത്തെ പ്രസിദ്ധീകരണവും വായിച്ചു. ഈ പ്രസംഗം വായിച്ചതിൽ ഇതിൽ ഒരു കാര്യം വളരെ മുമ്പിലുള്ളതായി ഞാൻ കണ്ടു. ഈ രാജ്യത്തു് തൊഴിലാളികളും കർഷകരും ടെയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചു പ്രവർത്തിക്കുന്നതിനെ ഈ ഗവണ്മെൻറ് ആത്മാർത്ഥമായി സഹായതം ചെയ്യുന്നുണ്ടോ ? സംശയമാണു്. സംഘടിച്ചു പ്രവർത്തിക്കാൻ ഭരണഘടനയിൽ വ്യവസ്ഥ ഉണ്ടു്. അതില്ലെന്നു ഞാൻ പറയുന്നില്ല, മാത്രമല്ല ഭരണഘടന സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നു് സോഷ്യലിസ്റ്റ് ആർഡറിലേക്കു് നീങ്ങിയിട്ടുണ്ടെന്നും എനിക്കറിയാം. പക്ഷെ, സോഷ്യലിസ്റ്റ് ആർഡറിനെപ്പറ്റി പറയുന്ന മന്ത്രിമാർ ക്ഷേമൈശ്വര്യത്തിന്റെയും മറ്റും സർട്ടിഫിക്കറ്റ് ഉദ്ധരിച്ചു കേൾക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും സർട്ടിഫിക്കറ്റാണു് ഉദ്ധരിക്കുന്നതെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു. ഒരു സോഷ്യലിസ്റ്റ് ആർഡറാണു് സ്ഥാപിക്കുന്നതെങ്കിൽ ടെയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്ന തൊഴിലാളികളുടേയും കൃഷിക്കാരുടേയും മിതമായ അവകാശങ്ങൾ വളരെ കോലാഹലങ്ങളൊന്നും ഉണ്ടാക്കാതെ അനുവദിച്ചു കൊടുക്കാനുള്ള ഒരു മനസ്ഥിതി ഗവണ്മെൻറിനു് ഉണ്ടായിരിക്കണം. അതിനു കടക വിരുദ്ധമായ ഒരു മനസ്ഥിതിയാണു് മുഖ്യമന്ത്രിക്കുള്ളതെന്നു ശ്രീ. ദിവാകരൻ സൂചിപ്പിക്കുകയുണ്ടായി. തൊഴിലാളികൾക്കു് ന്യായമായി ചെയ്തുകൊടുക്കേണ്ട കാര്യം ആ തൊഴിലാളികൾ സത്യഗ്രഹം നടത്തുമെന്നു പറഞ്ഞതുകൊണ്ടോ അങ്ങിനെ ഒരു വാർപോസ്റ്റർ ഒട്ടിച്ചതുകൊണ്ടോ ചെയ്തുകൊടുക്കാതിരിക്കുന്നതു ശരിയല്ല. അത്തരം നടപടികൾ പ്രമാധികാരം എന്റെ പാക്കറ്റിൽ എന്നു പറയുന്ന മഹാരാജാവിന്റെ കാലത്തേക്കുള്ള മടങ്ങിപ്പോക്കാണു്. നേരേമറിച്ചു് ഒരു സോഷ്യലിസ്റ്റ് സ്റ്റേറ്റിലെ മന്ത്രി നിഷ്പക്ഷമായും സംഘടിത വർഗ്ഗത്തിന്റെ ന്യായമായ അവകാശവാദങ്ങൾ പരിഗണിക്കുകയും അനുവദിച്ചുകൊടുക്കുകയും ചെയ്യണം. സമരങ്ങൾ കൊണ്ടു് പല കാര്യങ്ങളും അനുവദിച്ചു കൊടുക്കുന്നതായി നമുക്കറിയാം. മന്ത്രിമാർക്കും അറിയാം. തൊഴിലാളിവർഗ്ഗത്തിനു അനുവദിച്ചു കൊടുക്കേണ്ട അവകാശങ്ങൾ ഒരു സോഷ്യലിസ്റ്റ് ആർഡർ പ്രഖ്യാപിക്കുന്ന മന്ത്രിമാർ സമരത്തിനു് ഇടയാക്കാതെ എന്തുകൊണ്ടു് ചെയ്തുകൊടുക്കുന്നില്ല. കരയുന്ന പിള്ളയ്ക്കേ പാലുള്ളൂ എന്നുള്ളതിൽ കവിഞ്ഞു് സോഷ്യലിസ്റ്റ് ആർഡറിനു അർത്ഥമില്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. സോഷ്യലിസ്റ്റ് ആർഡറാണെങ്കിൽ സമരത്തിനു ഇടയാക്കാതെ തന്നെ ന്യായമായ കാര്യങ്ങൾ അനുവദിച്ചു കൊടുക്കുമായിരുന്നു. അങ്ങിനെ അനുവദിച്ചുകൊടുക്കാതെ സമരം മുറ്റിമത്തായി തീരുമ്പോൾ തങ്ങളുടെ അധികാരത്തെ സൂക്ഷിച്ചുകൊണ്ടു് എന്തെങ്കിലും ചെയ്തുകൊടുക്കുകയാണു് ചെയ്യുന്നതു്. ഇതു കണ്ടാൽ തോന്നും ഈ കൊടുക്കുന്നവരുടെ തറവാട്ടിൽ നിന്നു കൊടുക്കുകയാണെന്നു്. ഇതു തറവാട്ടുവകയല്ല. ഇതു് എല്ലാവരുടേയും പൊതുസ്വത്താണു്. തൊഴിലാളികൾക്കും കൃഷിക്കാർക്കും ഉദ്യോഗസ്ഥന്മാർക്കും കിട്ടേണ്ട അവകാശങ്ങൾ കാലേക്കൂട്ടി ചെയ്തു കൊടുക്കുന്നതാണു് അഭിമാനകരവും രാജ്യസ്നേഹപരവും എന്നു് ഞാൻ പറയുന്നു. കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മന്നം പറയുന്നില്ല. ഈ വക വിഷയങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്ക പറയാനുള്ളതു കേൾക്കാൻ എനിക്ക സന്തോഷമുണ്ട്.

SHRI J. A. BHATT: Sir, I raise a point of order. This time only one day has been allotted for discussion of the Rajpramukh's address. Previously two days and three days were being allotted. Several members have tabled amendments but have not been given a chance to speak. So I request that the discussion may be held for one day more.

MR. SPEAKER: May I know what the Leader of the House says on this ?

SHRI PANAMPILLI GOVINDA MENON: No, Sir, the programme has been already fixed.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിച്ച സംഗതികൾക്കെല്ലാം മറുപടി പറയാൻ സാധിക്കയില്ല. എങ്കിലും പ്രത്യേകം എടുത്തുപറഞ്ഞ കാര്യങ്ങൾ ഉടനെ തിരുത്താവുന്നതാകകൊണ്ട് അതിന് ആദ്യം മറുപടി പറയാം. ശ്രീ. ശേഷാദ്രിനാഥശർമ്മ അദ്ദേഹത്തിന്റെ ഒരു ഭേദഗതിയിൽ ഹരിജന വിദ്യാർത്ഥികൾക്ക നൽകുന്ന ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കുന്നില്ലെന്നും തിരുവിതാംകൂർ–കൊച്ചിയിലെ പ്രജകൾക്ക മാത്രമേ ലഭിക്കുന്നുള്ളുവെന്നും പറയുന്നുണ്ട്. പഴയ ഒരു ഓർഡറിൽ അങ്ങിനെ ഒരു സംഗതി ഞാൻ കാണുകയുണ്ടായി. എന്നാൽ അതു ഭേദഗതിചെയ്ത് ഒരു ഗവണ്മെന്റ പ്രൊസീഡിംഗ്സ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിങ്ങനെയാണ്.

"Government are now pleased to order that the educational concessions to Backward Communities will be granted to the children of those who have been residents of the State for five or more years. The Government Procedure read as Third Paper above is modified to that extent."

ശ്രീ. രാമചന്ദ്രൻനായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പമ്പാ പ്രോജക്ട് ഉൾപ്പെടുത്താത്തതു എന്തുകൊണ്ടാണെന്നു ചോദിക്കുകയുണ്ടായി. എനിക്ക് അദ്ദേഹത്തെ ഓർമ്മിപ്പിക്കുവാനുള്ളതു്, ചെയ്യാൻ പോകുന്ന എല്ലാ കാര്യങ്ങളും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നാണ്. എന്തെല്ലാമാണ് അടുത്ത കൊല്ലത്തെ ചെലവെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് സ്റ്റേറ്റുമെൻറുകളിലും കാണാം. ഇവിടെ സർക്കാരിൽനിന്നും പ്രസിദ്ധപ്പെടുത്തിയ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ റിവൈസ്ഡ് ഡ്രാഫ്റ്റ് സ്റ്റേറ്റുമെൻറിൽ പറയുന്നതു് പമ്പാ ഹൈഡ്രോഎലക്ട്രിക് പ്രോജക്ടിന്റെ ആദ്യത്തെ കൊല്ലം 16 ലക്ഷവും രണ്ടാമത്തെ കൊല്ലം 35 ലക്ഷവും മൂന്നാമത്തെ കൊല്ലം 80 ലക്ഷവും നാലാമത്തെ കൊല്ലം 128 ലക്ഷവും അഞ്ചാമത്തെ കൊല്ലം 144 ലക്ഷവും എന്നകണക്കിൽ 400 ലക്ഷം രൂപ ചെലവുചെയ്യാനുദ്ദേശിക്കുന്നുണ്ട്. ഷോളയാർ, പന്നിയാർ, നേരിയമംഗലം, എന്നിവ എടുത്തു പറഞ്ഞകൂട്ടത്തിൽ പമ്പാ സ്കീം എടുത്തുപറയാത്തതു് ആ കാലഘട്ടത്തിനുള്ളിൽ പൂർണ്ണമായി എലക്ട്രിസിറ്റി കിട്ടുന്നതല്ലാത്തതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇവിടെ ചെയ്തിട്ടുള്ള പ്രസംഗങ്ങളും ഒക്കെ കേട്ടാൽ തോന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കണമെന്നു എല്ലാ കായ്ങ്ങളും അടങ്ങിയിരുന്നില്ലെങ്കിൽ അതു തെറ്റാണെന്നൊക്കെ ഒരു പ്രതീതി ഇവിടെ ഉണ്ടാകുന്നു. ബഹുമാനപ്പെട്ട ചേർപ്പു മെമ്പർ 14 പേജിലുള്ള പ്രസംഗത്തെപ്പറ്റി പറഞ്ഞതിൽ ഒരു കാര്യം എനിക്കു നല്ല വണ്ണം മനസ്സിലായി. അതായതു് പ്രസംഗമാണെങ്കിൽ ഒരു അന്നസ്സൊക്കെ വേണമെന്നു പറഞ്ഞതു്. ഞാൻ ആ അഭിപ്രായം സ്വീകരിക്കുകയും ആ ഉപദേശം അദ്ദേഹത്തിനു തിരിച്ചു നൽകുകയും ചെയ്യുന്നു.

സ്റ്റേറ്റ് റീഓർഗനൈസേഷൻ ബില്ലിനെപ്പറ്റി നമ്മുടെ രാജ്യത്തിന്റെയും ഇൻഡ്യാരാജ്യത്തിന്റെയും ഉത്തമതാൽപ്പര്യങ്ങളെ പരിഗണിച്ചു് വാദപ്രതിവാദം ചെയ്യാൽ കൊള്ളാമെന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. അതിൽ ഇൻഡ്യാരാജ്യത്തിന്റെ ഉത്തമതാൽപ്പര്യങ്ങളെ പരിഗണിച്ചു് എന്നുള്ള വാക്കുള്ളതുകൊണ്ടു് എന്തോ അപകടമുണ്ടെന്നു ആരോ സൂചിപ്പിക്കുകയുണ്ടായി. ദക്ഷിണപ്രദേശത്തെപ്പറ്റി പ്രസ്താവിക്കാത്തതിനും ആക്ഷേപമുണ്ടായി. പ്രസ്താവിക്കാത്തതിനു ആക്ഷേപമുണ്ടായ സ്ഥിതിക്കു് പ്രസ്താവിച്ചെങ്കിൽ എത്ര മാത്രം ആക്ഷേപമുണ്ടാകുമായിരുന്നു എന്നോർത്തു് ഞാൻ ഭയന്നുപോകുകയാണു്. എസ്സു്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി വളരെ സമഗ്രമായ ഒരു വാദപ്രതിവാദം കഴിഞ്ഞ നിയമസഭയിൽ നാം നടത്തുകയുണ്ടായി. ആ വാദപ്രതിവാദത്തിന്റെ അവസാനത്തിൽ ഈ സഭ ഐകകണ്ഠ്യേന തീരുമാനിച്ചതു് ഒരു കേരളസംസ്ഥാനം സ്ഥാപിക്കണമെന്നാണു്. ആ കേരളസംസ്ഥാനത്തിന്റെ അതിരുകൾ ഏതെല്ലാമായിരിക്കണമെന്നുള്ള തിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ടു്. എങ്കിലും ഭൂരിപക്ഷം തീരുമാനിച്ചിട്ടുള്ളതു് തിരുവിതാംകൂർ–കൊച്ചിയിൽ ചെങ്കോട്ടയുടെ ഒരുഭാഗം ഒഴികെ തിരുവിതാംകൂർ-കൊച്ചി മുഴുവനും മലബാറും, ഗൂഡല്ലൂരും, കാസർകോടും മറ്റും ചേർന്നു ഒരു കേരളസംസ്ഥാനം ഉണ്ടാക്കണമെന്നാണു്. അങ്ങനെ ഒരു കേരളസംസ്ഥാനം ഉണ്ടാകുന്നതിനെന്നു ഈ സഭ തീരുമാനമെടുത്തശേഷം രാജപ്രമുഖൻ വീണ്ടും നിയമസഭയിൽ പ്രവേശിക്കുമ്പോൾ ഇന്നതെല്ലാം ചെയ്യാൻ പോകുന്നില്ലെന്നു ഒരു നിഷേധപ്രസ്താവന ചെയ്യേണ്ട കായ്മ്മില്ല. കേരളസംസ്ഥാനരൂപീകരണത്തെപ്പറ്റിയും സംസ്ഥാനരൂപീകരണത്തെപ്പറ്റിയും ആ പ്രസംഗത്തിൽ ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ ഈ വിഷയത്തിൽ ഗവണ്മെന്റ് എന്തു തീരുമാനമെടുത്തോ, ഗവണ്മെന്റിന്റെ തീരുമാനം എന്താണെന്നു ഈ നിയമസഭയിൽ ഏതുവിധത്തിൽ പ്രകടിപ്പിച്ചോ അതിൽനിന്നു വ്യത്യസ്തമായ ഒന്നും ഈ ഗവണ്മെന്റിനു് പറയാൻ ഇല്ലാത്തതുകൊണ്ടാണു്. എന്നതന്നെയല്ല ഈ നിയമസഭ വിളിച്ചുകൂട്ടിയിരിക്കുന്നതു് സ്റ്റേറ്റ്സ് റീ ഓർഗനൈസേഷൻ ബില്ലു് പരിഗണിക്കാൻകൂടിയാണെന്നു് പറഞ്ഞിരിക്കുമ്പോൾ ആ കായ്ംകൂടി പ്രസംഗത്തിൽ ചേർക്കുകയാണെങ്കിൽ അതു് അസ്ഥാനത്തായിരിക്കുമെന്നു് എനിക്കഭിപ്രായമുണ്ടു്. ഒരു കേരളസംസ്ഥാനം വേണമെന്നു് ഈ ഗവണ്മെന്റു് രേഖപ്പെടുത്തിയ അഭിപ്രായം മാറിയിട്ടില്ല. ആ അഭിപ്രായം പുറത്തുവന്നശേഷം റീജിയനൽ കൗൺസിൽ, റീജിയനൽ സ്റ്റേറ്റ്സു്, ദക്ഷിണപ്രദേശം,

LIBRARY ARCHIVES Kerala Legislative Assembly

ബീഹാർ-ബംഗാൾ സംയോജനം എന്നിങ്ങനെയുള്ള ആശയങ്ങൾ പറഞ്ഞു വന്നിട്ടുണ്ട്. ആ ആശയങ്ങൾ അനുസരിച്ച് ചില കാര്യങ്ങൾ പരിഗണിച്ചാൽക്കൊള്ളാമെന്ന് ഇൻഡ്യൻ പ്രധാനമന്ത്രി അനൗപചാരികമായി എന്നോടും എന്റെ സഹപ്രവർത്തകരോടും ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെട്ടതിൽ വല്ല തെറ്റുമുണ്ടോ? അങ്ങനെ ആവശ്യപ്പെട്ടതിന്റെ കാരണങ്ങൾ ഇന്നതെല്ലാമാണെന്നു പറയുന്നതിൽ വല്ല ആക്ഷേപവുമുണ്ടോ? മനസ്സിലും ബുദ്ധിയിലുമുള്ള എല്ലാ സാക്ഷകളും അടച്ചുകൊണ്ട് ഒരുവ്യക്തിയിലുള്ള അഭിപ്രായങ്ങളും പറഞ്ഞും അകത്തുപിടാതെ നില്ക്കണമെന്നു് ബഹുമാനപ്പെട്ട മെംബറന്മാർ പറയുകയില്ലല്ലോ. കേരള സംസ്ഥാനം രൂപീകരിക്കണമെന്നുള്ള തീരുമാനത്തിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ലെന്നും എന്റെ അറിവു ശരിയാണെങ്കിൽ നമുക്ക് ലഭിക്കാൻ പോകുന്ന സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ബില്ലിൽ ആ വിധത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ഉറപ്പു പറയാൻ ഞാനാഗ്രഹിക്കുന്നു.

രാജപ്രമുഖന്റെ പ്രസംഗത്തിൽ പുതുതായി ഒന്നുമില്ല, എന്തോ 14 പേജുണ്ട്, മന്ത്രി ചട്ടയാണെന്നു് ശ്രീ. താണുപിള്ള പറഞ്ഞതായി പത്രത്തിൽ കണ്ടു. ശ്രീ. മുണ്ടശ്ശേരിയുടെ അഭിപ്രായം മുഖ്യമന്ത്രിയുടെ വാഗ്മിത്തമോ, ഉശിരോ, ഉത്സാഹമോ ഒന്നും അതിൽ കാണുന്നില്ലെന്നാണ്. എനിക്ക് അതിനു പറയാനുള്ള മറുപടി ബഹുമാനപ്പെട്ട അംഗങ്ങൾ വീണ്ടും ആ പ്രസംഗം ഒന്നു വായിച്ചു നോക്കണമെന്നാണ്. അതിൽ ഒന്നുമില്ലെന്നുള്ള മുൻവിധിയോടുകൂടി പറഞ്ഞതാണ് ആ അഭിപ്രായം. ആ പ്രസംഗം വായിച്ചില്ലെന്നു പറയാൻ ഞാൻ ഒരുക്കമില്ല. എതായാലും ഈ അഭിപ്രായങ്ങൾ കേട്ടപ്പോൾ ഞാൻ ആ പ്രസംഗം എടുത്തു നോക്കി. അപ്പോൾ എന്താണു കാണുന്നതു്? രാജപ്രമുഖന്റെ കഴിഞ്ഞ പ്രസംഗത്തിനുശേഷം ഇതുവരെയായി ചെയ്തിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങളെപ്പറ്റി പറയുകയും ഇനി ചെയ്യാൻപോകുന്ന പ്രധാനപ്പെട്ട കാര്യങ്ങളെപ്പറ്റി പറയുന്നതുമാണ്. ആ കാര്യങ്ങൾ ഓരോന്നോരോന്നായി എടുത്തു അതിന്റെ സൂചന മാത്രമേ കൊടുത്തിട്ടുള്ളൂ. വിസ്തരിച്ചു പറയാൻ രാജപ്രമുഖന്റെ പ്രസംഗത്തിൽ സാധിക്കുകയില്ല. ബഹുമാനപ്പെട്ട ചേർപ്പു മെംബർ പറയും വിസ്തരിച്ചു പറയരുതെന്നു്. ഇംഗ്ലണ്ടിൽ അങ്ങനെയാണെന്നു അദ്ദേഹം പറയും. പ്രസംഗത്തിൽ രണ്ടാമത്തെ പേജിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ അവരുടെ അന്തരംഗത്തിൽനിന്നെങ്കിലും മുന്നഭിപ്രായങ്ങൾ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്നാമതായി ഡിപ്പാർട്ടുമെന്റു് ആഫ് എൻകയറീസ് ഉണ്ടാക്കിയിട്ടുണ്ടെന്നു പറയുന്നു. കൊല്ലം മെമ്പർ പറയുകയാണ് ആ ഡിപ്പാർട്ടുമെന്റു് ഉണ്ടാക്കിയപ്പോൾ ഉദ്യോഗസ്ഥലോകത്തിനു് ഒരു ചലനം ഉണ്ടായി എന്നു്. ഗവണ്മെന്റിലുള്ള കാലതൈർഘ്യം വളരെ ഏറെ മാറ്റാൻ ഈ ഡിപ്പാർട്ടുമെന്റിനു സാധിച്ചിട്ടുണ്ട്. ആ ചലനം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയില്ല. കുറെ നാളെ മാറുമ്പോൾ ചലനങ്ങൾ കുറവായിരിക്കും. ഒരു ആൻറി കറപ്ഷൻ മെഷർ വേണമെന്നു് ഈ നിയമസഭയിലുള്ള എല്ലാ അംഗങ്ങളും പറഞ്ഞിട്ടുള്ളതാണു്. രണ്ടാമത്തെ കാര്യം വെറും നിസ്സാരമാണെന്നു പറഞ്ഞു തള്ളാൻ കഴിയും. ഇടവകകൾ ഗവണ്മെൻറിലേക്കു ഏറ്റെടുത്തു എന്നുള്ളതാണ് അതു്. അതു വളരെ അഭിനന്ദനാർഹമായ ഒരു കാര്യമാണെന്നു കടപ്ര മെമ്പർ ശ്രീ. നമ്പൂതിരി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ]

അതു്, മുഖ്യമന്ത്രിയുടെ തൊപ്പിയിൽ—മുഖ്യമന്ത്രിക്കു തൊപ്പിയില്ല—തുന്നി ചേർക്കാനുള്ള ഒരു തുണ്ടിൽ ആണെന്നു അഭിപ്രായം പറയുകണ്ടായി. ഇടവക അബാളിഷൻ ഇത്ര സുഗമമായി നിവ്വഹിച്ചതു് ഒരു നിസ്സാരമായ കായ്മാണോ? അതു ഒരു പച്ചവെള്ളക്കായ്മാണോ? മൂന്നാമതായി കൂടികിടപ്പു നിയമം പാസ്സാക്കി എന്നു പറയുന്നു. അതു പാസ്സാക്കിയില്ലെങ്കിൽ എത്രമാത്രം ആക്ഷേപം ഇവിടെ ഉണ്ടാകുമായിരുന്നു? ഏതായാലും അതു് പാസാക്കി എന്നുള്ളതു് ഒരു വാസ്തവമാണു്.

നാലാമതായി ഇനി ചെയ്യാൻ പോകുന്ന കായ്മുകളെപ്പറ്റി പറയാം. ഇപ്പോൾ നിലവിലിരിക്കുന്ന സെലക്ഷൻ കമ്മിറ്റിയുടെ പരിശോധനയിലിരിക്കുന്ന ഭൂനയബില്ലുകളെപ്പറ്റി എന്തു നയമാണു് ഗവണ്മെൻറിനുള്ളതു്? ഒരു സോഷ്യലിസ്റ്റ് ഓർഡറിൽ അതു പാസാക്കാനാണു് ഗവണ്മെൻറിന്റെ ഉദ്ദേശമെന്നു പറയുന്നുണ്ടു്. അങ്ങിനെ പറഞ്ഞിട്ടില്ലായിരുന്നെങ്കിൽ അതു നെപ്പറ്റിയും ആക്ഷേപമുണ്ടാകുമായിരുന്നു.

അഞ്ചാമത്തെ പായിൻറ് ഈ രാജ്യത്തെ താലൂക്കുകളും വില്ലേജുകളും പുനർവിഭജനം ചെയ്തു് ജനങ്ങൾക്കു് തൃപ്തികരമായവിധത്തിൽ റവന്യു ഭരണം നടത്തുന്നതിനു വേണ്ട നടപടികളും നടത്തിയിട്ടുണ്ടു്.

ഇതിനുംപുറമേ തിരുവിതാംകൂർ വിഭാഗത്തു് ഒരു റീസർവ്വെ നടത്തുന്നുണ്ടെന്നും പറഞ്ഞിട്ടുണ്ടു്. അനേകം ആളുകൾക്കു് തൊഴിൽ കിട്ടുന്നതിനും, നീതി ലഭിക്കുന്നതിനും ആവശ്യമായ സർവ്വെ റിക്കാർഡുകളും ലഭിക്കുന്നതിനും ഉപകരിക്കുന്ന ഒരു വലിയ സ്റ്റെപ്പ് ആണിതു്. ഇവയെല്ലാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താതെ ചെയ്യുൻ സാധിക്കുന്ന കായ്ങ്ങളാണു്.

ഏഴാമത്തെ പായിൻറ് ഒരു സ്റ്റേറ്റ് ട്രെയിഡിംഗ് കാർപ്പറേഷൻ സ്ഥാപിക്കുന്ന കായ്മാണു്. ദോഷൈകദൃക്കുമാത്രമായ കൊല്ലം മെമ്പർ ശ്രീ. ദിവാകരൻപോലും ഈ സംഗതിയിൽ വളരെ സ്തുതിക്കുകയുണ്ടായി.

എട്ടാമതായി, ഇപ്പോൾ കടലാക്രമണം മൂലം ഭൂമി പല സ്ഥലത്തും അലിഞ്ഞുപോകുന്നുണ്ടു്. അതു് ഇല്ലാതാക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെൻറ് ആവിഷ്കരിച്ചു ഒരു പദ്ധതി സ്വീകരിച്ചിട്ടുണ്ടു്. അതിലേക്കു മൂന്നുകോടി രൂപ ചെലവു ചെയ്യാൻ അനുവാദം ലഭിച്ചിട്ടുണ്ടു്.

ഒൻപതാമത്തെ പായിൻറ്, സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിഷൻറെ ശുപാർശകളും നടപ്പിൽ വരുത്താനുള്ള എല്ലാ നടപടികളും എടുത്തു കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണു്. അതിനും പുറമേ, ഒരു അഗ്രികൾച്ചറൽ കോളേജും, വെറ്ററിനറി കോളേജും തുടങ്ങിയിട്ടുണ്ടു്. അതു കഴിഞ്ഞ ഗവണ്മെൻറ് ചെയ്ത കായ്മല്ലേ എന്നു ചോദിച്ചേക്കാം. എന്നിരുന്നാലും അതിൻറെ തുടർച്ചയായ പുരോഗതിയെപ്പറ്റി പറയുകയാണു്. കാർഷികകോളേജും, വെറ്ററിനറികോളേജും, പൂർത്തിയാക്കിയിട്ടുള്ളതു് നിസ്സാരമായ ഒരു കായ്മല്ല.

മൂന്നു പോളിടെക്നിക്കു് പുതിയതായിട്ടു അനുവദിക്കാൻ പോകുന്നുവെന്നുള്ളതാണു് പത്താമത്തെ പായിൻറ്. രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു് ആവശ്യമുള്ള പ്രവർത്തനങ്ങളുടെ പുരോഗതിക്കു ആവശ്യമായ ടെക്നിഷ്യൻസിനെ ഉണ്ടാക്കുന്നതിനുവേണ്ടിയാണു് ഇപ്പോൾ ഉള്ളതിനും പുറമെ ഈ മൂന്നു പോളിടെക്നിക്സ് കൂടി തുടങ്ങുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്നാമത്തെ പായിൻറ്, നമ്മുടെ നാട്ടിലെ ഗിരിവർഗ്ഗക്കാരുടെ ക്ഷേമം കൈവരുത്താൻവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട് എന്നുള്ളതാണ്. അവരുടെ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. അതു് ഇംപ്ലിമെൻറ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

പന്ത്രണ്ടാമത്തെ പായിൻറ്, പ്ലാൻേറഷൻ ലേബർ ഹൌസിംഗ് സ്കീം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞിട്ടുള്ളതാണ്.

പതിമൂന്നാമത്തെ പായിൻറ, അടുത്തവർഷത്തിൽ നമ്മുടെ രാജ്യത്തെ രണ്ടു ഡിസ്പെൻസറികളെ ഉയർത്തി വലിയ ആശുപത്രികളാക്കാൻ പോകുന്നു എന്നുള്ള കാര്യമാണ്.

പതിന്നാലാമത്തെ പായിൻറ്, കൺട്രോൾ ആൻഡ് കൂവർ ആഫ് ട്യൂബർ ക്ലോസിസ് ആൻഡ് ലെപ്രസി.....

ശ്രീ. ചിദംബരനാഥനാടർ :— ഈ പറഞ്ഞിരിക്കുന്നതിൽ എന്തെങ്കിലും തെക്കോട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഒരു വിവേചനം ചെയ്തിട്ടില്ല. 15, 16, 17 പായിൻറുകൾ :— പച്ചവെള്ളത്തെപ്പറ്റിയാണ്. കോട്ടയം പട്ടണത്തിലും, കൊല്ലത്തും, തൃശ്ശിവപേരൂരും വാട്ടർ സപ്ലൈ നടത്തുന്നതിനു വേണ്ട നടപടികൾ നടത്തുന്നുവെന്നു പറയുന്നുണ്ട്. ഈ പ്രസംഗം പച്ചവെള്ളം എന്നാണ് ശ്രീ. മുണ്ടശ്ശേരി പറഞ്ഞതു്. അതു ശരിയാണ്. കോട്ടയം പട്ടണത്തിനു പച്ചവെള്ളം, കൊല്ലത്തിനു പച്ചവെള്ളം, തൃശ്ശിവപേരൂർക്കു പച്ചവെള്ളം. ആ സ്ഥലങ്ങളിൽ ചെന്നു നോക്കിയാൽ മതി ലക്ഷക്കണക്കിനു പണം ചെലവുചെയ്തു പച്ചവെള്ളത്തിനു വേണ്ടി ജോലിചെയ്യുവരുന്നതു കാണാം. അവിടെ കുടിക്കുന്നതിനു ശുദ്ധജലം ലഭിക്കാതെ കഷ്ടപ്പെടുന്ന ആളുകൾ എത്രയുണ്ടെന്നു കാണാം. എന്നിട്ടും രാജപ്രമുഖൻറെ പ്രസംഗത്തിൽ വെടിക്കെട്ടു പോരാ എന്നാണ് ശ്രീ. മുണ്ടശ്ശേരിയുടെ ആക്ഷേപം.

അടുത്ത കൊല്ലത്തിൽ ഒരു ലാൻഡ് കമ്മിഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ശ്രീ. ദിവാകരൻറെ അഭിപ്രായത്തിൽ അതിൽ പുതിയതായി ഒന്നുമില്ല എന്നാണ്. കഴിഞ്ഞ വർഷത്തിൽ ഒരു പേ കമ്മീഷനെ നിയമിച്ചപ്പോൾ അതിനെ അനേകം ആളുകൾ ആക്ഷേപിക്കുകയുണ്ടായി. ഇപ്പോൾ ബഹു: മെമ്പർ ശ്രീ. നമ്പൂതിരി പറയുന്നു അതു വളരെ നന്നായി എന്ന്. ലാൻഡ് കമ്മിഷൻറെ കാര്യത്തിൽ അത്ര വലിയ ഉന്മേഷം ഒന്നുമില്ലെന്നു പറയുകയുണ്ടായി. നമ്മുടെ രാജ്യത്തു കുത്തകപ്പാട്ട വ്യവസ്ഥകളിലും മറ്റും പുറമ്പോക്കായി കിടക്കുന്ന മുഴുവൻ ഭൂമിയും സമാഹരിച്ചു് റിക്കാർഡുണ്ടാക്കി, പാവപ്പെട്ട ജനങ്ങൾക്കു്, ഭൂമിയില്ലാത്ത ജനങ്ങൾക്കു് വിതരണം ചെയ്യുന്നതിനു വേണ്ടി ഉന്നതാധികാരത്തോടുകൂടി ഒരു കമ്മിഷനെ നിയമിക്കാൻ പോകുന്നതിനെപ്പറ്റി ശ്രീ. ദിവാകരൻ പറഞ്ഞതു്, ഭൂമി സർവ്വെ ചെയ്യാനായി ഒരു റവന്യൂ സ്പെഷ്യലാഫീസറെ നിയമിക്കാൻ പോകുന്നു എന്ന ധാരണയിലാണ്. ലാൻഡ് കമ്മിഷനെ നിയമിക്കുന്നതിൻറെ ഉദ്ദേശം മനസ്സിലാക്കാതെയാണ് അങ്ങനെ പറഞ്ഞതു്. ഇപ്പറഞ്ഞവയിൽ ഭൂരിഭാഗം കാര്യങ്ങളും പഞ്ചവത്സരപദ്ധതിയിൽപ്പെടാത്തവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പഞ്ചവത്സരപദ്ധതി നടപ്പിൽ വന്നതിനുശേഷം, ഓരോ കൊല്ലത്തിലും വളരെയേറെ അത്ഭുതവും വളരെയേറെ ഉത്സാഹവും ഉളവാക്കുന്ന കാര്യങ്ങൾ ചെയ്യാൻ ഒരു ഗവണ്മെൻറിനും സാധ്യമല്ല. അടുത്ത അഞ്ചു വർഷക്കാലത്തെ നമ്മുടെ നാട്ടിൻറെ ഡെവലപ്പ്മെൻറ്സ് എങ്ങിനെ വേണമെന്നു സാമാന്യമായി നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനുംപുറമെ ഇത്രയേറെ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിച്ചിട്ടുണ്ട്. ഈ നയപ്രഖ്യാപനപ്രസംഗത്തിലെ ഓരോ വാചകവും മനഃപൂർവ്വമായി ഇങ്ങനെ പച്ചവെള്ളഭാഷയിൽ ചേർത്തിരിക്കുകയാണു്. അല്ലാതെ ശ്രീ. മുണ്ടശ്ശേരിയുടെ പ്രസംഗംപോലെ കേൾക്കുമ്പോൾ ഒരു ബഹളമുണ്ടു്. പക്ഷെ വായിച്ചുനോക്കുമ്പോൾ ഒന്നും ഉണ്ടായിരിക്കയില്ല എന്ന മട്ടിലല്ല ഈ പ്രസംഗത്തിലെ വാചകങ്ങൾ. ഈ പ്രസംഗം വായിച്ചു് മനനം ചെയ്താൽ ഇതിൽ എന്തോ ഉണ്ടു്, കൂടുതൽ ഉണ്ടു് ഇനിയും ഉണ്ടു്, എന്നു തോന്നത്തക്ക നിലയിലും ശൈലിയിലും ആണു് ഈ പ്രസംഗം എഴുതിയിട്ടുള്ളതു്. ബഹു: മെമ്പറന്മാരോടു്, ആ പ്രസംഗം ഒന്നുകൂടി എൻറെ വിശദീകരണത്തിൻറെ വെളിച്ചത്തിൽ വായിച്ചുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ പ്രസംഗം പുനരാലോകനത്തിൻറെ ആവശ്യമെന്നുള്ള നിലയിൽ അംഗീകരിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഒരു സാഹിത്യകാരനല്ല.

ഇത്രയും അധികം കാര്യങ്ങൾ ഇതിലടങ്ങിയിരുന്നിട്ടും, ബഹു: മെമ്പറന്മാർ ഒരു മുൻവിധിയോടുകൂടി, ഇതിൽ ഒന്നുമില്ല; പഴഞ്ചരക്കാണു് എന്നുള്ള വിധി മാറ്റി നോക്കിയാൽ, നമ്മുടെ നാട്ടിലെ ജനങ്ങൾക്കു വളരെ ആവശ്യമായ പല കാര്യങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു കാണുവാൻ കഴിയും. ബഹു: മെമ്പർ ശ്രീ. നമ്പൂതിരി പറഞ്ഞു, ഇതു് പഴയ വീഞ്ഞാണെന്നു്. വീഞ്ഞിൻറെ ഗുണം അളേഹത്തിനറിയാമോ എന്നു എനിക്കു് സംശയമാണു്. ഞാൻ കേട്ടിട്ടുള്ളതു് പഴയ വീഞ്ഞാണു നല്ലതെന്നാണു്.

പഞ്ചവത്സരപദ്ധതിയെപ്പറ്റി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം കൊണ്ടു് എന്തെല്ലാം വ്യത്യാസങ്ങളാണു് ഉണ്ടാകാൻ പോകുന്നതെന്നു് ഒരു വിശദീകരണം ഈ പ്രസംഗത്തിൽ ഇല്ലെന്നു ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തമ്പി ഇവിടെ പറയുകയുണ്ടായി. രാജപ്രമുഖൻറെ പ്രസംഗത്തിൽ രണ്ടാംപഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനംമൂലം ഇവിടെ ഉണ്ടാകാനിടയുള്ള അവസ്ഥാന്തരത്തെപ്പറ്റി പ്രസ്താവിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തിൻറെ പ്രത്യേകമായ തൊഴിൽ സൗകര്യങ്ങൾ, ഉല്പാദനങ്ങൾ, എന്നിവ എത്രമാത്രം അഭിവൃദ്ധിപ്പെടാനിടയുണ്ടെന്നും, അതിലേക്കു് എത്ര ഇൻവെസ്റ്റ്മെൻറ് ഉദ്ദേശിക്കുന്നുണ്ടെന്നും ഉള്ള വിവരങ്ങൾ എല്ലാം ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് നൽകിയിട്ടുണ്ടു്; ഇനിയും നൽകുന്നതുമായിരിക്കും.

ശ്രീ. കുഞ്ഞച്ചൻറെ ഭേദഗതിയിൽ, നമ്മുടെ രാജ്യത്തിനു കിട്ടേണ്ട വിഹിതം കിട്ടിയിട്ടില്ലാ എന്നു പറയുകയുണ്ടായി. അതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതു കുറച്ചു എന്നു പറയുന്നതും ശരിയല്ല. ഇൻഡ്യക്കു മുഴുവനും ഉള്ള ടാർജറ്റ് അഞ്ചു ശതമാനം കുറവു ചെയ്തിട്ടു തുകെ ഉണ്ട്, അതിന്റെ പ്രൊപ്പോർഷനായി നമുക്കും വന്നിട്ടുള്ള കുറവാണ്. ഇനിയും നാലോ അഞ്ചോ ഇനങ്ങളിലായി നമുക്കു കിട്ടാനുള്ളതുകൂടി എത്ര രൂപായാണെന്നു തീരുമാനിച്ചിട്ടില്ല. താഴെ പറയുന്ന ഇനങ്ങളിൽ കൂടുതൽ അലോട്ടുമെന്റു കിട്ടാനുണ്ട്.

Water supply and drainage, Inland navigation, Flood control, Development of minor ports and harbours, Tourism, Panchayat and Local Development work and Educated unemployment.

ഈ ഇനങ്ങളിൽ സംസ്ഥാനഗവണ്മെന്റിനു എന്തു അലോട്ടുമെന്റു് ഉണ്ടാകാൻ പോകുന്നുവെന്നു് പ്ലാനിംഗ് കമ്മീഷൻ ഇനിയും തീരുമാനിച്ചിട്ടില്ല. അതു തീരുമാനിച്ചുകഴിഞ്ഞാൽ ഇപ്പോഴത്തെ ഏഴുപരിൽ ശിഷ്ടം കോടി രൂപ സാരമായി ഉയരുന്നതാണു്. അതുപോലെതന്നെ സെൻട്രൽ ഗവണ്മെന്റിൽനിന്നും നേരിട്ടു നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾക്കു വേണ്ടി, നമ്മുടെ രാജ്യത്തിലേക്കു എന്തു വിഹിതം അതും നമുക്കു് ലഭിക്കാനുള്ളതെന്നും നിശ്ചയിച്ചിട്ടില്ല. നമ്മുടെ രാജ്യത്തിലെ സാമൂഹ്യക്രമത്തിനു ഏതെല്ലാം വിധത്തിൽ ഭേദഗതി വരുത്തുമെന്നും എന്തെല്ലാം ഭേദഗതി വരുത്തുമെന്നും ഉള്ള കാര്യം എടുത്തു പറയുവാൻ നിവൃത്തിയില്ല. ഇൻഡ്യക്കു അകമാനം ഉള്ളതാണു്. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ഔട്ട്‌ലൈൻ നിശ്ചയിച്ചിട്ടുണ്ടു്. പ്രസക്തമായ ഭാഗം ഞാൻ ഇവിടെ വായിക്കാനാഗ്രഹിക്കുന്നു.

Outline of Second Five Year Plan.

"The Second Five Year Plan has been formulated with reference to the following principal objectives :

(a) a sizeable increase in national income so as to raise the level of living in the country,

(b) rapid industrialisation with particular emphasis on the development of basic and heavy industries,

(c) a large expansion of employment opportunities, and

(d) reduction of inequalities in income and wealth and a more even distribution of economic power."

സർ, ഈ സഭയിലെ എല്ലാ അംഗങ്ങളും രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആബ്ജക്റ്റീവ്സ് എത്ര നിഷ്കർഷയോടുകൂടി, എത്ര പുരോഗമനപരമായി രൂപപ്പെടുത്തിയിരിക്കുന്നുവെന്നു് മനസ്സിലാക്കുന്നതു് നന്നായിരിക്കുമെന്നു കരുതി, സഭയിലെ എല്ലാ ഭാഗത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്കു ഉപകാരപ്രദമായിരിക്കുമെന്നുള്ള വിശ്വാസത്തിൽ ഞാൻ ഇതു് ഇവിടെ വായിക്കുന്നതാണു്. മറ്റൊരുഭാഗത്തു് ഇങ്ങനെ പറയുന്നു:

LIBRARY ARCHIVES Kerala Legislative Assembly

[Shri Panampilli Govinda Menon]

"Further, the process and pattern of development should reflect certain basic social values and purposes. Development should result in a diminution of economic and social inequalities and should be achieved through democratic means and processes." (P. 7.)

"The achievement of a socialist pattern of society has been accepted as the objective of economic policy. This means that the basic criterion for determining the lines of advance is not private profit but social gain. Major decisions regarding production, distribution, consumption and investment must be made by agencies informed by social purpose. The benefits of economic development must accrue more and more to the relatively less privileged classes of society, and there should be a progressive reduction of the concentration of incomes, wealth and economic power. For creating these conditions, the State has to take on heavy responsibilities as the principal agency speaking for and acting on behalf of the community as a whole. The public sector has to expand rapidly and the private sector has to play its part within the frame-work of the comprehensive plan accepted by the community." (P. 9.)

ഈ സ്റ്റേറ്റിന്റെ പ്രത്യേക ആവശ്യങ്ങളെ പരിഗണിച്ച്, ഈ സ്റ്റേറ്റിനുവേണ്ടി, ഈ സഭയുടേയും, ഈ രാജ്യത്തെ ജനങ്ങളുടേയും പരിപൂർണ്ണമായ പിൻതുണയോടുകൂടി പ്ലാനിംഗ് കമ്മിഷന്റെ അടുക്കൽ വാദിച്ചതിന്റെ ഫലമായി പ്രയോജനകരമായ പല പദ്ധതികളും രണ്ടാമതായി പ്ലാനിംഗ് കമ്മിഷൻ സ്വീകരിച്ചിട്ടുണ്ട്.

"There is another type of disparities which should be mentioned in this context, namely, disparities in levels in development as between different regions of the country. In a comprehensive plan of development the special needs of the less developed areas have to be kept in view, so that the entire pattern of investment is adapted to the securing of balanced regional development in the country. This question has been recently considered by the National Development Council and it has been agreed in principle that within the resources available for development every effort should be made to provide for balanced development in different parts of the country. This problem has to be approached in a variety of ways. In the first place, the National Development Council has recommended programmes for setting up decentralised industrial production."

(p. 19 & 20)

LIBRARY ARCHIVES Kerala Legislative Assembly

This is very important, Sir, and I claim that we have been responsible to a very large extent for having these ideas incorporated.

അതായതു വ്യവസായങ്ങളും മറ്റും ഒരു രാജ്യത്തിന്റെ ഒരു ഭാഗത്തു മാത്രം കേന്ദ്രീകരിക്കാതെ, ബാലൻസ്ഡ് ഡവലപ്മെന്റിനു വേണ്ടി ലൊക്കേറ്റ ചെയ്യണമെന്നാണു്. അതായതു്;

"secondly in the location of new enterprises whether public or private consideration should be given to the need for developing a balanced economy for different parts of the country. Some industries have to be located in particular areas in view of the availability of the necessary raw materials and other natural resources. There are, however, industries in regard to the location of which on economic considerations, also, there is a larger field of choice" "Thirdly" and then very....."

ശ്രീ. ഏ. താണുപിള്ള : ഈ വായിക്കുന്നതു് മെമ്പറന്മാർക്കു് അയച്ചു തന്നിട്ടുള്ള പുസ്തകമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല. കഴിയുന്നതും വേഗം അയയ്ക്കാൻ ഏർപ്പാടുചെയ്യാം. അയച്ചു താമസത്തുകൊണ്ടാണു് ഇതു് ഇവിടെ വായിക്കുന്നതു്.

Thirdly, and then, very important again,

"Steps have to be taken to promote greater mobility between different parts of the country, including organisation of schemes of migration and settlement from more to less densely populated areas. The National Development Council recommended that there should be continuous study of the problem of diminishing regional disparities and a suitable set of indicators should be evolved."

സർ, ഇങ്ങനെ പ്ലാനിംഗ് കമ്മിഷനും ഗവണ്മെന്റും പരസ്യപ്പെടുത്തിയിട്ടുള്ളതും, ഈ സ്റ്റേറ്റ് സ്വീകരിച്ചിട്ടുള്ളതും, നമുക്കു് കേൾക്കാനും, അറിയാനും മറ്റും വളരെ ഉത്സാഹത്തോടുകൂടിയതും ആയ വളരെ അധികം തത്വങ്ങൾ രണ്ടാമത്തെ പ്ലാനിംഗ് കമ്മിഷനും ഇൻഡ്യാ ഗവണ്മെന്റും സ്വീകരിച്ചിട്ടുണ്ടു്. ഈ വക കാര്യങ്ങളെല്ലാം രാജപ്രമുഖന്റെ പ്രസംഗത്തിൽ എടുത്തു പറഞ്ഞിട്ടുണ്ടു്. അതു വളരെ ചുരുക്കമുള്ള, വർണ്ണിച്ചിട്ടുള്ള ഒരു വങ്കൻ പ്രസംഗമായിരുന്നുവെന്നു് വരുത്തണമെന്നു് ഒന്നിക്കും ഗവണ്മെന്റിനും ആഗ്രഹമുണ്ടായിരുന്നില്ല. ചെയ്തിട്ടുള്ള കാര്യം എടുത്തു പറയുന്നുണ്ടു്, ചെയ്യാനിരിക്കുന്ന കാര്യങ്ങളും എടുത്തു പറയുന്നുണ്ടു്. മറ്റു പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം, ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ വരും, ബഡ്ജറ്റിൽ വരും, ഇവിടത്തെ വാളപ്രതിവാദത്തിൽ വരും. രാജപ്രമുഖന്റെ പ്രസംഗത്തിൽ, ഗവണ്മെന്റിനു അഭിമാനിക്കത്തക്കവിധം എന്തെങ്കിലും നിറപ്പകിട്ടുള്ള, ലഹരിപി-

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വാത്തകളും എഴുതിച്ചേർത്തു് അഭിമാനിക്കണമെന്നു് ഗവണ്മെൻറു് വിചാരിച്ചിരുന്നില്ല. അതാണു് ആ പ്രസംഗം പച്ചവെള്ളംപോലെ ചിലർക്കു് തോന്നിയതു്. ആ പ്രസംഗത്തിനു് ആ വിധത്തിൽതന്നെ രൂപംനൽകണമെന്നു പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു. അതുകൊണ്ടു് ആ പ്രസംഗം എങ്ങനെയെങ്കിലും വിമർശിക്കപ്പെടുന്നുവെങ്കിൽ അതിനു ഗവണ്മെൻറിനു അശേഷം ലജ്ജയില്ല, അതിൻറെ ഭാഷാശൈലിയിൽ അശേഷം ലജ്ജിക്കുന്നില്ല, നേരേമറിച്ചു അഭിമാനം കൊള്ളുകയാണു്. ബഹുമാനപ്പെട്ട ചേർപ്പു് മെമ്പറും മറ്റു ചിലരും ഒരു മൻവ്ധ്യോടുകൂടി, സാധാരണ ഒരു ഫാഷൻ എന്നപോലെ ഈ പ്രസംഗത്തിൽ ഒന്നും ഇല്ല, ഒരു പുതുമയില്ല എന്നൊക്കെ പറഞ്ഞു കേട്ടു. പ്രസംഗം പച്ചവെള്ളംപോലെ, ഉന്മേഷദായകമായിരിക്കുന്നു എന്നു പറയുന്നതു കേട്ടു. ഉന്മേഷമുണ്ടാകണമെങ്കിൽ ചില ദ്രാവകങ്ങളും ഉണ്ടു്; പക്ഷെ അതു് കഴിച്ചാൽ കുറെ കഴിയുമ്പോൾ ക്ഷീണം തോന്നും, തളർച്ചയുണ്ടാകും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണോ രാജപ്രമുഖൻറെ പ്രസംഗം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണെന്നു് ബഹുമാനപ്പെട്ട ചേർപ്പു് മെമ്പർക്കു് അഭിപ്രായമുണ്ടെങ്കിൽ, എനിക്കു അദ്ദേഹത്തിൻറെ അജ്ഞതയെപ്പറ്റി വളരെ ഖേദമുണ്ടു്.

സർ, പാർലമെൻറിൽ ഇതുപോലെ ഒരു സംഭവമുണ്ടായി. പ്രധാനമന്ത്രിയുടെ പ്രസംഗം ഒരു അണ്ടർ സെക്രട്ടറിയുടെ റിപ്പോർട്ടു് പോലിരിക്കുന്നുവെന്നു് ഒരു മെമ്പർ പറയുകയുണ്ടായി. അതിനു് പ്രധാനമന്ത്രി മറുപടി പറയുകയുണ്ടായി. ആ വിവരം പത്രത്തിൽ കണ്ടതു് ഞാൻ ഓർക്കുകയാണു്. അതുപോലെ ബഹുമാനപ്പെട്ട ചില സ്നേഹിതന്മാർ ഈ പ്രസംഗത്തെ ഒരു നിസ്സാരകാര്യമായി കരുതി ചില വിമർശനങ്ങളും നടത്തി. അതൊന്നും ഞാൻ കരുതുന്നുള്ളൂ.

ഗവണ്മെൻറു് ഏതെങ്കിലും ഒരു പാർട്ടി ആവിഷ്ക്കരിച്ചിട്ടുണ്ടോ, എന്നാണു് നോക്കേണ്ടതു്. രാജപ്രമുഖൻറെ പ്രസംഗം പച്ചവെള്ളത്തിലോ, മോരിൻറെ പ്രായത്തിലോ എന്നു നോക്കി വിലയിരുത്താൻ ശ്രമിക്കുകയല്ല വേണ്ടതു്. പച്ചവെള്ളവും മോരും ആരോഗ്യത്തിനു് ഉന്നതകരമാണു്. ലഹരി പിടിപ്പിക്കുന്ന, ക്ഷീണവും ആരോഗ്യഹാനിയും വരുത്തുന്ന കൃത്രിമമാർഗ്ഗങ്ങളൊന്നും ഇതിൽ സ്വീകരിച്ചിട്ടില്ല. രാജപ്രമുഖൻറെ പ്രസംഗത്തിലെ ഭാഷയെപ്പറ്റി, അതിൻറെ ശൈലിയെപ്പറ്റി ഞാൻ അശേഷം ലജ്ജിക്കുന്നില്ല. അതിലെ ഉള്ളടക്കത്തെപ്പറ്റിയും ലേശവും ലജ്ജിക്കുന്നില്ല. ഏറ്റവും അഭിമാനത്തോടുകൂടി ഈ പ്രമേയം ശ്രീ. മതു അവതരിപ്പിച്ചിട്ടുള്ള കൃതജ്ഞതാപ്രമേയം, പാസ്സാക്കണമെന്നു് വിനീതനായി ഞാൻ ഈ സഭയോടു് അഭ്യർത്ഥിക്കുന്നു.

MR. SPEAKER: Mr. Narayanan Potti, are you pressing your amendment ?

SHRI P. NARAYANAN POTTI : I am not pressing it.

The amendment was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER : Mr. K. C. George, are you pressing your amendment ?

SHRI K. C. GEORGE : Yes. I am pressing it. The amendment was put to vote and lost.

SHRI K. C. GEORGE : I demand a poll, Sir. A poll was taken, when the House divided as follows :—

AYES—51.

1	Shri	A. Achuthan	28	Shri	P. R. Madhavan Pillai
2	„	P. V. Avira Tharakan	29	„	T. A. Majeed
3	„	C. C. Ayyappan	30	„	P. Narayanan Potti
4	„	Baby John	31	„	P. S. Nataraja Pillai
5	„	K. A. Balan	32	„	U. Neelakantan
6	„	K. Balakrishnan	33	„	N. Neelakantaru Pandarathil
7	„	R. Balakrishna Pillai	34	„	M. P Menon
8	„	B. B. Pandarathil	35	„	V. P. Parameswaran Nambudiri
9	„	Prakkulam Bhasi	36	„	N. Raghava Kurup
10	„	P. Bhaskaran Nair	37	„	C. K. Ramachandran Nair
11	„	Thoppil Bhaskaran Pillai	38	„	T. S. Ramaswami
12	„	N. Chandrasekharan Nair	39	„	P. Ravindran
13	„	K. Chandrasekhara Sastri	40	„	C. G. Sadasivan
14	„	D. Damodaran Potti	41	„	R. Sankaranarayanan Thampi
15	„	T. K. Divakaran	42	„	K. Sattanatha Karayalar
16	„	K. C. George	43	„	K. A. Sivarama Bharathy
17	„	P. Gopalan	44	„	V. Sridharan
18	Sry.	K. R. Gouri	45	„	R. Sugathan
19	Shri	Joseph Chazhikatt	46	Dr.	P. K. Sukumaran
20	„	Joseph Mundassery	47	Shri	A. Thanu Pillai
21	„	C. Kochukunju	48	„	T. V. Thomas
22	„	K. Krishna Pillai	49	„	P. Viswambharan
23	„	K. S. Krishnan Sastri	50	„	D. Vivekanandan
24	„	P. K. Kunjachan	51	„	P. K Yasodharan
25	„	P. Kunjan			
26	„	P. K. Kunju			
27	„	Kuttappan Koickal			

LIBRARY ARCHIVES Kerala Legislative Assembly

NOES – 54.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ V. K. Achutha Menon
4 „ J. Alexander
5 „ J. A. Bhatt
6 „ D. Anantharaman
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ K. M. Chacko
14 „ K. M. Chandy
15 „ M. V. Cheriyan
16 „ A. Chidambaranatha Nadar
17 „ O. R. Chummar
18 „ T. T. Daniel
19 „ K. M. George
20 „ K. P. Gopala Menon
21 „ Panampilli Govinda Menon
22 „ K. P. Hormis
23 „ Idiculla Idiculla
24 „ A. J. John
25 „ V. J. Joseph
26 „ K. Karunakaran
27 „ P. Kesava Menon
28 „ T. T. Kesavan Sastry
29 Shri K. Kochukuttan
30 „ P. R. Krishnan
31 Dr. N. K. Kumaran
32 Shri A. Kunjan Nadar
33 Sry. T. C. Leela Devi Amma
34 Shri Manjanatha Prabhu
35 „ P. M. Markose
36 „ M. M. Mathai
37 „ C. A. Mathew
38 „ N. A. Noor Mohammed
39 „ R. Ponnappa Nadar
40 „ A. A. Rahim
41 Dr. A. R. Menon
42 Shri P. Ramaswami Pillai
43 „ P. J. Sebastian
44 „ V. V. Sebastian
45 „ S. Seshadrinatha Sarma
46 „ A. M. Simon
47 „ T. P. Sitaraman
48 „ A. Thankiah
49 „ K. T. Thomas
50 Dr. P. T. Thomas
51 Shri K. I. Velayudhan
52 „ Kalathil Velayudhan Nair
53 „ M. William
54 „ A. A. D. Duiz

Neutral—Nil.

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER: For the amendment 51, against 54, neutral nil. So, the amendment is lost.

1 P. M. The amendments moved by Shri A. A. D. Luiz,
Shri K. A. Sivarama Bharathi,
Shri T. T. Daniel,
Shri P. R. Madhavan,
Shri P. K. Kunjachan,
Shri C. K. Ramachandran Nair,
Shri J. A. Bhatt,
Shri S. Seshadrinatha Sarma, and
Shri K. Manjanatha Prabhu were, by leave, withdrawn.

The amendment moved by Shri V. P. Parameswaran Nambudiri was put and lost.

The original motion of thanks was then put to vote and adopted.

MR. SPEAKER: The House will now adjourn and meet again at 8 A. M. tomorrow.

The Assembly adjourned at 1.3 P. M. to meet again at 8 A. M. on Friday, the 2nd March 1956.

LIBRARY ARCHIVES Kerala Legislative Assembly